മലങ്കര സുറിയാനി കത്തോലിക്കാസഭ

തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 2020 ഏപ്രിൽ-മെയ്-ജൂൺ ലക്കം 4, 5, 6





തിരുവനന്തപുരം കോർപ്പറേഷന്റെ കമ്മ്യൂണിറ്റി കിച്ചനിലേക്കുള്ള സഹായം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ബഹു. മേയർ ശ്രീ. ശ്രീകുമാറിന് കൈമാറുന്നു.
(28 – 03 – 2020, തിരുസന്നിധി)



പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ രക്ഷകർത്താക്കൾക്ക് ഭക്ഷ്യസാധനങ്ങളുടെ കിറ്റ്
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും ബഹു. മേയർ ശ്രീ. ശ്രീകുമാറും ചേർന്ന് നൽകുന്നു.
(29 – 04 – 2020, കാർഡിനൽ ക്ലീമീസ് ഓഡിറ്റോറിയം, പട്ടം)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 | 2020 ഏപ്രിൽ-മെയ്-ജൂൺ | ലക്കം 4,5,6

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
CuriaMAJOR ARCHBISHOP-CATHOLICOS

Major Archiepiscopal
Catholicate Centre
Pattom, Trivandrum-695004

Prot. No. CCL 02/2020 20-03-2020

## കൊറോണ വൈറസ് (കോവിഡ്-19) ജാഗ്രത

ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, പ്രിയ വിശ്വാസികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും ആശംസിക്കുന്നു. ആ സമാധാനം ഏവരെയും ഭരിക്കട്ടെ!

ലോകമെമ്പാടും കൊറോണ വൈറസ് വ്യാപിച്ചു കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ആരോഗ്യ സംരക്ഷണത്തിനും ജീവന്റെ നിലനിൽപ്പിനുമായി ഗവൺമെന്റും ഉത്തരവാദിത്തപ്പെട്ട ആരോഗ്യ വകുപ്പ് അധികൃതരും മുൻപോട്ടു വയ്ക്കുന്ന എല്ലാ നിർദ്ദേശങ്ങളെയും കൃത്യമായി പാലിക്കുന്നതിന് ഏവരെയും ഹൃദയപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. ഇത്തരുണത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളോടുള്ള നമ്മുടെ സഭയുടെ സഹകരണം അറിയിക്കുന്നു.

## സഭയിലെ അജപാലന ക്രമീകരണങ്ങൾ

1. കൊറോണ വൈറസ് വ്യാപിക്കുന്നത് തടയുന്നതിലേക്കായി ബഹു. പ്രധാനമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് മാർച്ച് 22 ഞായർ 'ജനതാ കർഫ്യൂ' ഏവരും കൃത്യമായി പാലിക്കേണ്ടതാണ്. അന്നേദിവസം മുതൽ മാർച്ച് 31 വരെ ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും വിശ്വാസികളുമായി ചേർന്നുള്ള വി. കുർബ്ബാനയോ ശുശ്രൂഷകളോ നമ്മുടെ ദൈവാലയങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല.

   എന്നാൽ ബഹു. വൈദികർ അവർ താമസിക്കുന്ന ഇടവകയിലോ സ്ഥാപനങ്ങളിലോ വി. കുർബ്ബാന അർപ്പിച്ച് ഈ പ്രത്യേക നിയോഗത്തിൽ പ്രാർത്ഥിക്കേണ്ടതാണ്. വിശ്വാസികൾക്കും സമർപ്പിതർക്കും വി. കുർബ്ബാന LIVE ആയി അവരവരുടെ ഭവനങ്ങളിലിരുന്ന് സംബന്ധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത് അനുഗ്രഹപ്രദമാണ്.

2. മാർച്ച് 25 – വചനിപ്പു പെരുന്നാളാണല്ലോ. ബഹു. അച്ചന്മാർ അവരുടെ ഇടവകയിൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്. വിശ്വാസികൾ അവരുടെ ഭവനങ്ങളിൽ പ്രാർത്ഥനാപൂർവ്വം ആയിരിക്കുക. ആത്മീയമായി വി. കുർബാനയിൽ സംബന്ധിക്കുക.

3. ഞായറാഴ്ചകളിലെയും കടമുള്ള ദിവസങ്ങളിലെയും വി. കുർബ്ബാനയിൽ സജീവമായി സംബന്ധിക്കണമെന്നുള്ള സഭാ നിബന്ധനയിൽ (obligation) നിന്നും, കൊറോണ വൈറസ് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ, ഞാൻ നമ്മുടെ സഭയിലെ വിശ്വാസികൾക്കും സന്യാസിനികൾക്കും വിടുതൽ (dispensation) നൽകുന്നു.

4. പരി. ഫ്രാൻസിസ് മാർപ്പാപ്പ തിരുമേനി ആഗ്രഹിച്ച് പറഞ്ഞതുപോലെ രോഗികളോട് പ്രത്യേക അജപാലന അടുപ്പം ബഹു. വൈദികർ കാണിക്കണം.

5. നമ്മുടെ സഭയിൽ ഈ വർഷത്തെ മദ്ധ്യവേനൽ അവധിക്കാലത്ത് ഇടവകകളിൽ MBOC ഉണ്ടായിരിക്കുന്നതല്ല. കുട്ടികളെ കൂട്ടമായി വിളിച്ചു ചേർക്കുന്ന ഒരു സംവിധാനവും അടുത്ത ഒരറിയിപ്പ് സഭാകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതുവരെ പാടില്ലാത്തതാകുന്നു.

6. മൃതസംസ്കാര കർമ്മങ്ങൾ ഉണ്ടായാൽ, ശുശ്രൂഷയിൽ, ഏറ്റവും അടുപ്പമുള്ള ഒരു ചെറിയ സമൂഹം മാത്രം പങ്കുചേരുക. ഈ ക്രമീകരണം വിഷമകരമാണെങ്കിലും അതിന്റെ അർത്ഥം ബഹു. വൈദീകർ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുക.

7. ബഹു. വൈദികരും സന്യസ്തരും തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള ഇടവകയിൽ/സന്യാസഭവനങ്ങളിൽ ദൈവജനത്തിനുവേണ്ടി കൂടുതൽ ദിവ്യകാരുണ്യ പ്രാർത്ഥന നടത്തണം.

8. യാമനമസ്ക്കാരവും നോമ്പും, ഉപവാസവും, ജാഗരണ പ്രാർത്ഥനയുമെല്ലാം ഈ നിയോഗത്തിലേക്ക് സമർപ്പിക്കണം. തിരുമണിക്കൂർ ആരാധന, ജപമാല പ്രാർത്ഥന, കരുണകൊന്ത, കുരിശിന്റെ വഴി ഇവയൊക്കെ അതിന്റെ തീവ്രതയിൽ വ്യക്തി പരമായി നടത്തണം. 51-ാം സങ്കീർത്തനം വ്യക്തിഗത പ്രാർത്ഥനയോടൊപ്പം കുടുംബ പ്രാർത്ഥനയിൽ ചേർത്ത് ചൊല്ലണം. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന ആവർത്തിച്ചു ചൊല്ലേണ്ടതാണ്. "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" എന്ന ത്രിത്വസ്തുതി നമ്മുടെ നാവുകളിൽ നിന്ന് ഉയരട്ടെ!

9. വിശ്വാസികൾക്ക് ഒറ്റയ്ക്കോ, കുടുംബമായോ കടന്നുവന്ന് പ്രാർത്ഥിക്കുവാൻ ദൈവാലയം സമയാസമയങ്ങളിൽ തുറന്ന് നൽകണം. ദൈവാലയ പരിസരത്ത് കൂട്ടംകൂടി നിൽക്കുവാൻ പാടില്ല. അത് രോഗവ്യാപന സാദ്ധ്യത കൂട്ടുമെന്നറിയാമല്ലോ.

10. ആളുകൾ ഒന്നിച്ച് കൂടുന്ന ഒരു ചടങ്ങും 2020 മാർച്ച് 31 വരെ നടത്തരുത്.

11. നമ്മുടെ ദൈവാലയങ്ങളിൽ എല്ലാ ദിവസവും പതിവുസമയത്ത് ബഹു. വൈദികർ വി. കുർബാന അർപ്പിക്കേണ്ടതാണ്.

പൗരോഹിത്യത്തിന്റെ അഭിഷേകം ദൈവജനത്തിനു മുഴുവൻ ലഭിക്കാൻ ബഹു. വൈദികർ വ്യക്തിപരമായി വി. കുർബ്ബാന എഴുന്നള്ളിച്ച് ലോകത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹത്തോടെ ബഹു. വൈദികരെ ഓർമ്മപ്പെടുത്തട്ടെ. വിശ്വാസികൾ സ്വഭവനത്തിൽ ആയിരുന്നുകൊണ്ട് ആത്മീയ മായി അതിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കുക. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബഹു. അച്ചൻമാർ നൽകുക.

12. കോവിഡ് 19 പ്രതിരോധത്തെ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിർദ്ദേശങ്ങൾ ജാഗ്രതയോടെ പാലിക്കുക. നമ്മുടെ ഓഫീസുകളും സ്ഥാപനങ്ങളും ജാഗ്രതയോടെ ഇക്കാ ര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണം.

13. രോഗം പകരുന്നതിനുള്ള സാദ്ധ്യത കൂടുതലായതിനാൽ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും 10 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളും ഗൗരവതരമായ രോഗമുള്ളവരും ദൈ വാലയത്തിലെ ഒരു ശുശ്രൂഷയിലും പങ്കെടുക്കുവാൻ പാടില്ല.

14. ഞായറാഴ്ചകളിലെയോ മറ്റു ദിവസങ്ങളിലെയോ വി. കുർബ്ബാനയോ ശുശ്രൂഷകളോ ഭദ്രാസന തലത്തിലോ ഇടവക തലത്തിലോ live ആയി വിശ്വാസികൾക്ക് അതാത് ഭവനങ്ങളിൽ ലഭിക്കത്തക്ക ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ ഭദ്രാസനങ്ങളിൽ ചെയ്യേണ്ടതാണ്.

15. ഹാശാ ആഴ്ചയിലെ ക്രമീകരണങ്ങൾ താമസിയാതെ ഏവരെയും അറിയിക്കുന്നതാണ്.

**പ്രിയപ്പെട്ട വൈദിക സഹോദരങ്ങളെ, സഭയിലെ സമർപ്പിതരെ, ദൈവമക്കളെ,**

തന്റെ ഏകജാതനെ നമുക്ക് ഔദാര്യത്തോടെ രക്ഷകനായി, ഇമ്മാനുവേലായി, യുഗാന്ത്യത്തോളം കൂടെയിരിക്കുന്നവനായി, പരിശുദ്ധ പരമദിവ്യകാരുണ്യമായി നൽകിയ നമ്മുടെ ദൈവത്തിൽ നമുക്കുള്ള വിശ്വാസം സജീവമായി പ്രഘോഷിക്കുവാനും സാക്ഷ്യപ്പെടുത്തുവാനുമുള്ള പരീക്ഷണത്തിന്റെ ദിനങ്ങളിൽ നാം ആയിരിക്കുന്നു.

പ്രത്യാശയില്ലാത്ത മറ്റാളുകളെപ്പോലെ നാം പെരുമാറണമെന്നാണോ (1 തെസ 4/13) നമ്മെക്കുറിച്ച് സ്വർഗ്ഗം ആഗ്രഹിക്കുന്നത്? പാപത്തിൽ നിന്ന് നമ്മെ മോചിപ്പിച്ച, മരണത്തിൽ നിന്ന് നിത്യജീവനിലേക്ക് നമ്മെ നയിച്ച (എഫേ. 2/4-7) ദൈവത്തിലേക്ക് മടങ്ങി വരുന്നതിനുള്ള അനുതാപത്തിന്റെയും അഭിഷേകത്തിന്റെയും ദിനങ്ങളായി നമുക്കിതിനെ സ്വീകരിക്കാം. നെഹമിയായുടെ പുസ്തകത്തിലെ ഓർമ്മപ്പെടുത്തൽ ഈ ദിനങ്ങളിൽ അന്വർത്ഥമാണ്. (നെഹ.9) ദൈവത്തിന്റെ വചനം വായിക്കുകയും നമ്മുടെയും പൂർവ്വികരുടെയും ദൈവനിഷേധത്തിന് മാപ്പപേക്ഷിക്കുകയും ചെയ്ത ഒരു ജനതയുടെ പാഠം നമ്മുടെ കൺമുൻപിലിരിക്കട്ടെ!

ദൈവാലയങ്ങൾ വി. കുർബ്ബാനയുടെ അർപ്പണമില്ലാതെ അടഞ്ഞുകിടക്കുന്ന കാഴ്ച ലോകത്തിലെ ഏറിയ സ്ഥലങ്ങളിലും നാം കണ്ടുകൊണ്ടിരിക്കുകയാണ്. അയോഗ്യതയോടെ കർത്താവിന്റെ ബലിപീഠത്തെ സമീപിച്ചതിനും അയോഗ്യതയോടെ പരിശുദ്ധ പരമദിവ്യകാരുണ്യത്തെ ഉൾക്കൊണ്ടതിനും നാം പരിഹാരം ചെയ്യേണ്ടതല്ലേ? ബലിയെയും ബലിപീഠത്തെയും നിസ്സാരവൽക്കരിക്കുകയും ദൈവാരാധനയ്ക്ക് പകരം മനുഷ്യരെ ആരാധിക്കുകയും ചെയ്യുന്ന ഒരു ജീവിത സമ്പ്രദായത്തിന്റെ ഇടയിൽ പൗരോഹിത്യത്തിന്റെ, അത് ശുശ്രൂഷാ പൗരോഹിത്യത്തിന്റെയും രാജകീയ പൗരോഹിത്യത്തിന്റെയും അഭിഷേകത്തോടെ സജീവ ക്രിസ്തീയ ജീവിതം നയിക്കുന്നതിനുള്ള സമയമായി! അതേ! ദൈവത്തിനു മാത്രം പരമമായ സ്ഥാനം! മനുഷ്യർക്ക് സ്നേഹവും കരുണയും!

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ

മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

Prot.No. CCL 03/2020 29-03-2020

**മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ**

**ബഹുമാനപ്പെട്ട വൈദികർക്ക്**

സ്നേഹമുള്ള അച്ചാ,

തിരുവനന്തപുരത്തുനിന്നും സ്നേഹാശംസകൾ! നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം! ബഹുമാനപ്പെട്ട അച്ചന്റെ നല്ല ആരോഗ്യത്തിനായി പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവം എല്ലാ കൃപയും സമാധാനവും നൽകട്ടെ!

ഞാൻ ഈ കത്തെഴുതുന്നത് അസാധാരണമായ ഒരു പശ്ചാത്തലത്തിലാണ്. കൊറോണാ വൈറസ് എന്ന മഹാവ്യാധി ലോകത്തെ അക്ഷരാർത്ഥത്തിൽ ഭയപ്പെടുത്തുകയാണ്. അതിന് മരുന്നുപോലും കണ്ടുപിടിക്കാത്ത സാഹചര്യം നമ്മുടെ മുൻപിലുണ്ട്. നമ്മുടെ ഭാരതവും മലയാളി കുടുംബങ്ങളും ഏറെ അസ്വസ്ഥതയിലാണല്ലോ. നമ്മുടെ ഭരണാധികാരികൾ നൽകുന്ന നിർദ്ദേശം കർശനമായി പാലിക്കണം. ദേശത്തിന്റെ സുരക്ഷിതത്വം ഉറപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. മറ്റു രാജ്യങ്ങളിൽ കഴിയുന്ന നമ്മുടെ മലയാളി കുടുംബങ്ങളിലെ മഹാഭൂരിപക്ഷം കുടുംബനാഥകളും ആരോഗ്യമേഖലയിലാണ് സേവനം ചെയ്യുന്നതെന്നും ജോലിക്കുശേഷം വീടുകളിൽ തിരിച്ചെത്തി വീട്ടുകാരൊത്ത് കഴിയേണ്ടവരാണെന്നുമുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

പ്രിയപ്പെട്ട അച്ചാ, ലോക്ഡൗൺ എന്നതിന്റെയും കൊറോണാ വൈറസ് വ്യാപനം തടയാൻ സാമൂഹ്യ അകൽച്ച പാലിക്കുന്നതിന്റെയും ഭാഗമായി ഏവരും ഏറെ ഒറ്റപ്പെട്ട അനുഭവത്തിൽ കഴിയുന്ന ഒരു കാലമാണല്ലോ ഇത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അച്ചനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ഈ പ്രതികൂല സാഹചര്യത്തിലും ബഹുമാനപ്പെട്ട അച്ചൻ നൽകുന്ന വിലയേറിയ

പൗരോഹിത്യശുശ്രൂഷക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നാമത്തിൽ ഹൃദയം നിറഞ്ഞ നന്ദി ഞാൻ അറിയിക്കട്ടെ! വിശ്വാസികളില്ലാത്ത വി. കുർബ്ബാനയും പ്രാർത്ഥനകളും അജപാലന ശുശ്രൂഷകളിലെ ഈ നിശബ്ദതയും, ഒറ്റയ്ക്ക് താമസിച്ച് ഭക്ഷണം സ്വന്തമായി ഉണ്ടാക്കി കഴിക്കുന്നവരുടെ വലിയ ബുദ്ധിമുട്ടും, ഭക്ഷണം ഉണ്ടാക്കുവാൻ അറിയാത്തവരുടെ മാനസിക അവസ്ഥയും, ദീർഘകാലമായി രോഗികളായികഴിയുന്നവരുടെയും, റിട്ടയർ ചെയ്ത് വൈദിക മന്ദിരത്തിലും വീടുകളിലും കഴിയുന്നവരുടെയും ക്ലേശങ്ങളും മനസ്സിലാക്കുന്നു. നമ്മുടെ കർത്താവ് കൂടെ ഇരുന്ന് അച്ചനെ ബലപ്പെടുത്തട്ടെ!

അച്ചാ, നമ്മുടെ വേദനകളുടെ മദ്ധ്യേ നാം നടത്തുന്ന പ്രാർത്ഥനകൾ ഏറെ വിലപ്പെട്ടതാണല്ലോ. ലോകത്തിനുവേണ്ടിയും നമ്മുടെ ദേശത്തിനുവേണ്ടിയും തുടർന്നും നമുക്ക് പ്രാർത്ഥിക്കാം. വിശ്വാസികളെ കൂട്ടിയുള്ള വി.കുർബ്ബാനയും ആരാധനകളും തടസ്സപ്പെട്ടിരിക്കുന്ന ഈ കാലയളവിൽ വി. കുർബ്ബാനയുടെ മുൻപിൽ നമ്മുടെ ദേശത്തെ നമുക്ക് സമർപ്പിച്ച് പ്രാർത്ഥിക്കാം. കർത്താവ് ജോയേൽ പ്രവാചകൻ വഴി നമുക്ക് നൽകിയ സന്ദേശം സ്വീകരിക്കാം: കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതൻമാർ പൂമുഖത്തിനും ബലിപീഠത്തിനും മദ്ധ്യേ നിന്നു കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കട്ടെ: കർത്താവേ, അങ്ങയുടെ ജനത്തെ ശിക്ഷിക്കരുതെ! ജനതകളുടെ ഇടയിൽ പഴമൊഴിയും പരിഹാസപാത്രവുമാകാതെ, അങ്ങയുടെ അവകാശത്തെ സംരക്ഷിക്കണമേ! എവിടെയാണ് അവരുടെ ദൈവം എന്ന് ജനതകൾ ചോദിക്കാൻ ഇടവരുന്നതെന്തിന്? (ജോയേൽ 2/17).

നമ്മുടെ രാജ്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. കൊറോണാ വൈറസ് വ്യാപിക്കുന്ന ഈ പശ്ചാത്തലത്തിൽ രാജ്യത്ത് രോഗബാധിതരുടെ എണ്ണം കൂടിവരികയാണല്ലോ. ബഹുമാനപ്പെട്ട അച്ചന്റെ പൗരോഹിത്യ അഭിഷേകവും അധികാരവും ഉപയോഗിച്ച് നമ്മുടെ രാജ്യത്ത് കൊറോണാ ബാധിക്കുന്ന രോഗികൾക്കുവേണ്ടി അച്ചൻ പ്രത്യേകം പ്രാർത്ഥിക്കണം.തിങ്കൾ, ചൊവ്വാ (മാർച്ച് 30,31) ദിവസങ്ങളിൽ സൗകര്യപ്രദമായ ഒരു ദിവസം

വിശുദ്ധകുർബ്ബാനക്കുശേഷം കറുത്തകുപ്പായവും ഹയ്മിനിയായും ധരിച്ച് നമസ്ക്കാരമേശയിലെ രണ്ടുതിരികളും കത്തിച്ച് വച്ച് നമ്മുടെ രാജ്യത്തിലെ എല്ലാ കൊറോണാ ബാധിതരെയും ആത്മനാ ദർശിച്ച് നമ്മുടെ കൂദാശക്രമത്തിലെ രോഗികളുടെ തൈലാഭിഷേക ക്രമത്തിലെ (രോഗീലേപനം ഒഴികെയുള്ള) എല്ലാ പ്രാർത്ഥനകളും നടത്തുക. അത് നമ്മുടെ ദേശത്തിന് വളരെ അനുഗ്രഹമായിതീരും എന്ന്എനിക്കുറപ്പുണ്ട്. ഈ വിഷയം ഒരു ചർച്ചക്ക് കാരണമാകാൻ ഞാൻ ആഗ്രഹിക്കുന്നില്ലാ. ഇന്ത്യാമഹാ രാജ്യത്തിന്, നമ്മുടെ സഭയിലെ പൗരോഹിത്യാഭിഷേകത്തിന്റെ കൃപ, അതു ലഭിക്കണം എന്ന് മാത്രം ആഗ്രഹിക്കുന്നു.

ഈ ദിവസങ്ങളിൽ വി. കുർബ്ബാനയുടെ സന്നിധിയിൽ കൂടുതൽ പ്രാർത്ഥിച്ചും, പരസ്പരം ദൈവസന്നിധിയിൽ ഓർത്തും സംഭാഷണങ്ങൾ നടത്തിയും പൗരോഹിത്യകൂട്ടായ്മ ബലപ്പെടുത്താം. നല്ല ഗ്രന്ഥങ്ങൾ ഈ ദിവസങ്ങളിൽ അച്ചന്റെ കൂട്ടിനുണ്ടാകട്ടെ! വൈദീകരുടെരാജ്ഞിയായ പരിശുദ്ധദൈവമാതാവ് പ്രിയ അച്ചനുവേണ്ടി തിരുക്കുമാരനോട് നിരന്തരം അപേക്ഷിക്കു മാറാകട്ടെ! ബഹുമാനപ്പെട്ട അച്ചന്റെ പ്രാർത്ഥനയിൽ എന്നെയും ഓർക്കുമല്ലോ.

ഹാശാ ആഴ്ചയുടെയും ഉയർപ്പുതിരുന്നാളിന്റെയും എല്ലാ അനുഗ്രഹങ്ങളും ഞാൻ നേരുന്നു.

സ്നേഹത്തോടെ,

+Baselios Cleemis

**✠കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
CuriaMAJOR ARCHBISHOP-CATHOLICOS

Major Archiepiscopal
Catholicate Centre
Pattom, Trivandrum-695004

Prot.No. CCL 04/2020/ 31-03-2020

## ഹാശാആഴ്ച – 2020

അഭിവന്ദ്യ പിതാക്കന്മാരെ, ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഭാ മക്കളെ,

നമ്മുടെ കർത്താവിന്റെസ്നേഹവും സമാധാനവും! കോവിഡ്–19 രോഗപശ്ചാത്തലത്തിൽനമ്മുടെ അതീവശ്രദ്ധ ആവശ്യമായ സാഹചര്യത്തിൽ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ, വിശ്വാസികളുടെ സജീവപങ്കാളിത്ത മില്ലായെങ്കിലും, ഒരുശുശ്രൂഷയും മുടക്കാതെ ചെയ്യണമെന്നാണ് നമ്മുടെ സഭ ആഗ്രഹിക്കുന്നത്. കൊറോണാ വൈറസ് ബാധമൂലമുണ്ടായ സാമൂഹിക ക്രമീകരണ ങ്ങളുടെയും ഗവൺമെന്റ് നൽകിയ നിർദ്ദേശങ്ങളുടെയും പശ്ചാത്ത ലത്തിൽ 2020–ലെ ഹാശാആഴ്ച ശുശ്രൂഷകളുടെ ക്രമീകരണം ചുവടെചേർക്കുന്നു. മലയാളത്തിലുള്ള ശുശ്രൂഷകളുടെ ക്രമീകര ണങ്ങളെ ക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. മാർത്ത്ണ്ഡം, പുത്തൂർ, അമേരിക്ക തുടങ്ങിയ ഭ്രാസനങ്ങളിലെ ക്രമീകരണം അതാതു രൂപതാദ്ധ്യക്ഷന്മാർ രൂപതകളിൽ അറിയിക്കുന്നതാണ്.

## ഹാശാആഴ്ച – പൊതുനിർദ്ദേശങ്ങൾ

1. അഭിവന്ദ്യ പിതാക്കന്മാർ കത്തീഡ്രൽ ദൈവാലയത്തിൽ/അരമന ചാപ്പലിൽ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾ നടത്തുന്നതാണ്. ബഹുമാനപ്പെട്ട വൈദികർ താമസിക്കുന്ന ഇടവക ദൈവാലയത്തിൽ ഹാശായുടെ എല്ലാ ശുശ്രൂഷകളും നടത്തേണ്ടതാണ്. ഒരുശുശ്രൂഷയും നടത്താതെ പോകരുത്.
2. ശുശ്രൂഷകളിൽഗവൺമെന്റ് അനുവദിക്കുന്ന ആളുകളുടെ പങ്കാളിത്തം മാത്രംമതി. ആളുകളുടെ പങ്കാളിത്തം ലഭിക്കുവാനിടയില്ലെങ്കിൽ വൈദികൻ തനിയെശുശ്രൂഷ നടത്തിയാൽ മതിയാവുന്നതാണ്.
3. ശുശ്രൂഷകളിൽ മൈക്കിന്റെ ഉപയോഗം ആവശ്യമില്ലാ. ആവശ്യമെങ്കിൽ മാത്രം Live ഉപയോഗത്തിനോ മറ്റോ മൈക്ക് ഉപയോഗിക്കാം.
4. വീടുകളിൽ Live ആയ് വി.കുർബ്വാനയിലോ ശുശ്രൂഷയിലോ സംബന്ധിക്കുമ്പോൾ ഒരു ചെറിയ മേശമേൽ വെള്ളവിരിവിരിച്ച് കുരിശ് നടുക്കും 2മെഴുകുതിരികൾ രണ്ടു വശങ്ങളിലായും കത്തിച്ചു വെച്ച് ആരാധനയിൽ സംബന്ധിക്കുക. വി. ബൈബിൾ മേശപ്പുറത്ത് വച്ചിരിക്കണം.
5. വി.ശുശ്രൂഷകളിൽ സംബന്ധിക്കുമ്പോൾ വീട്ടിലെ TV ഓഫാക്കി വയ്ക്കുക. Mobile phone off ചെയ്തോ Silent ആക്കിയോ വയ്ക്കുക. ഇത് ഏകാഗ്രതക്ക് സഹായിക്കുമല്ലോ.
6. എല്ലായാമങ്ങളിലെയും പ്രാർത്ഥനകൾ ബഹുമാനപ്പെട്ട വൈദികർ പള്ളികളിൽതന്നെ നടത്തുക.
7. സഭയ്ക്ക്പൊതുവായി, ഹാശാആഴ്ച ശുശ്രൂഷകളുടെ സംപ്രേഷണം Mount Carmel Ministries മാത്രമാണ് ചെയ്യുന്നത്. ആവശ്യമെങ്കിൽ അവരിൽ നിന്ന് മറ്റു ചാനലുകൾക്ക് ലഭിക്കുന്നതാണ്.
8. ഭ്രാസനങ്ങളിൽ നടത്തുന്ന Live Telecast Programmes ഭ്രാസനാദ്ധ്യക്ഷന്റെ അനുവാദത്തോടെ മാത്രം നടത്തുക.

## ഹാശാആഴ്ച – 2020, ക്രമീകരണങ്ങൾ

1. **ഓശാന ഞായർ**

രാവിലെ 8.30 മുതൽ10.30 വരെ– പൊതുവായ Live Telecast ഉണ്ടായിരിക്കുന്നതാണ്.

ബഹുമാനപ്പെട്ട വൈദികർ അവരവരുടെ താമസസ്ഥലത്തെ പള്ളിയിൽ ഓശാന ശുശ്രൂഷ നടത്തണം. (ഗവൺമെന്റ് നിയമം അനുസരിച്ച്)

ഒരുകുരുത്തോല സൂചനാപരമായിവാഴ്ത്തി അത് ദൈവാല യത്തിൽ പരസ്യമായി തന്നെ സൂക്ഷിക്കുക.

2. **തിങ്കൾ, ചൊവ്വ, ബുധൻ**

വൈദികൻ യാമപ്രാർത്ഥനകളും വി. കുർബ്ബാനയും ദൈവാലയ ത്തിൽ Private ആയി നടത്തുക. വിശ്വാസികൾ വീടുകളിൽ പ്രാർത്ഥന നടത്തുക. ബുധനാഴ്ച വൈകുന്നേരം 6.00 മുതൽ 6.45 വരെ അനുതാപ ശുശ്രൂഷ Live ആയി നടത്തുന്നതാണ്.

3. **പെസഹാവ്യാഴം**

–രാവിലെ 8.30 മുതൽ 10.00 വരെ പൊതുവായ Live Telecast ഉണ്ടായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട വൈദികർ പള്ളിയിൽ പെസഹാകുർബ്ബാന അർപ്പിക്കേണ്ടതാണ്.

–വി. കുർബ്ബാന എഴുന്നള്ളിച്ചുവച്ച് പള്ളിയിൽ ബഹുമാനപ്പെട്ട വൈദികർ ആരാധന നടത്തേണ്ടതാണ്. പൗരോഹിത്യ ദിനമായി ഈ ദിവസത്തെ പരിഗണിച്ച് പ്രാർത്ഥിക്കുക. ഇടവകജനങ്ങളും വീടുകളിൽ പ്രാർത്ഥനാദിനമായി ഈ ദിവസം ആചരിക്കുക.

–വൈകുന്നേരം സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം വീടുകളിൽ കുടുംബനാഥന്റെ നേതൃത്വത്തിൽ പെസഹാഅപ്പം മുറിക്കേണ്ട താണ്. പുറപ്പാട് പുസ്തകം 12–ാം അദ്ധ്യായം വായിച്ച് ഒരുമിച്ച് ഒരു പ്രാർത്ഥനാഗാനം ചൊല്ലി, കുടുംബനാഥൻ/കുടുംബനാഥ പ്രാർത്ഥിച്ച്, കുടുംബനാഥൻ അപ്പംമുറിച്ച് കുടുംബാംഗങ്ങൾക്ക്

ഓരോരുത്തർക്കും കൊടുത്ത് പെസഹാ ആഘോഷിക്കേണ്ടതാണ്.

-രൂപതാദ്ധ്യക്ഷന്മാർ നടത്തുന്ന കാൽകഴുകൽ ശുശ്രൂഷ ഈ വർഷം ഉണ്ടായിരിക്കുന്നതല്ലാ.

4. **ദു:ഖവെള്ളി**

ദൈവാലയങ്ങളിൽ ബഹുമാനപ്പെട്ട വൈദികർ ദു:ഖവെള്ളിയുടെ പ്രാർത്ഥനകളും കബറടക്ക ശുശ്രൂഷകളുൾപ്പെടെയുള്ള എല്ലാ ശുശ്രൂഷകളും നടത്തുക. വീടുകളിൽ കുടുംബനാഥന്റെ നേതൃത്വത്തിൽ നമ്മുടെ പ്രാർത്ഥനാക്രമം ഉപയാഗിച്ച് പ്രാർത്ഥനകളെല്ലാം ഭക്തിയോടെ നടത്തേണ്ടതാണ്. പായ്/വിരിവിരിച്ച് കുമ്പിടുന്നതിനും പ്രാർത്ഥിക്കുന്നതിനും സാധിക്കുന്നത് അനുഗ്രഹപ്രദമാണ്. വീടുകളിൽ ദു:ഖവെള്ളിയുടെ യാമപ്രാർത്ഥനകൾ എല്ലാം നടത്തണം. സ്ലീബാവന്ദനവ്, കബറടക്ക ശുശ്രൂഷകൾ Live ആയി11.00 മണി മുതൽ ഉച്ചക്ക് 1.30 വരെ ഉണ്ടായിരിക്കുന്നതാണ്. വീടുകളിൽ ഉണ്ടാക്കിയ കയ്പുനീരുംകഞ്ഞിയും ശുശ്രൂഷയ്ക്കുശേഷം പൊതുവായി ആശീർവ്വദിക്കുന്നതാണ്.

5. **ദു:ഖ ശനി**

പള്ളികളിൽ ബഹുമാനപ്പെട്ട വൈദികർവി.കുർബ്ബാന അർപ്പിക്കുന്നു, യാമപ്രാർത്ഥനകൾ നടത്തുന്നു. ദൈവാലയത്തിൽ തന്നെ മരിച്ചവർക്കുവേണ്ടി ധൂപ പ്രാർത്ഥന നടത്തുന്നു.

6. **ഉയിർപ്പുഞ്ഞായർ**

വൈകുന്നേരം 7.00 മുതൽ 10.00 വരെ Live Telecast ഉണ്ടായിരിക്കുന്നതാണ്. പള്ളികളിൽ ബഹുമാനപ്പെട്ട വൈദികർ പ്രാർത്ഥനയും വി.ശുശ്രൂഷകളും വി. കുർബ്ബാനയും നടത്തുന്നു. വീടുകളിൽ പ്രാർത്ഥനാപൂർവ്വം ശുശ്രൂഷകളിൽ സംബന്ധിക്കുന്നു. Live Telecast ന്റെ അവസാനം നമ്മുടെ സഭക്ക് മുഴുവനും വേണ്ടി സഭാദ്ധ്യക്ഷൻ പൊതുആശീർവാദം നൽകുന്നതാണ്.

പ്രിയമുള്ളവരെ,

നാമാരും ഇതുവരെയും സംബന്ധിച്ചിട്ടില്ലാത്ത ഒരുരീതിയിലാണ് ഈ വർഷത്തെ ഹാശാ ആഴ്ച ശുശ്രൂഷകളിൽ സംബന്ധിക്കുക. അതിന്റെ വേദന നമുക്കെല്ലാവർക്കുമുണ്ട്. എന്നാൽ സകലത്തേയും അതിജീവിക്കുന്ന ദൈവകരുണയിൽ അഭയപ്പെട്ട് നമുക്ക് മുൻപോട്ടുപോകാം. നിങ്ങൾക്കേവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും സഭാമക്കൾക്കും ഹാശാ ആഴ്ചയുടേയും ഉയർപ്പു തിരുന്നാളിന്റെയും മംഗളങ്ങളും അനുഗ്രഹങ്ങളും ഞാൻ സന്തോഷപൂർവ്വം നേരുന്നു. ഉത്ഥിതനായ നമ്മുടെ കർത്താവ് ഏവരേയും അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

+Baselios Cleemis

**✠കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ
മേജർആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

Prot. No. CCL. Rel. 1/2020 30-03-2020

## മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സന്യാസിനികൾക്കുള്ള സർക്കുലർ

പ്രിയപ്പെട്ട സന്യാസിനികളെ,

പരിശുദ്ധാത്മാവിൽ നിറഞ്ഞ് വി. പൗലോസ് അപ്പസ്തോലൻ താൻ ജറുസലേമിലേക്ക് പോകുന്നതിനെക്കുറിച്ചും അവിടെ പീഡയനുഭവിക്കേണ്ടിവരുമെന്നതിനേക്കുറിച്ചും എഫേസോസിലെ ശ്രേഷ്ഠന്മാരെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽ നിന്ന് ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിർവഹിക്കണ മെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. (അപ്പ.പ്രവ. 20/24)

കേരളത്തിലും ഭാരതത്തിലും ലോകം മുഴുവനിലും ഭീതിയുളവാക്കി കൊറോണാ വൈറസ് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ സഭയിലെ സമർപ്പിതർ എന്ന നിലയിൽ ഏതാനും പ്രധാന കാര്യങ്ങൾ നിങ്ങളോട് പങ്കുവയ്ക്കുന്നതിനാണ് ഈ കത്തെഴുതുന്നത്. ജീവന്റെ സംരക്ഷണത്തിനും ആരോഗ്യപരി പാലനത്തിനുമായി ഗവൺമെന്റും ആരോഗ്യ വകുപ്പധികാരികളും നൽകുന്ന എല്ലാ നിർദ്ദേശങ്ങളും ഏവരും കൃത്യമായി പാലിക്കണ മെന്ന് നിങ്ങളേവരെയും ഞാൻ ഹൃദയപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ഈ വിഷയത്തിൽസർക്കാരിന്റെപ്രവർത്തനങ്ങളോടുള്ള നമ്മുടെ സഭയുടെ സഹകരണം ഞാൻ അറിയിക്കട്ടെ! സർക്കാരുകൾ ശിക്ഷണം നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്നത് ജീവന്റെ സംരക്ഷ ണത്തിനും മനുഷ്യരാശിയുടെ നിലനിൽപ്പിനുമാണെന്ന് നാം തിരിച്ചറിയണം. നമ്മുടെ ആത്മീയതയുടെ ഒരു കാര്യത്തിലെ ശ്രദ്ധ മാത്രമല്ലാ അനേകരുടെ ജീവനെ ബാധിക്കുന്ന കാര്യത്തിലെ കൂടുതൽ ശ്രദ്ധ ഈ സമയത്ത് നമ്മിൽ നിന്ന് സ്വർക്ഷവും സഭയും സമൂഹവും പ്രതീക്ഷിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാളിതുവരെ യുള്ള വളർച്ചയിൽ സന്യാസ ജീവിതത്തിന്റെ നന്മകൊണ്ട് നിങ്ങൾ ഓരോരുത്തരും നമ്മുടെ സഭയെ ബലപ്പെടുത്തിയതിൽ നിങ്ങൾക്കു

ഞാൻ സഭയുടെ നന്ദി അറിയിക്കുന്നു. നിങ്ങളുടെ ത്യാഗപൂർണ്ണമായ ജീവിതം സഭയെ കെട്ടിപ്പടുക്കുവാൻ ഏറെ സഹായിച്ചിട്ടുണ്ട്. സന്യാസിനി എന്ന നിങ്ങൾ ഓരോരുത്തരുടെയും ദൈവവിളി നമ്മുടെ സഭക്ക് ദൈവം നൽകുന്ന വലിയ കരുതലിന്റെ അടയാളമായി സഭ മനസ്സിലാക്കുന്നു; സ്വീകരിക്കുന്നു.

ലോകം മുഴുവൻ കൊറോണാ വൈറസിന്റെ മുൻപിൽ വിറച്ചു നിൽക്കുമ്പോൾ നമ്മുടെ സഭയിലെ സന്യാസിനികൾ എന്ന നിലയിൽ ഞാൻ നിങ്ങൾക്ക് ഈ കത്തെഴുതുന്നത് ദൈവം നിങ്ങളിലൂടെ ആഗ്രഹിക്കുന്ന നന്മ മുഴുവൻ നമ്മുടെ സഭക്ക് പൂർണ്ണമായി ലഭിക്കണമെന്നുള്ള ആഗ്രഹത്തിലാണ്. വി.കുർബ്ബാന അർപ്പിക്കുന്നതിനോ വി. ശുശ്രൂഷകൾ നടത്തുന്നതിനോ നമ്മുടെ ജനത്തെ ഒരുമിച്ചു കൂട്ടി പ്രാർത്ഥിക്കുന്നതിനോ ഉപദേശിക്കുന്നതിനോ ഒന്നും സാധ്യമല്ലാത്ത സാഹചര്യമാണല്ലോ ഇപ്പോൾ. ജീവിതത്തിൽ ഇതുവരെ ആഘോഷിച്ചിട്ടില്ലാത്ത രീതിയിൽ ഹാശാ ആഴ്ച ആചരിക്കുവാൻ നാം നിർബന്ധിതരുമായിരിക്കുന്നു.

നമ്മുടെ സഭയിലെ സന്യാസജീവിതം ദൈവമഹത്വത്തിന് ഉപകരിക്കണമെന്ന ഉദ്ദേശ്യത്തോടെ ഈ പ്രത്യേക പശ്ചാത്തലത്തിൽ, ഈ കത്തിലൂടെ ചില നിർദ്ദേശങ്ങൾ നിങ്ങൾക്കേവർക്കും നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഒരു സന്യാസിനി ആകുവാൻ സ്വർഗ്ഗം നിങ്ങൾക്ക് ഓരോരുത്തർക്കും നൽകിയ വിളിയെ ഓർത്ത് അഭിമാനപൂർവ്വം ദൈവത്തിന് നന്ദി പറയുക.

2. മനുഷ്യരുടെ പ്രയത്നങ്ങൾക്ക് പരിമിതിയുണ്ട് എന്നത് നാം തിരിച്ചറിയണം. മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (റോമാ 9/16) എന്ന വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഓർമ്മിക്കുക. നീതിമാൻ തന്റെ വിശ്വസ്തമൂലം ജീവിക്കും (ഹബ.2/4) എന്ന് ഹബക്കുക്ക് പ്രവാചകൻ പറയുന്നു. ഈ വിശ്വസ്തത നാം എത്രകാലം സൂക്ഷിക്കണം? പരിമിതിയുള്ള മനുഷ്യർ എന്ന നിലയിൽ നമ്മുടെ മനസ്സിൽ ഉയരുന്ന ചോദ്യമിതാണല്ലോ! വെളിപാട് പുസ്തകത്തിൽ അതിന്റെ മറുപടി വളരെ വ്യക്തമാണ്. നീ ഉടനെ സഹിക്കാനിരിക്കുന്നവയെ ഭയപ്പെടരുത്. നിങ്ങളിൽ ചിലരെ പിശാചു തടവിലിടാനിരിക്കുന്നു. അതു

നിങ്ങൾ പരീക്ഷിക്കപ്പെടുന്നതിനാണ്; പത്തു ദിവസത്തെക്ക് നിങ്ങൾക്കു ഞെരുക്കമുണ്ടാകും. മരണംവരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കീരിടം നിനക്കു ഞാൻ നൽകും. (വെളിപാട് 2/10).

3. സന്യാസം പ്രസക്തമല്ലെന്ന് തോന്നുന്നത് ദൈവാഭിമുഖ്യം കുറയുമ്പോഴാണ്. നമ്മുടെ പുണ്യ പിതാവ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പറയുന്നു അനശ്വരമായ ഈ ലോകത്തിലെ ഹ്രസ്വമായ ജീവിതത്തിന്റെ ബഹുലമായ പരിപാടിയിൽ മനുഷ്യാത്മാവിനു സ്ഥാനമാകട്ടെ കല്പിക്കുന്നില്ലാ; ലോകവും പ്രകൃതിശക്തികളും മനുഷ്യനുൾപ്പെടെ ഇന്നു ലോകത്തിലുള്ള സകലവും സ്വയം നിർമ്മിതമാണെന്നും സ്രഷ്ടാവെന്നൊരാൾ ഇല്ലെന്നും മനുഷ്യാത്മാവും മരണാനന്തരമുള്ള ജീവിതവും വെറും സങ്കല്പം മാത്രമാണെന്നും വാദിക്കുന്നവരും ഒട്ടും കുറവല്ല. സർവ്വശക്തനും, സ്രഷ്ടാവും, പരിപാലകനും, രക്ഷകനും, വിധിയാളനും ആയ ദൈവത്തെ അകറ്റിനിർത്തുകയാണെങ്കിൽ എന്തും ചെയ്യാമെന്നുള്ളതായിരിക്കാം അപ്രകാരമുള്ളവരുടെ മനോഭാവം. വിശ്വാസികൾപോലും ഇങ്ങനെയുള്ള ആധുനികചിന്തകരുടെ വലയിൽപ്പെട്ടു കുരുങ്ങിപ്പോകുന്നതു പരിതാപകരം തന്നെ. ഒരുവന്റെ സത്യ വിശ്വാസത്തിലുള്ള അസ്ഥിരതയും ലൗകികസുഖങ്ങളിലുള്ള പ്രതിപത്തിയും ആത്മീയ കാര്യങ്ങളിലുള്ളഅനാസ്ഥയും ഇതിനൊക്കെ കാരണമാകാവുന്നതുമാണ്. (മാർ ഈവാനിയോസ് പിതാവിന്റെ 1952 ഫെബ്രുവരി 21-ലെ ഇടയലേഖനം) ദൈവം ഒരാളെ തന്റെ അടുത്തേക്ക് ചേർത്തു നിർത്തുന്നത് തന്റെ കൃപ സമൃദ്ധമായി ചൊരിയുന്നതിനാണ്. ശിക്ഷിക്കുവാൻവേണ്ടി ഒരാളെയും അവിടുന്ന് സ്നേഹം നടിച്ചു തന്റെ അടുത്തു നിർത്തിയിട്ടില്ലല്ലോ; നിർത്തുകയുമില്ലാ. ദൈവം നമ്മിൽ ചൊരിയുന്ന കൃപകളെക്കുറിച്ച് ലോകവും തറവാടും വീടും ദേശവും ഉള്ളതുമുഴുവനും ഉപേക്ഷിച്ച സന്യാസി/സന്യാസിനി ദൈവത്തെക്കുറിച്ച് ഓർമ്മയില്ലാത്തവളായാൽ അതിന് എന്തു വ്യാഖ്യാനം നാം കൊടുക്കും? പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾ നിങ്ങൾ ഏവർക്കും ബലം നൽകട്ടെ! ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല. (1കോറി. 15/10)

4. ഈ ദിവസങ്ങളിൽ വി. കുർബ്ബാനയുടെ തിരുസന്നിധിയിലിരുന്ന് കൂടുതൽ സമയം വ്യക്തിപരമായും സമൂഹമായും നമ്മുടെ സഭയെ സമർപ്പിച്ച് പ്രാർത്ഥിക്കുക.

5. ലോകത്തിന്റെ അനശ്വരത തിരിച്ചറിഞ്ഞിട്ടുള്ളവരാണ് സന്യസ്തർ. ലോകത്തെ ദൈവതിരുമുൻപാകെ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണു നിങ്ങൾ! ആകയാൽ ദിവ്യകാരുണ്യ ഈശോയുടെ മുൻപിൽ ഈ ദിനങ്ങളിൽ, പ്രത്യേകിച്ച് ഹാശാ ആഴ്ചയിലെ ബുധനാഴ്ച്ച ദിവസം, നിങ്ങളേവരും കൊറോണാ രോഗബാധയുള്ള എല്ലാവരെയും സമർപ്പിച്ചു പ്രാർത്ഥിക്കണം. പ്രാർത്ഥിക്കുവാൻ ആരുമില്ലാത്തവരുടെയും സ്വന്തക്കാരാണല്ലോ, പ്രിയസഹോദരിമാരെ നിങ്ങൾ! എല്ലാ രോഗികളെയും ഓർത്ത് നിങ്ങൾ പ്രാർത്ഥി ക്കുമ്പോൾ അതിന്റെ കൃപ നിഷ്ഫലമായിപ്പോവുകയില്ലാ. നമ്മുടെ ദേശം അത്ഭുതകരമായ സൗഖ്യം നേടുകയും ചെയ്യും.

6. വി. കുർബ്ബാനയുടെ അർപ്പണമില്ലാത്തതിനാലും സ്വീകര ണമില്ലത്തതിനാലും നിങ്ങളുടെ മനസ്സ് വേദനിക്കന്നുണ്ടെന്ന് എനിക്കറിയാം. ഇപ്പോഴത്തെ സാമൂഹിക നിയന്ത്രണം പാലി ക്കേണ്ടത് നമ്മുടെ കടമയാണല്ലോ. ഹാശാആഴ്ചയിലെ ശുശ്രൂ ഷകളിൽ live ആയി സംബന്ധിക്കുവാൻ ശ്രമിക്കുക. ചാപ്പലിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചും കുമ്പിട്ടും അതിൽ പങ്കുചേരുന്നത് കൂടുതൽ അനുഗ്രഹപ്രദമാണ്.

7. ഹാശാ ആഴ്ചയിൽ ദിവ്യകാരുണ്യത്തിന്റെ മുൻപിൽ നമ്മുടെ സഭക്ക് വേണ്ടി ഹൃദയപൂർവ്വം നിങ്ങൾ പ്രാർത്ഥിക്കണം.

8. പെസഹാ വ്യാഴാഴ്ച മുഴുവൻ സമയവും വി. കുർബ്ബാനയുടെ ആരാധന നമ്മുടെ മഠങ്ങളുടെ ചാപ്പലിൽ നടക്കട്ടെ. പുറത്തു നിന്നും ആരും വരേണ്ടാ.വിവിധ സംഘങ്ങളായി ദിവസം മുഴുവൻ ആരാധന നടത്തേണ്ടതാണ്. **പൗരോഹിത്യ ദിനമായി** അന്നേ ദിവസം നിങ്ങൾ ആചരിക്കണം.

   പൗരോഹിത്യത്തിന്റെ അഭിഷേകം ജ്വലിക്കുവാൻ, പൗരോഹിത്യ സാക്ഷ്യം വർദ്ധിക്കുവാൻ, പൗരോഹിത്യ കൂട്ടായ്മ ഫലദായക മാകുവാൻ, കർത്താവിന്റെ സഭയെ കെട്ടിപ്പടുക്കുവാൻ ആവശ്യമായ എല്ലാ കൃപകളും മലങ്കര സഭയിലെ നമ്മുടെ എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും ധാരാളമായി ലഭിക്കുവാൻ പ്രിയ സിസ്റ്റേഴ്സ്, നിങ്ങളേവരും അന്നേ ദിവസം പ്രത്യേകമായി പ്രാർത്ഥിക്കണമേ.

നമ്മുടെ സഭയിലെ വന്ദ്യ പിതാക്കന്മാരേയും എളിയവനായ എന്നേയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

അവസാനമായി, പ്രിയ സഹോദരിമാരെ, ഞാനും നിങ്ങളും ദൈവത്തിന്റെ കൃപയുടെ അടയാളവും ലോകത്തിനുള്ള ഓർമ്മപ്പെടുത്തലുമാണ്.സന്യാസജീവിതം ദൈവത്തിന്റെ സഭയിലെ ഒരു സജീവ അടയാളമാണ്. ഈ കാലഘട്ടത്തിൽ സഭക്ക് വലിയ വെല്ലുവിളികളും പ്രതിബന്ധങ്ങളുമുണ്ട്. അതിന്റെ അനുരണനമെന്നോണം സഭയിലെ സന്യാസത്തിനും അനുപാതികമായ വെല്ലുവിളികളുണ്ട്. പുറത്തു നിന്നുള്ളതിനേക്കാൾ നമ്മുടെ ഉള്ളിൽ നിന്നാണ്കൂടുതൽ വെല്ലുവിളികൾ എന്നത് ശ്രദ്ധിക്കാതെ പോകരുത്. അവസാനം വരെ വിശ്വസ്തരായി ജീവിക്കുന്നവരാണ് വിജയ കിരീടം പ്രാപിക്കുന്നത് എന്നത് മറക്കാതിരിക്കാം!

പ്രിയ സഹോദരിമാരെ- മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സ്നേഹമുള്ള സിസ്റ്റേഴ്സ്- സാമൂഹിക അകൽച്ച പാലിക്കുന്ന ഈ ദിനങ്ങളിൽ നിങ്ങളേവരും അനുഭവിക്കുന്ന വേദനയിൽ നമ്മുടെ സഭയുടെ സ്നേഹവും ബന്ധവും അറിയിക്കട്ടെ! ഹാശാ ആഴ്ചയുടെ എല്ലാ അനുഗ്രഹങ്ങളും ഉയർപ്പുതിരുന്നാളിന്റെ എല്ലാ മംഗളങ്ങളും സ്നേഹപൂർവ്വം ഞാൻ നിങ്ങൾക്കേവർക്കും നേരുന്നു. നിങ്ങൾക്കേവർക്കും വേണ്ടി ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**സ്നേഹത്തോടെ,**

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

---

N. B: *ഈ സർക്കുലർ മഠത്തിൽ പരസ്യമായി ഒരാൾ വായിക്കണം. പിന്നീട് നോട്ടീസ് ബോർഡിൽ ഇടേണ്ടതുമാണ്. സാധിക്കുമെങ്കിൽ മഠത്തിലെ ഓരോ അംഗത്തിനും ഒരു കോപ്പി നൽകേണ്ടതുമാണ്.*

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
CuriaMAJOR ARCHBISHOP-CATHOLICOS

Major Archiepiscopal
Catholicate Centre
Pattom, Trivandrum-695004

Prot. No. CCL. 05/2020

7 June 2020

അഭിവന്ദ്യ പിതാക്കന്മാരെ, ബഹു. വൈദികരെ, സന്യസ്തരെ, വിശ്വാസികളെ,

കോവിഡ് – 19ന്റെ പശ്ചാത്തലത്തിൽകർശനമായ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ആരാധന നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതിയോടെ, കേരളസർക്കാർചിലഇളവുകൾ നൽകിയതിന്റെ പശ്ചാത്തലത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസ കേരളത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങളെ പൊതുവായി അറിയിക്കുന്നു.

- ➢ കോവിഡ് – 19 ന്റെ വ്യാപനം തടയുന്നതിന് മലങ്കരസുറിയാനി കത്തോലിക്കാ സഭയിലെ ഏവരും കൃത്യമായ ജാഗ്രത പുലർത്തേണ്ടതാണ്.
- ➢ കൊറോണാവൈറസിനെ പ്രതിരോധിക്കുന്നതിനും സമൂഹ വ്യാപനം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടികേരളസർക്കാർ നിർദ്ദേശിച്ചിട്ടുള്ള, എല്ലാ മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും ഏവരും കൃത്യമായി പാലിക്കേണ്ടതാണ്.
- ➢ ദൈവാലയത്തിൽ ഒരേ സമയം ആരാധനയിൽ സംബന്ധിക്കുന്നതിന് ഗവൺമെന്റ് വച്ചിട്ടുള്ള സാമൂഹിക അകലം കൃത്യമായി ഏവരും പാലിക്കണം. പരമാവധി 100 പേർ എന്നത് ശാരീരിക അകല നിയമം കൃത്യമായി പാലിച്ചുവേണം ക്രമീകരിക്കുവാൻ. പരമാവധി 100 പേർ എന്നത് നിർദ്ദേശമായും (Suggestion)ആറ് feet എന്നത് നിയമമായും (Rule) പാലിക്കപ്പെടണം.
- ➢ ഓരോവി. കുർബ്ബാനയ്ക്ക് ശേഷവും ദൈവാലയങ്ങൾ വൃത്തിയാക്കേണ്ടതാണ്.

- Sanitizer, Mask എന്നത് നിർബന്ധമാണ്. രോഗബാധിതർ ദൈവാലയ ശുശ്രൂഷയിൽ നിന്ന്വിട്ട് നിൽക്കണം.
- ദൈവാലയത്തിൽ ആരാധനക്ക് വരുന്നവരുടെ പേരുവിവരം ഫോൺ നമ്പർ ഉൾപ്പെടെ ഒരു പുതിയ റജിസ്റ്റർ ബുക്കിൽ ചേർത്ത് പള്ളിയിൽ സൂക്ഷിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ ആളുകളെ അതിനായി കമ്മറ്റി ചുമതലപ്പെടുത്തേണ്ടതാണ്.
- ഈ ഘട്ടത്തിൽ, പരിചയമില്ലാത്തവരെ ദൈവാലയ ശുശ്രൂഷ കളിൽ സംബന്ധിപ്പിക്കരുത്. ആരാധന ഇടവകാംഗങ്ങൾക്ക് മാത്രമായി ഇപ്പോൾ നിജപ്പെടുത്തുക.
- ഈ ഘട്ടത്തിൽവി. കുർബ്ബാന ഒരുമണിക്കൂറിൽ അവസാനി പ്പിക്കുക. 10 മിനിറ്റ് വചനപ്രഘോഷണത്തിന് എടുക്കാവുന്നതാണ്. പ്രഭാതപ്രാർത്ഥന വിശ്വാസികൾ വനത്തിൽ നടത്തിയിട്ട് വരേണ്ടതാണ്.
- മതബോധന ക്ലാസുകൾ സഭാകേന്ദ്രത്തിൽ നിന്ന് അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവച്ചിരിക്കുകയാണ്. Online ക്ലാസുകൾ നടത്താവുന്നതാണ്.
- ഈ ഘട്ടത്തിലെ ഗവൺമെന്റിന്റെ നിയമപ്രകാരം, 65വയസിനു മുകളിലുള്ളവരും 10 വയസിനു താഴെയുള്ളവരും വി. കുർബ്ബാ നക്ക് ദൈവാലയത്തിൽവരരുത്. ദൈവാലയ ശുചീകരണത്തി നുള്ള ഉപകരണങ്ങൾ ആവശ്യമായതത്രയും ഇടവക ചിലവിൽ ദൈവാലയത്തിൽ വാങ്ങി സൂക്ഷിക്കേണ്ടതും ആവശ്യമുള്ള പ്പോൾ ഉപയോഗിക്കേണ്ടതുമാണ്.
- ഞായറാഴ്ചകളിലെ വി. കുർബ്ബാനക്ക് വരാൻ എല്ലാവരും കൂടി തിരക്കുകൂട്ടരുത്. മറ്റുദിവസങ്ങളിലെ വി. കുർബാനയിൽ വിവിധ ഗ്രൂപ്പുകളായി (ഇടവകതീരുമാനപ്രകാരം) സംബന്ധി ക്കേണ്ടതാണ്. ആവശ്യമെങ്കിൽ, ഇടവകയിൽ ഒന്നിൽ കൂടുതൽ വി. കുർബ്ബാന ക്രമീകരിക്കേണ്ടതാണ്.
- എല്ലാദിവസവുമുള്ള വി. കുർബ്ബാനകളിൽ ഇടവകയിലെ പ്രാർത്ഥനാഗ്രൂപ്പുകളായി സംബന്ധിക്കുന്നതുവഴി ഇടവക മുഴുവൻ സജീവമാകുന്നതിനുള്ള പ്രായോഗിക അജപാലന ക്രമീകരണം നടത്തുക.
- ഗായകസംഘംഅടുത്ത ഒരറിയിപ്പ്വരെ ദൈവാലയത്തിൽ ആവശ്യമില്ല.

- സഭാകേന്ദ്രത്തിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നതുവരെ തിരുന്നാളാഘോഷം (Public Celebration) ഉണ്ടായിരിക്കുന്നതല്ല.
- വിവാഹത്തിനും, ശവസംസ്കാരത്തിനും അതാത് ഘട്ടത്തിൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടണം.
- ദൈവാലയത്തിലും ആരാധനയിലും ഗവൺമെന്റും സഭയും മുൻപോട്ട്വച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ ആരാധനാ ശുശ്രൂഷകൾ താൽക്കാലികമായി രൂപതാദ്ധ്യക്ഷൻ നിർത്തിവയ്ക്കുന്നതാണ്.
- ജൂൺ 8 ന് ദൈവാലയത്തിൽ ശുശ്രൂഷ തുടങ്ങാം എന്ന അനുവാദത്തിന്റെ പേരിൽ, തിടുക്കം കൂട്ടാതെ, ഒരുക്കത്തോടെയും ഇടവകാംഗങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും വേണം ശുശ്രൂഷകൾ ആരംഭിക്കുവാൻ. ഈ ഒരുക്കത്തിന് ജൂൺ 14 വരെ സാവകാശം ഉണ്ടായിരിക്കുന്നതാണ്. ഈ കാര്യത്തിൽ രൂപതകൾക്ക്തീരുമാനമെടുക്കാവുന്നതാണ്.
- ആരാധനയ്ക്ക് വരുന്നവർ ഈ കാലയളവിൽ ഭവനങ്ങളിൽ നിന്ന് പ്രാർത്ഥനാ പുസ്തകങ്ങൾ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്.
- എല്ലാ ആരാധനയിലും കൊറോണാ വൈറസിന്റെ വ്യാപനം ലോകത്തിൽ കുറയുന്നതിനു വേണ്ടിയും രാജ്യത്തിനു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ദൈവാലയത്തിൽ വരുവാൻ സാധിക്കാത്ത കുട്ടികളെയും 65 വയസിനു മുകളിലുള്ള സഹോദരങ്ങളെയും പ്രത്യേകം ഓർത്ത് ദൈവാലയത്തിൽ പ്രാർത്ഥിക്കണം.
- ഞായറാഴ്ച്ച വി. കുർബ്ബാനയിൽ നിർബന്ധമായി പങ്കെടുക്കണമെന്നുള്ള സഭാനിബന്ധനയിൽ (Obligation)ഞാൻ ഇളവുനൽകുന്നു. കൊവിഡ് – 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ പകരം ആ ആഴ്ച്ചയിലെ ഏതെങ്കിലും ദിവസത്തെ വി. കുർബ്ബാനയിൽ സംബന്ധിച്ചാൽ മതിയാവുന്നതാണ്. ഇനിയൊരറിയിപ്പ് നൽകുന്നതുവരെയും ഈ ക്രമീകരണം പാലിച്ചാൽ മതിയാവുന്നതാണ്.
- ഒരുകാരണവശാലും നമ്മുടെ ഇടവകവഴി സമൂഹ വ്യാപനം ഉണ്ടാകാതിരിക്കാൻ വേണ്ടജാഗ്രത ഓരോ ഇടവകയും പുലർത്തേണ്ടതാണ്.

➢ ഇടവകാംഗങ്ങളെ മുഴുവൻ ഈ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

കോവിഡ് –19 ന്റെമഹാക്ലേശത്തിൽ നിന്ന് നമ്മെ ഏവരേയും ലോകം മുഴുവനെയും കാത്തു പരിപാലിക്കുവാൻ പരി. ദൈവമാതാവ് നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ!

ദൈവംഎല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെവിനീതശുശ്രൂഷി,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

*N.B: ഈ സർക്കുലർ സാദ്ധ്യമായ രീതിയിൽ നമ്മുടെ വിശ്വാസികളെ അറിയിക്കേണ്ടതാണ്.*

# കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭാവിശ്വാസികൾക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ നൽകിയ സന്ദേശങ്ങൾ

## ബഹറിനിലെ വിശ്വാസസമൂഹത്തിന് നൽകിയ സന്ദേശം

ബഹറിനിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കൾക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യാശ നിറഞ്ഞ തിരുസാന്നിദ്ധ്യം ഞാനാശംസിക്കുന്നു, അതിനായി പ്രാർത്ഥിക്കുന്നു. കൊറോണ വൈറസിന്റെ പ്രത്യാഘാതങ്ങൾ ദേശംമുഴുവനേയും ലോകത്തെ തന്നെയും മാറ്റിമറിച്ച് കൊണ്ടിരിക്കുമ്പോൾ നിങ്ങളേവരേയും പ്രാർത്ഥനയിലും വി. കുർബാനയിലും ഓർക്കുന്നു. പ്രത്യേകിച്ച് നമ്മുടെ ഒരു വൈദീകന്റെ ശുശ്രൂഷയും സാന്നിധ്യവും എല്ലായ്പ്പോഴും ലഭിക്കുന്നില്ല എന്ന പ്രത്യേക സാഹചര്യമുള്ള നിങ്ങളെ ഈ സമയം പ്രത്യേകമായി ഓർക്കുകയും നിങ്ങളുടെ കുടുംബങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കരവും കർത്താവിന്റെ കാരുണ്യവും അത് എന്നേക്കുമായി സ്വർഗ്ഗം നല്കിയിരിക്കുന്നതാണ്. ലോകത്തിൽ, ചരിത്രത്തിൽ, കാലാവസ്ഥയിൽ, അതിന്റെ വ്യതിയാനിങ്ങളിൽ വന്ന് സംഭവിച്ചിട്ടുള്ള വലിയ ഭവിഷത്തുകളുടെ മുൻപിലും മഹാമാരിയുടെ മുൻപിലും രോഗങ്ങളുടെ മധ്യത്തിലും അവിടുന്ന് മനുഷകുലത്തിന് കരവും കാരുണ്യവും ആയിരുന്നല്ലോ. പ്രിയ സഭാമക്കളേ, നിങ്ങളുടെ കുടുംബങ്ങളിൽ നമ്മുടെ കർത്താവ് സമാധാനം നൽകട്ടെ, പ്രത്യാശ കൊണ്ട് നിറയ്ക്കട്ടെ. നിങ്ങൾ അസ്വസ്ഥരാണ്, നിങ്ങൾ മനസ്സിൽ ക്ലേശം ഉള്ളവരാണ് എന്നത് പ്രാർത്ഥനയിൽ ഓർക്കുന്നു. കൊറോണ എന്ന വൈറസിന്റെ വലിയ ദൂരവ്യാപകമായ ദുരന്തങ്ങൾ അനുഭവിക്കുന്ന ദേശത്തെ എല്ലാവരേയും നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കാം. ദേവാലയ കേന്ദ്രീകൃതമായ വി. ശുശ്രൂഷകൾ ഇപ്പോൾ സാധ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ നിങ്ങളേവരോടും സ്നേഹത്തോട് ഞാൻ ഉപദേശിക്കുന്നു, നമ്മുടെ കുടുംബങ്ങളിൽ വി. വേദപുസ്തകത്തിന്റെ കൂടുതൽ വായനയും ഒരുമിച്ചുള്ള സന്ധ്യയുടേയും പ്രഭാതത്തിന്റെയും പ്രാർത്ഥനകളും പരി. ദൈവമാതാവിനോടുള്ള പ്രത്യേക ജപമാലയും കരുണകൊന്തയും

51-ാം സങ്കീർത്തനത്തിന്റെ ആവർത്തിച്ചുള്ള പ്രാർത്ഥനയും കുരിശിന്റെ വഴിയും "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന കർത്തൃ പ്രാർത്ഥനയുടെ വ്യക്തിപരമായ ആവർത്തനവും, പിതാവിനും പുത്രനും പരി. റൂഹായ്ക്കും സ്തുതി എന്ന ത്രിതൈ്വയ്ക സ്തുതിയും നിങ്ങളുടെ മനസ്സിൽ നിറയട്ടെ. കുടുംബങ്ങളിൽ നിന്ന് സഭ ഉയരട്ടേ. മനുഷ്യന്റെ അധികാരത്തിനപ്പുറം, മനുഷ്യന്റെ കാര്യപ്രാപ്തിക്കപ്പുറം ജീവനെ നിലനിറുത്തുവാൻ ജീവനെ സംരക്ഷിക്കുവാൻ ദൈവത്തിന് മാത്രമേ കഴിയൂ. അവിടുത്തേക്ക് അസാധ്യമായി ഒന്നുമില്ലല്ലോ. പ്രിയപ്പെട്ട സഭാമക്കളേ നിങ്ങളേവരേയും പ്രാർത്ഥനയിലും വി. കുർബാനയിലും ഞാൻ ഓർക്കുന്നു. സഭാ കുടുംബം നിങ്ങളോട് ഒപ്പമുണ്ട്. അഭിവന്ദ്യ പിതാക്കന്മാരുടേയും വിശ്വാസ സമൂഹത്തിന്റെ മുഴുവനായുള്ള പ്രത്യേക സ്നേഹം നിങ്ങളെ അറിയിക്കുന്നു. എന്റെ എളിയ പ്രാർത്ഥനയിൽ നിങ്ങൾ ഉണ്ട്. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും നമ്മുടെ പിതാക്കന്മാരേയും പ്രത്യേകം ഓർക്കണമെന്ന് നിങ്ങളോട് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും സർവ്വശക്തനായ ദൈവം, പിതാവും പുത്രനും പരി. റൂഹായുമായ ത്രിയേക ദൈവം സംരക്ഷിക്കുകയും പരിപാലിക്കുകയും ഇമ്മാനുവേലായി കൂടെയിരിക്കുകയും ചെയ്ത് നിങ്ങളെ സ്ഥിരീകരിക്കുമാറാകട്ടേ. അവിടുത്തേക്ക് എന്നും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

---

## ദോഹയിലെ വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

എന്റെ യേശു എനിക്കു നല്ലവൻ
അവനെന്നുമെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻപ്രയാസങ്ങളിൽ
മനമേ, അവൻ മതിയായവൻ (2)

നമ്മുടെ കർത്താവ് സ്നേഹിക്കുന്ന ദോഹയിലെ നമ്മുടെ സഭാമക്കളേ, പ്രിയപ്പെട്ട ഷാജിവാഴയിലച്ചൻ, നിങ്ങളേവരേയും നമ്മുടെ കർത്താവിന്റെ കാരുണ്യവും, അവിടുത്തേ സ്നേഹവും, അവിടുത്തെ തിരുസാന്നിധ്യവും സന്തോഷത്തോടെ ഞാൻ ആദ്യമേ അറിയിച്ച് കൊള്ളട്ടേ. ആപത്തിലും രോഗത്തിലും വൻ പ്രയാസങ്ങളിലും

രക്ഷിക്കുന്ന അവിടുത്തെ നാമം നമ്മുടെ കൺമുൻപിലിരിക്കുമ്പോൾ, അന്ധകാരത്തിൽ ഇരുന്ന ഒരു ജനത, യേശു " ഞാൻ വെളിച്ചമാകുന്നു" എന്നരുളിച്ചെയ്ത കർത്താവ് നമ്മുടെ അന്ധകാരത്തെ ദുരീകരിക്കട്ടേ. ലോകംമുഴുവൻ, നമ്മുടെ കൊച്ചുകേരളവും ഭാരതവും ആകാംക്ഷയുടെയും അസ്വസ്തതയുടേയും ആരോഗ്യ സംരക്ഷണത്തിന്റ ക്രമീകരണങ്ങളിലെ പരിമതിയുടേയും മധ്യേ നിലകൊള്ളുമ്പോൾ നാഥാ ഞങ്ങൾ ആരുടെ പിന്നാലേ പോകേണ്ടു, അങ്ങയുടെ കരങ്ങളിലാണല്ലോ നിത്യവചനം എന്ന് നമ്മുടെ കർത്താവിനോട് ശിഷ്യൻമാർ പറഞ്ഞത്പോലെ നാം കർത്താവിന്റെ സന്നിധിയിലേക്ക് അടുത്ത് വരികയാണ്. പ്രിയപ്പെട്ട സഭാമക്കളേ, നിങ്ങൾ ഈ ദിനങ്ങളിൽ അസ്വസ്ഥതയിലും വേദനയിലും ആണ് എന്നറിയാം. നിങ്ങളുടെ വേദനയിൽ സഭയുടെ പിതാവ് എന്ന നിലയിൽ ഞാനും നമ്മുടെ അഭിവന്ദ്യരായ പിതാക്കന്മാരും നമ്മുടെ വിശ്വാസ കുടുംബവും സഭമുഴുവനുമായും നിങ്ങൾക്ക് വേണ്ടി നിങ്ങളോടൊപ്പവും പ്രാർത്ഥിക്കുന്നു. കാരണം നിങ്ങൾ ദോഹയിൽ ആയിരിക്കുന്നത് നിങ്ങളുടെ കാര്യത്തിൽ മാത്രമല്ലല്ലോ. നിങ്ങളെ പശ്ചാത്തലമാക്കി ജീവിക്കുന്ന ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്. ഇടവക സമൂഹമുണ്ട്, ദേശമുണ്ട്. എല്ലാമോർത്ത് പ്രാർത്ഥിക്കുന്നു. നിരാശയിൽ വീണ് പോകാതിരിപ്പാൻ പരി. റൂഹാ നിങ്ങളെ ബലപ്പെടുത്തട്ടേ. "നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ച് തരണമേ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറകണമേ ". നമ്മുക്ക് ഹൃദയത്തിന്റെ പരമാർത്ഥതയിൽ കർത്താവിനോട് പ്രാർത്ഥിക്കാം. മക്കളേ അവിടുന്ന് തള്ളികളയുകയില്ല. നിങ്ങളുടെ ജോലി സ്ഥലത്ത് നിങ്ങൾ സുരക്ഷിതരായിരിക്കട്ടേ. നിങ്ങളുടെ സ്ഥലങ്ങളിൽ നിങ്ങളുടെ ആരോഗ്യത്തെ കുറിച്ച് നിങ്ങൾക്ക് നല്ല കരുതൽ ഉണ്ടാവണം. ഒഴിവാക്കാവുന്ന യാത്രകൾ ഒഴിവാക്കുക തന്നെ വേണം. കർത്താവ് കരുണവർഷിച്ച് നിങ്ങളേ ബലപ്പെടുത്തട്ടേ. നമ്മുടെ ദൈവാലയ കേന്ദ്രീകൃതമായ വി. കുർബാനയും വി. ശുശ്രൂഷകളും തടസ്സപ്പെട്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. നിങ്ങളേവരേയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരി. റൂഹായുടെ സംസർഗവും ആവാസവും എന്നും എക്കാലവും നിങ്ങളോടൊപ്പം ഇരിക്കുമാറാകട്ടേ. ദൈവത്തിന്റെ തിരുനാമത്തിന് എന്നും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## ഒമാനിലെ വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

മഹത്വമുള്ള ഏശയ്യ ദീർഘദർശിയുടെ പുസ്തകം 44-ാം അധ്യായത്തിൽ 21-മുതൽ 24വരെയുള്ള വചനങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു. "യാക്കോബേ, നീ ഓർമ്മിക്കുക. ഇസ്രായേലേ, നീ ഓർമ്മിക്കുക. നീ എന്റെ ദാസനാണ്. ഞാൻ നിന്നെ സൃഷ്ടിച്ചു. നീ എന്റെ ദാസൻ തന്നെ. ഞാൻ നിന്നെ സൃഷ്ടിച്ചു. നീ എന്റെ ദാസൻ തന്നെ. ഇസ്രായേലേ ഞാൻ നിന്നെ വിസ്മരിക്കുകയില്ല. കാർമേഘം പോലെ നിന്റെ തിന്മകളേയും മൂടൽമഞ്ഞ് പോലെ നിന്റെ പാപങ്ങളേയും ഞാൻ തുടച്ച് നീക്കി. എന്നിലേക്ക് തിരിച്ച് വരിക. ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. ആകാശങ്ങളേ സ്തുതി പാടുക. കർത്താവ് ഇത് ചെയ്തിരിക്കുന്നു. ഭൂമിയുടെ ആഴങ്ങളേ ആർപ്പ് വിളിക്കുക. പർവ്വതങ്ങളേ, വനമേ, വനവൃക്ഷങ്ങളേ ആർത്ത് പാടുക. കർത്താവ് യാക്കോബിനെ രക്ഷിച്ചിരിക്കുന്നു. ഇസ്രായേലിൽ അവിടുത്തെ മഹത്വം പ്രകീർത്തിക്കപ്പെടും". കർത്താവിനാൽ ഏറ്റം സ്നേഹിക്കപ്പെടുന്ന ഒമാനിലെ പ്രിയപ്പെട്ട സഭാമക്കളേ, പ്രിയപ്പെട്ട ഫിലിപ്പ് നെല്ലിവിളയിലച്ചാ, നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിന്റെ സ്നേഹവും സമാധാനവും ഞാൻ സന്തോഷപൂർവ്വം അറിയിക്കുന്നു. കർത്താവിന്റെ കാരുണ്യത്തിനായി നിങ്ങൾക്ക് വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ലോകം മുഴുവൻ കൊറോണ വൈറസിന്റെ പിടിയിൽ വേദനിക്കുന്ന ഈ ദിനങ്ങളിൽ നിങ്ങളോട് നമ്മുടെ സഭയുടെ സ്നേഹവും ബന്ധവും നിങ്ങൾക്ക് വേണ്ടി സഭമുഴുവനായി പ്രാർത്ഥിക്കുന്നു എന്ന വലിയ ആത്മീയ വിചാരവും നിങ്ങളോട് ഞാൻ പങ്കുവയ്ക്കുന്നു. കർത്താവ് വിസ്മരിച്ച് കളയാത്ത ഒരു ജനമായി, കർത്താവ് കൂടെ നിറുത്തിയിരിക്കുന്ന ഒരു ജനമായി, നമ്മേ എല്ലാ കാലത്തും അവിടുന്ന് പരിപാലിക്കുന്നു. സംഭവങ്ങൾ വിസമരിക്കപ്പെടാം, കാലവസ്ഥയ്ക്ക് മാറ്റംവരാം, ഭൂമിയുടെ താപനിലയിൽ പ്രപഞ്ചസംവിധാനങ്ങളിൽ മാറ്റമുണ്ടാകാം. എന്നാൽ മാറ്റമില്ലാത്ത ദൈവം തന്റെ കാരുണ്യത്തിൽ ഉറച്ച് നിൽക്കുന്നു. ഒരുനാളും ഞാൻ നിന്നെ ഉപേക്ഷിച്ച് കളയുകയില്ല. നിന്റെ അമ്മയുടെ ഉദരത്തിൽ നീ രൂപം കൊള്ളുന്നതിന് മുൻപ് ഞാൻ നിന്നെ അറിഞ്ഞു. ഉള്ളം കൈയ്യിൽ സംരക്ഷിക്കുന്ന ദൈവം. യുഗാന്ത്യത്തോളം കൂടെയിരിക്കുന്ന ദൈവം. ആ ദൈവത്തിന്റെ കരവലയത്തിൽ നാം സുരക്ഷിതരാണ് എന്നത് ഓർക്കുക. പരി. ദൈവമാതാവ് നമ്മുക്ക് വേണ്ടി

മാധ്യസ്ഥം വഹിക്കട്ടേ. അമ്മ നമ്മോട് പറയുന്നത് പോലെ നിങ്ങൾ ചെയ്യുവിൻ. കർത്താവ് പറയുന്നത് പോലെ നമ്മുക്കും പ്രവർത്തിക്കാം. കർത്താവ് ആത്മാവിൽ നമ്മിൽ ആരംഭിച്ചത് ആത്മാവിൽ തന്നെ പൂർത്തീകരിക്കും. നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ, സമൂഹത്തിൽ, ജോലി സ്ഥലങ്ങളിൽ ഒരു വലിയ പ്രയാസവും അസ്വസ്ഥതയും നേരിടുന്നുണ്ടെന്നറിയാം. കർത്താവ് അതിന് പരിഹാരം, അതിന് സമാശ്വാസം നല്കും. മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ കർത്താവിൽ ആശ്രയിക്കുന്നതാണ് നല്ലത് എന്നത് വീണ്ടും നമ്മുക്ക് ഓർക്കാം.

മനുഷ്യന് പരിമിതി ഉണ്ട്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. അതേ, ഒമാൻ എന്ന വലിയ രാജ്യത്തിന്റെ പ്രദേശങ്ങളിൽ സഭാകുടുംബമായി നിങ്ങൾ കഴിയുമ്പോൾ നിങ്ങളുടെ കുടുംബങ്ങളേയും നിങ്ങളേയും നമ്മുടെ കർത്താവിന്റെ കരുണയുള്ള കരങ്ങളിലേക്ക് ഏൽപ്പിക്കുന്നു. പ്രിയപ്പെട്ട ഫിലിപ്പ് നെല്ലിവിളയിലച്ചന്റെ ശുശ്രൂഷയിൽ നമ്മുടെ കൂട്ടായ്മ ബലപ്പെട്ട് കർത്താവിന്റെ കരുണയനുഭവിക്കുന്ന വലിയ സമൂഹമായി വളരട്ടേ. നമ്മുടെ സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരുടെ സ്നേഹം, പ്രാർത്ഥന ഈ സമയം ഞാൻ നിങ്ങളെ അറിയിക്കുന്നു. സഭയൊന്നായി പ്രാർത്ഥനയിൽ നിങ്ങളേ ഓർക്കുന്നു. ദേവാലയത്തിലെ ശുശ്രൂഷകൾക്ക് പരിമിതിയും തടസ്സവും ഉണ്ടെങ്കിലും നമ്മുടെ വീടുകളിൽ പ്രാർത്ഥനയുടെ കോട്ടകെട്ടി സംരംക്ഷിക്കണം. മാലാഖമാരുടെ സ്തുതിപ്പുകളോട് ചേർന്ന് നിങ്ങളുടെ സ്തുതിപ്പുകൾ കുടുംബങ്ങളിൽ നിന്ന് ഉയരട്ടെ. അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നത് പോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു എന്ന് കുടുംബമായി പറയുന്നതിനും പ്രാർത്ഥിക്കുന്നതിനും ഉള്ള വലിയൊരു സന്ദർഭമാണിത്. ശത്രുവും പിശാചും പരാജയപ്പെടട്ടേ. ദൈവത്തിനു മാത്രം മഹത്വം അവിടുത്തെ നീതിയും രക്ഷകരമായ ഇടപെടലും നമ്മുക്ക് പുതുജീവൻ പ്രദാനം ചെയ്യട്ടേ. ഒമാനിലെ മക്കളായ നിങ്ങളോട് എന്റെ സ്നേഹം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും ഓർക്കണമേ, സഭ ശുശ്രൂഷകരേവരയും ഓർക്കണമേ. നിങ്ങൾക്ക്, നിങ്ങളുടെ കുടുംബങ്ങൾക്ക്, കർത്താവ് എല്ലാ സമാധാനവും നല്കട്ടേ. നമ്മുടെ കൂട്ടായ്മയുമായി സ്നേഹത്തിലും സാഹോദര്യത്തിലും കഴിയുന്ന

എല്ലാവരോടും നമ്മുടെ സഭയുടെ, എന്റെ സ്നേഹം, അറിയിക്കുക. അവർക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നു. ലോകത്തിന് മുഴുവനായി നിങ്ങളുടെ കുടുംബങ്ങളിൽ നിന്ന് പ്രാർത്ഥന ഉയരട്ടേ. സന്തോഷ ത്തോടെ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു. പിതാവായ ദൈവ ത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരി റൂഹയാം ദൈവത്തിന്റെ ആവാസവും നിങ്ങളെല്ലാവരോടും എന്നും എക്കാലത്തും ഉണ്ടായിരിക്കട്ടേ. ആമ്മീൻ.

---

## കുവൈറ്റിലെ വിശ്വാസ സമൂഹത്തിന് നൽകിയ സന്ദേശം

കുവൈറ്റിലുള്ള പ്രിയപ്പെട്ട സഭാ മക്കളേ, പ്രിയപ്പെട്ട ജോൺ തുണ്ടിയത്തച്ചൻ, ലോകം മുഴുവൻ ഒരു പ്രത്യേക സാഹചര്യ ത്തിലൂടെ കടന്നു പോകുമ്പോൾ കുവൈറ്റിലുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മക്കളായ നിങ്ങൾ എല്ലാവരേയും നിങ്ങൾക്ക് പൗരോഹിത്യത്തിന്റെ ശുശ്രൂഷ നല്കുന്ന പ്രിയപ്പെട്ട ജോൺ തുണ്ടിയിലച്ചനേയും ഇപ്രകാരം അഭിസംബോധന ചെയ്യുകയും നിങ്ങളോടൊപ്പം സഭ കൂടെയുണ്ട്, നിങ്ങളോടൊപ്പം സഭ ചേർന്ന് പ്രാർത്ഥിക്കുന്നു, എന്ന് നിങ്ങളോട് ഹൃദയപൂർവ്വം പങ്കുവയ്ക്കുവാനും സാധിക്കുന്നത് ഹൃദയത്തിന്റെ പരമാർത്ഥ തയിലും അതിന്റെ നിറവിലും ഞാൻ അറിയിക്കട്ടേ. നമ്മുടെ കർത്തായ യേശുക്രിസ്തുവിന്റെ സമാധാനം നിങ്ങളേവരുടെയും ഹൃദയങ്ങൾക്ക് കൂടുതൽ ശക്തിയും കരുത്തും നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ നാട്ടിൽ, ദേശംമുഴുവനും വ്യാപിച്ചി രിക്കുന്ന കൊറോണ എന്ന വൈറസ്, അത് വഴി ഉണ്ടായിരിക്കുന്ന വലിയ പ്രത്യാഘാതങ്ങൾ നമ്മുടെ കൊച്ച് കേരളത്തേയും നിങ്ങളെപ്പോലുള്ള അനേക സ്ഥലങ്ങളിലെ ആളുകളേയും കൂടുതൽ അസ്വസ്ഥതപ്പെടുത്തുകയാണ്. ആരോഗ്യത്തിന്റെ സംരക്ഷണത്തെ കുറിച്ച് ജീവന്റെ നിലനിൽപ്പിനെക്കുറിച്ച് അതാത് സ്ഥലങ്ങളിലെ അധികാരികൾ, ആരോഗ്യ വകുപ്പ് അധികൃതർ നല്കുന്ന എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കണം. കർശനമായി എല്ലാവരും ബോധ്യത്തോടെ അതിനോട് സഹകരിക്കണം. അതോടൊപ്പം തന്നെ നമ്മുടെ ആത്മീയ ജീവിതത്തിൽ വ്യക്തിപരമായ പ്രാർത്ഥനയും കുടുംബ കേന്ദ്രീകൃതമായ പ്രാർത്ഥനാനുഭവവും വർത്തമാന മാകുന്നതിന് ഈ ദിവസങ്ങളിലെ പ്രത്യേക അജപാലന ക്രമീകരണങ്ങൾ സഹായകമാകട്ടേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

നമ്മുടെ ദൈവാലയങ്ങളിലെ വി. കുർബാന, വിശ്വാസ സമൂഹം ഒരുമിച്ച് നടത്തുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ, കുവൈറ്റിലേയും മറ്റ് അനേക സ്ഥലങ്ങളിലേയും നമ്മുടെ നാട്ടിലേയും ഒക്കെ സാഹചര്യങ്ങൾ മനസ്സിലാക്കുമ്പോൾ നിങ്ങൾ അത് ഗ്രഹിക്കുമല്ലോ. ഇപ്രകാരമുള്ള ഒരു സാഹചര്യത്തിൽ നമ്മുടെ കുടുംബങ്ങളിലെ പ്രാർത്ഥനകൾ ഏറ്റം ഹൃദ്യമായി, ദൈവത്തിന് സ്വീകാര്യമായി അർപ്പിക്കുന്നതിന് നിങ്ങളേവരും പ്രത്യേകം ശ്രദ്ധ നല്കണം എന്ന് ഞാൻ സ്നേഹത്തോടെ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ലോകത്തിന്റെ മേൽ പൂർണ്ണാധികാരമുള്ളത് ജീവന്റെ നാഥനായ കർത്താവിനാണ്. നമ്മുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വലിയ സ്നേഹബന്ധത്തിലായിരിക്കുന്ന നമുക്ക് വി. പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നത് പോലെ "കർത്താവായ യേശു ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്ന് എന്നെ ഒന്നിനും വേർപെടുത്തുവാൻ കഴിയുകയില്ല. രോഗത്തിനും പട്ടിണിക്കും വാളിനും മരണത്തിന് പോലും എന്നെ വേർപെടുത്താൻ ആവില്ല" എന്ന് പൗലോസ് അപ്പസ്തോലൻ തന്റെ ക്രിസതു അനുഭവത്തെക്കുറിച്ച് പങ്ക് വച്ചത് ഹൃദയത്തിൽ നമുക്ക് സ്വീകരിക്കാം. നാം ദൈവത്തോട് കൂടെ ജീവിക്കുവാൻ, ദൈവത്തിന്റെ കരവലയത്തിലായിരിക്കുവാൻ, യേശുക്രിസ്തുവിലൂടെ പ്രാർത്ഥിക്കുന്നവരും ജീവിക്കുന്നവരുമാണല്ലോ. കുവൈറ്റിലുള്ള പ്രിയപ്പെട്ട ജോണച്ചാ, പ്രിയപ്പെട്ട സഭാ മക്കളേ, ദൈവം കൂടെയിരിക്കുന്ന, ദൈവം സംരക്ഷിക്കുന്ന വിശ്വാസ സമൂഹമായി എന്നും സ്വർഗ്ഗം നിങ്ങളെ കാത്തുപരിപാലിക്കട്ടെ. പ്രതികൂല സാഹചര്യങ്ങളിൽ തളർന്ന് പോകാതെ ദൈവത്തോട് ചേർന്ന് നിന്ന് മുന്നോട്ട് പോകുന്നതിന് ഇടയാകട്ടെ. ഈ കാലയളവിൽ നമ്മുടെ മനസ്സിന് കൂടുതൽ അസ്വസ്ഥത പകരുന്ന, വിശ്വാസ ജീവിതത്തെ സംശയം കൊണ്ട് സങ്കർഷത്തിലാക്കുന്ന അനേകം ചിന്തകളും പ്രഭാഷണങ്ങളും അഭിപ്രായ പ്രകടനങ്ങളും ഒക്കെ കേൾക്കുമ്പോൾ, കർത്താവിൽ നിന്ന് വിട്ട് മാറാതെ തിരുസഭയോട് ചേർന്ന് നിന്നുകൊണ്ട് ജീവിക്കാൻ എല്ലാ കൃപാവരങ്ങളും അവിടുന്ന് നല്കട്ടെ. ആചാരങ്ങൾക്കപ്പുറത്ത് വലിയ ദൈവം നിൽക്കുന്നു എന്നുള്ളത് നമുക്ക് ഓർക്കാം. ആചാരങ്ങൾ പരാജയപ്പെടുന്നു. ആചാരങ്ങൾക്ക് സാഹചര്യം വൈരുദ്ധ്യം സൃഷ്ടിക്കുന്നു എന്നൊക്കെ വന്നാലും ദൈവത്തെ

വെല്ലുവിളിക്കുന്ന സംസ്കാരത്തിനും ദൈവത്തെ ചോദ്യം ചെയ്യുന്ന മനോഭാവത്തിനും നാം ഗൗരവതരമായി പ്രത്യു ത്തരിക്കേണ്ടുന്ന വരാണ് എന്ന് ഓർക്കുക. നമ്മുടെ രക്ഷയെപ്രതി ശിശുവായി, മനുഷ്യകുഞ്ഞായി ജനിക്കുവാൻ മനസ്സ് കാട്ടിയൊരു ദൈവം, കൂടെയിരിക്കുവാൻ തന്റെ സ്നേഹത്തെ നല്കിയ ദൈവം, ഒരു രോഗത്തിന്റെ മുൻപിൽ നമ്മെ ഉപേക്ഷിച്ച് പോകുന്ന ദൈവമല്ല. അതേ അവൻ ഇമ്മാനുവേൽ, ദൈവം കൂടെയിരിക്കുന്നവൻ. പ്രിയപ്പെട്ട ജോണച്ചനോടും, പ്രിയപ്പെട്ട നിങ്ങൾ എല്ലാവരോടും നമ്മുടെ സഭയുടെ, മലങ്കര സുറിയാനി കത്തോലിക്കാ സഭാകൂട്ടായ് മയുടെ സ്നേഹവും ബന്ധവും പ്രാർത്ഥനയും അറിയിക്കുന്നു. നിങ്ങൾ സഭയ്ക്ക് നല്കുന്ന വലിയ കരുതലിന് നന്ദിപറയുന്നു. സഭയെ സംരക്ഷിക്കുന്ന വലിയ വാത്സല്യത്തെ ഞാൻ ഓർക്കുന്നു. നിങ്ങളുടെ കൂടെ കർത്താവുണ്ട്. നിങ്ങളുടെ കൂടെ തിരുസഭ കൂട്ടായ്മയുണ്ട്. നിങ്ങളോടൊപ്പം നിങ്ങളുടെ പിതാക്കന്മാരുണ്ട്. നിങ്ങളോട് ചേർന്ന് എളിയവനായ ഞാനും പ്രാർത്ഥിക്കുന്നു. സർവ്വശക്തനും രക്ഷ കനുമായ അവിടുന്ന് നിങ്ങളോരോരുത്തരേയും നിങ്ങളുടെ കുടും ബങ്ങളേയും കുവൈറ്റിലെ നമ്മുടെ കൂട്ടായ്മയേയും ആശീർവ്വ ദിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേക ദൈവം നിങ്ങളുടെ കൂടെയിരുന്ന് നിങ്ങളെ സംരക്ഷിച്ച് വഴി നടത്തു മാറാകട്ടെ, ആമ്മേൻ.

---

## സൗദിയിലെ വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

ജ്ഞാനത്തിന്റെ പുസ്തകം 15-ാം അധ്യായം 1 മുതൽ 4 വരെ യുള്ള വാക്യങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു. “ഞങ്ങളുടെ ദൈവമേ, അവിടുന്ന് ദയാലുവും വിശ്വസ്തനും ക്ഷമാശീലനും ആണ്. അവിടുന്ന് എല്ലാറ്റിനേയും കൃപയോടെ പരിപാലിക്കുന്നു. ഞങ്ങൾ പാപികളെങ്കിലും അങ്ങയുടെ ജനമാണ്. ഞങ്ങൾ അവിടുത്തെ ശക്തി അറിയുന്നു. അങ്ങ് ഞങ്ങളെ സ്വന്തമായി കണക്കാക്കിയെന്ന് അറിയുന്നതിനാൽ ഞങ്ങൾ പാപം ചെയ്യുകയില്ല. അങ്ങയെ അറി യുന്നതാണ് നീതിയുടെ പൂർണ്ണത. അങ്ങയുടെ ശക്തി അറിയുന്ന താണ് അമർത്യതയുടെ ആരംഭം”. സൗദി അറേബ്യയിലെ പ്രിയ പ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളേ, നമ്മുടെ

കർത്താവിന്റെ സ്നേഹവും അവിടുത്തെ സമാധാനവും നിങ്ങൾക്കേവർക്കും സന്തോഷത്തോടുകൂടി നേരുന്നു. അവിടുത്തെ കൃപകൾക്കായി പ്രാർത്ഥിക്കുന്നു. കൊറോണ വൈറസിന്റെ വലിയൊരാഘാതം സൃഷ്ടിച്ചിരിക്കുന്ന വലിയ അസ്വസ്ഥതകൾ, തൊഴിൽ സംബന്ധമായ പ്രത്യേകതകൾ, ആരോഗ്യപരമായ വിഷയങ്ങൾ ഇവയിലൂടെ ലോകം കടന്ന് പോകുമ്പോൾ നീതി, ദയ, സ്നേഹം, കാരുണ്യം ഇവയുടെയെല്ലാം ഉറവിടമായ കർത്താവ് നിങ്ങൾക്ക് സമാധാനം നൽകി നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. സഭാമക്കൾ ലോകത്തിന്റെ പലഭാഗങ്ങളിലായിരിക്കുന്നു. അവരോടെല്ലാം ചേർന്നു നിൽക്കാം. ദൈവരാജ്യത്തിലെ അനേകം മക്കൾ, എല്ലാം ദേശക്കാരും അസ്വസ്ഥരായി വ്യാപരിക്കുന്ന നാളുകളിൽ പ്രത്യാശ അന്വേഷിച്ച് ആരെ നോക്കും? എവിടെ അന്വേഷിക്കും?. അന്ധകാരത്തിലിരുന്ന ജനം വലിയ ഒരു പ്രകാശം കണ്ടു. “ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു” എന്ന് നമ്മുടെ കർത്താവ് അരുളിചെയ്തത് ഓർക്കാം. ലോകത്തിന്റെ പ്രകാശമായവൻ നമ്മേ കണ്ടുകൊണ്ടിരിക്കുന്നു. അവന്റെ പ്രകാശത്തിൽ നാം എല്ലാറ്റിനേയും കാണുന്നു. കർത്താവ് സ്വന്തമാക്കിയ ജനം ഭാഗ്യമുള്ളവരല്ലേ, കർത്താവിനെ സ്വന്തമാക്കിയവർ ദൈവസമ്പാദനത്തിന് പരിശ്രമിക്കുന്നവരല്ലേ. പ്രിയപ്പെട്ട മക്കളേ, കർത്താവിലും അവിടുത്തെ വാഗ്ദാനത്തിലും നിങ്ങൾ പൂർണ്ണമായി ശരണം അർപ്പിക്കുവിൻ. “ഞാൻ, നിങ്ങളേ ഒരു കാലത്തും ഉപേക്ഷിക്കുകയില്ല. യുഗാന്ത്യത്തോളം നിങ്ങളുടെ കൂടെയിരിക്കും. നിങ്ങൾക്കൊരാശ്വാസദായകനെ നല്കും”. ആ പരിശുദ്ധാത്മാവിനെ നല്കി, നമ്മേ ആശ്വസിപ്പിച്ച കർത്താവ് ഈ കാലഘട്ടത്തിലും നമ്മൊടൊപ്പമായിരിക്കും. സൗദി അറേബ്യയിലെ സഭാമക്കൾ എന്ന നിലയിൽ നിങ്ങളോട് ഞാൻ ഈ വചനം പങ്ക് വയ്ക്കുമ്പോൾ നിങ്ങളെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നിങ്ങളുടെ സമൂഹജീവിതത്തിന്റെ, സഭാജീവിതത്തിന്റെ എല്ലാ പ്രത്യേകതകളും മനസ്സിൽ കരുതികൊണ്ട് ഞാൻ ദൈവസന്നിധിയിൽ കരങ്ങൾ ഉയർത്തുന്നു, പ്രാർത്ഥിക്കുന്നു. സഭ നിങ്ങളോടൊപ്പം ഉണ്ട്. അഭിവന്ദ്യ പിതാക്കന്മാരുടെ സ്നേഹവും വാത്സല്യവും നിങ്ങളെ അറിയിക്കുന്നു. നമ്മുടെ സഭ ഒന്നായി, ദൂരെ ദേശത്തായിരിക്കുന്ന സഭാമക്കളേ, നിങ്ങളുടെ കുടുംബങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നു.

കേരളത്തിന്റെ സ്ഥിതി ആശാവഹമല്ല എന്ന് നിങ്ങളും അറിയുന്നുണ്ടല്ലോ. പ്രാർത്ഥിക്കാൻ വിട്ട് പോകരുതേ. ഇവിടെ എല്ലാം അസ്വസ്ഥതയിൽ നിന്ന് അസ്വസ്ഥതയിലേക്ക് നീങ്ങുമ്പോൾ നിങ്ങളേയും ലോകത്തേയും ബാധിക്കുമല്ലോ. കർത്താവ് ആശ്വസിപ്പിക്കട്ടേ, ബലപ്പെടുത്തട്ടേ. നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ആത്മബന്ധത്തിൽ നമ്മുടെ കർത്താവിനെ സ്വന്തമാക്കുന്നതിന് വന്ദ്യപിതാവ് മാർ ഇവാനിയോസ് പിതാവ് പഠിപ്പിച്ചത് പോലെ ദൈവസമ്പാദനമാണ് മക്കളേ അത്യുത്തമം. ബാക്കിയെല്ലാം അതിന്റെ പിന്നാലെ വരുന്നത് മാത്രം. സൗദി അറേബ്യയിലെ പ്രിയപ്പെട്ട മക്കളായ നിങ്ങൾക്ക് സഭയുടെ എല്ലാ ബന്ധവും ഞാനറിയിക്കുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവം നിങ്ങളേയും, നിങ്ങളുടെ കുടുംബങ്ങളേയും സമൃദ്ധമായി അനുഗ്രഹിച്ച് നിങ്ങളെ സ്ഥിരീകരിക്കട്ടേ, എന്ന് പ്രാർത്ഥിക്കുന്നു അവിടുത്തെ നാമത്തിന് എന്നും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

---

## ഓസ്ട്രേലിയായിലേയും ന്യൂസിലാൻഡിലേയും വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

ഓസ്ട്രേലിയായിലേയും ന്യൂസിലാൻഡിലേയും പ്രിയപ്പെട്ട സഭാമക്കളേ നിങ്ങളേവരോടും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വാത്സല്യവും സമാധാനവും അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. പ്രത്യേകിച്ച് കൊറോണ വൈറസിന്റെ ഒരു വലിയ പകർച്ചവ്യാധിയിൽ ആകുലപ്പെട്ടിരിക്കുന്ന ലോകത്തിലെ അനേകായിരം കുടുംബങ്ങൾ, കർതൃസന്നിധിയിലേക്ക് നമ്മുടെ ഹൃദയത്തെ ഉയർത്തുന്ന ഈ നാളുകളിൽ നിങ്ങളോട് ചേർന്ന് നിങ്ങൾക്ക് വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളെയെല്ലാം കരുണയുള്ള ദൈവം സംരക്ഷിക്കട്ടേ, പരിപാലിക്കട്ടേ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ സഭാശുശ്രൂഷയിലും, ഓസ്ട്രേലിയായിലെ നേതൃത്വം നൽകുന്ന പ്രിയപ്പെട്ട സ്റ്റീഫൻ അച്ചനോടും പ്രേംകുമാറച്ചനോടും നമ്മുടെ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുന്ന പ്രിയപ്പെട്ട സഭാമക്കളായ നിങ്ങളോരുരുത്തരോടും നിങ്ങളുടെ കുഞ്ഞുങ്ങളോടും യുവതീയുവാക്കളോടും മുതിർന്ന മാതാപിതാക്കളോടും സഭയുടെ സ്നേഹവും കൂട്ടായ്മയും വാത്സല്യവും

ഞാനറിയിക്കുന്നു. നിരാശരും നഷ്ടബോധമുള്ളവരുമായി ജീവിപ്പാനല്ല പ്രത്യാശയിലേക്കു ജീവിപ്പാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുക. ആരോഗ്യസംരക്ഷണത്തെ കുറിച്ച് സർക്കാരുകൾ നല്കുന്ന ജാഗ്രതയും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കപ്പെടണം. മനസ്സിന്റെ ശാന്തതയും ഹൃദയത്തിന്റെ സന്തുലിതാവസ്ഥയും നിലനിറുത്തുവാൻ ദൈവബന്ധത്തിന് മാത്രമേ കഴിയുകയുള്ളല്ലോ. ദൈവത്തോട് ചേർന്ന് നമുക്ക് മുന്നോട്ട് പോകാം. കാഴ്ച്ചയാലയല്ല, വിശ്വാസത്താലേ ജീവിക്കുന്ന ആരാധന സമൂഹമായി നമുക്ക് മുന്നേറാം. മനുഷ്യബുദ്ധിക്കതീതമായ ദൈവത്തിന്റെ രക്ഷിക്കുന്ന വിസ്മയനീയമായ ഇടപെടൽ നമ്മുടെ മുൻപിൽ അടയാളമായി പഴയനിയമത്തിലും വർത്തമാനകാലത്തിലും കൂടെയുള്ളപ്പോൾ ഒരു കാര്യം നാം ഓർക്കുക. നമ്മുടെ കർത്താവിന്റെ സത്യമായ വാഗ്ദാനം അതിപ്പോഴും ജീവിക്കുന്നത് തന്നെ. "ഞാൻ നിങ്ങളെ അനാഥരായിവിടുകയില്ല". ആരുമില്ലാത്തവരായി നിങ്ങളെ ഉപേക്ഷിച്ച് കളയില്ല. "യുഗാന്ത്യം വരെ ഞാൻ കൂടെയിരിക്കും". തന്റെ ഒപ്പമിരുത്തുവാൻ സ്വർഗ്ഗത്തിൽ ഇരിപ്പിടമൊരുക്കി കാത്തിരിക്കുന്ന ഒരു ദൈവം, അവൻ തരുന്നതെന്തും നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ്. യേശു എന്റെ നല്ല രക്ഷിതാവ്, രോഗത്തിലും പ്രയാസത്തിലും എന്നും എനിക്ക് തുണയായവനായ ആ കർത്താവ് നിങ്ങളെ ഓരോരുത്തരേയും ഭരിക്കട്ടേ. My dear children, I would like to extend you all greetings and blessings from our Church, from all our Bishops. So that you may get yourself the random of love of Christ which is the source of our life and growth. May the Holy Spirit Comfort you and strengthen you. Experiencing God is the core of our life. My dear families and my dear fathers, greetings and blessings of the Lord be with you all. നമ്മുടെ '13' അഭിവന്ദ്യ പിതാക്കന്മാരോട് ചേർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാമത്തിലുള്ള പ്രാർത്ഥനയും ആശീർവാദവും നിങ്ങൾക്ക് നൽകുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും ആവാസവും നിങ്ങളേവരോടും നിങ്ങളുടെ കുടുംബങ്ങളോടും നിങ്ങളുടെ കുഞ്ഞുങ്ങളോടും നിങ്ങളുടെ ആരോഗ്യത്തോടും നിങ്ങളുടെ എല്ലാ നിയോഗങ്ങളോടും കൂടെ എന്നും എക്കാലത്തും ഉണ്ടായിരിക്കട്ടേ. ആമ്മീൻ.

## ഓസ്ട്രിയായിലെ വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

ഓസ്ട്രിയായിലെ പ്രിയപ്പെട്ട സഭാമക്കളേ, കൊറോണ വൈറസ് വളരെ വേഗത്തിൽ വ്യാപിക്കുന്നതിന്റെ പ്രത്യാഘാതം ലോകം മുഴുവൻ കണ്ടുകൊണ്ടിരിക്കുമ്പോൾ, ഇത്തരണത്തിൽ സഭാമക്കളായ നിങ്ങളെ പ്രത്യേകം ഓർക്കുകയും നമ്മുടെ സഭയുടെ സ്നേഹവും കൂട്ടായ്മയും നിങ്ങളെ അറിയിക്കുകയും ചെയ്യുക എന്നത് ഞാൻ ഏറെ സന്തോഷത്തോടുകൂടി ഓർക്കുകയാണ്, അനുസ്മരിക്കുകയാണ്. നിങ്ങളുടെ വാത്സല്യവും നിങ്ങളുടെ സ്നേഹവും സഭയെ കരുതിയുള്ള നിങ്ങളുടെ ശുഷ്കാന്തിയും ഞാൻ വ്യക്തിപരമായി സന്ദർശനവേളയിൽ അനുഭവിച്ചിട്ടുണ്ട്. അതെല്ലാം ദൈവസന്നിധിയിൽ ഞാൻ ഓർക്കുന്നു. നമ്മുടെ വർത്തമാനകാലത്തെ വലിയ ഒരു പ്രതിസന്ധിയായി കൊറോണ വൈറസിന്റെ ഈ ഒരു വ്യാപനം നടക്കുമ്പോൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവിനോട് ഒപ്പം യാത്ര ചെയ്യുന്ന കൂട്ടമായി, നമ്മുടെ കുടുംബങ്ങളെ ആരാധിക്കുന്ന സമൂഹമായി മുന്നേറുവാൻ പരി. ആത്മാവ് തുണചെയ്യട്ടെ. പ്രിയപ്പെട്ട പ്രശോഭ് അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയിൽ നമ്മളേറെ ആ പ്രദേശത്ത് വളർന്നു എന്നത് ഞാൻ സന്തോഷത്തോടുകൂടി ഓർക്കുന്നു. അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ സഭാകൂട്ടായ്മയുടെ വലിയ സാക്ഷ്യമുള്ള ഒരു സമൂഹമായി നിങ്ങൾ അതിന്റെ പക്വതയിലേക്ക് വളർന്നുനീങ്ങട്ടേ. ലോകം മുഴുവൻ വലിയ ആശങ്കയിലും ഭയത്തിലും കഴിയുമ്പോൾ പ്രിയപ്പെട്ട മക്കളേ, ആശ്വാസത്തിന്റെ ഉറവിടം നമ്മുക്കെവിടുന്ന് ലഭിക്കും? കൊറോണ വൈറസിന്റെ ഈ രോഗത്തിന് മരുന്ന് കണ്ടുപിടിച്ചിട്ടില്ല, എന്നത് കേൾക്കുമ്പോൾ തന്നേ അനേകർ അസ്വസ്ഥരാവുകയാണ്. ആര് നമ്മേ ആശ്വസിപ്പിക്കും? "ആശ്വാസത്തിൽ ഉറവിടമാം ക്രിസ്തു നിന്നെ വിളിച്ചിടുന്നു, നിന്നെ വിളിച്ചിടുന്നു". ആശ്വാസത്തിന്റെ ഉറവിടമായ നമ്മുടെ കർത്താവ്, മകനേ, മകളേ, എന്നെ ശ്രവിക്കുന്ന കുടുംബമേ നിങ്ങളേ വിളിക്കുന്നു, നിങ്ങളേ കരുതുന്നു. ധൈര്യം നഷ്ടപ്പെട്ടുപോകാതെ, ഹൃദയത്തിന്റെ ശാന്തത വിട്ടുപോകാതെ, ആത്മാവിന്റെ അഭിഷേകത്തെ കെടുത്തികളയാതെ, കർത്താവിനോടുച്ചേർന്ന്

മുന്നോട്ട് പോവുക. മഹാമാരിയേക്കാൾ ദൈവത്തിന്റെ മഹാകരുണയ്ക്കാണ് വലിയ വിലയുള്ളത് എന്ന് നമ്മുക്ക് ലോകത്തിന് സാക്ഷ്യപ്പെടുത്തി കൊടുക്കണ്ടേ? നമ്മുടെ ദൈവം ശാസ്ത്രത്തിന്റെ മുൻപിൽ, രോഗത്തിന്റെ മുൻപിൽ പരാജയപ്പെട്ടു എന്ന് ആളുകൾ പറയുമ്പോൾ നിങ്ങൾ നഷ്ടധൈര്യർ ആകരുത്. ദുഃഖവെള്ളിയുടെ ആ രംഗത്ത് നമ്മുടെ കർത്താവ് ക്രൂശിൽ തൂങ്ങി കിടന്നപ്പോൾ നാം പ്രാർത്ഥനയിൽ ഓർക്കുന്നത് പോലെ സൃഷ്ടികൾ വിലാപ ഗാനം പാടി സൃഷ്ടാവിന്റെ മരണത്തെ ആഘോഷിക്കുന്നത് നാം കാണുന്നു. "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു" എന്ന് സങ്കീർത്തകൻ പാടിപുകഴ്ത്തി പ്രാർത്ഥിക്കുമ്പോൾ, സൃഷ്ടികൾ ഗാനം പാടി സൃഷ്ടാവിന്റെ ക്രൂശുമരണത്തെ ആഘോഷിക്കുന്നത് നാം കാണുന്നു. നഷ്ടധൈര്യർ ആകരുത്. ഞാൻ മരണത്തിന്റെ മേൽ അധികാരമുള്ളവനാണെന്ന് നമ്മുടെ കർത്താവ് ഉത്ഥാന ദിവസം നമ്മേപഠിപ്പിച്ചതുപോലെ അവിടുന്ന് നമ്മുടെ ഈ ദുരിതത്തിന് പരിഹാരമുണ്ടാക്കും. രക്ഷകനെ ലഭിക്കാതെ ക്ലേശിച്ച ഒരു ജനത്തിന് വലിയ പ്രകാശം കിട്ടി. കർത്താവിനെ രക്ഷകനായി ലഭിച്ചു. കൂടെയിരിക്കുന്ന ഇമ്മാനുവേലായി അവനെ ലഭിച്ചു. ദൈവം കൂടെയുള്ളതിനേക്കാൾ എന്തുവലിയ സമ്മാനം? പ്രിയപ്പെട്ട മക്കളേ, കർത്താവിന്റെ വാക്കുകൾ നിങ്ങളെ ആശ്വസിപ്പിക്കട്ടേ. ക്ലേശകാലത്ത് അവിടുത്തെ തള്ളികളയരുത്. അവിടുന്ന് നമ്മുടെകൂടെ നിൽക്കും. "മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ കർത്താവിൽ ആശ്രയിക്കുന്നത് നല്ലത്" എന്നുള്ള ദൈവത്തിന്റെ വചനം ഓർത്ത് കൊണ്ട് നമ്മുടെ സഭയിലെ അഭിവന്ദ്യരായ മറ്റു 13 പിതാക്കന്മാരുടെ പ്രാർത്ഥനയും സ്നേഹവും വാത്സല്യവും നിങ്ങളെ അറിയിക്കുന്നു. അവരോട് ചേർന്ന് നിങ്ങളെ ആശീർവദിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരി. റൂഹായുടെ സംസർഗ്ഗവും ആവാസവും നിങ്ങളോരുരത്തരുടെമേലും നിങ്ങളുടെ കുടുംബങ്ങളുടമേലും നിങ്ങളുടെ ക്ലേശത്തിന്റെ ഈ നാളുകളിലും എല്ലാകാലത്തും നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമാറാകട്ടെ. ആമ്മീൻ.





യാചക പുനരധിവാസ കേന്ദ്രത്തിൽ ഭക്ഷണവും വസ്ത്രവും
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വിതരണം ചെയ്യുന്നു.
(23 മെയ് 2020, അട്ടക്കുളങ്ങര)



ബ്രദർ ബിജു ഡാനിയേൽ രചിച്ച 'വഴിച്ചോറു തേടുന്നവർ' എന്ന പുസ്തകം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രകാശനം ചെയ്യുന്നു.
(11 ജൂൺ 2020, തിരുസന്നിധി)

# ഓർമ്മപ്പെരുന്നാൾ



ആബൂൻ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ
(ജൂൺ 27)

# നാമഹേതുക തിരുനാളാശംസകൾ



ജേക്കബ് മാർ ബർണബാസ്
മെത്രാപ്പോലീത്താ
(ജൂൺ 11)



സാമുവൽ മാർ ഐറേനിയോസ്
മെത്രാപ്പോലീത്താ
(ജൂൺ 28)



വിൻസെന്റ് മാർ പൗലോസ്
മെത്രാപ്പോലീത്താ
(ജൂൺ 29)

# നാമഹേതുക തിരുനാളാശംസകൾ



**അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ**

(മെയ് 30)



**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ റീജൻസി പൂർത്തിയാക്കി വൈദിക വസ്ത്രം സ്വീകരിച്ച വൈദിക വിദ്യാർത്ഥികൾ**

**അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പം**

(21 മെയ് 2020, തിരുസന്നിധി)






പട്ടം സെന്റ് മേരീസ് പ്രസ്സിലെ ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ അത്യഭിവന്ദ്യ കാതോലിക്കാബാവ കൂദാശ ചെയ്ത്
ആദ്യ പ്രതി പ്രകാശനം ചെയ്യുന്നു. (13 മെയ് 2020, പട്ടം)

## ജർമ്മനിയിലെ
## വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

ജർമ്മനിയിലെ പ്രിയപ്പെട്ട സഭാമക്കളേ, നമ്മുടെ കർത്താവിന്റെ സ്നേഹവും നമ്മുടെ കർത്താവിന്റെ കാരുണ്യവും വാത്സല്യവും പ്രത്യേക പശ്ചാത്തലത്തിൽ നിങ്ങളേവരേയും അറിയിക്കുന്നതിന് ഞാൻ ഈ സമയം വിനയോഗിക്കുകയാണ്. ജർമ്മനിയിലെ നമ്മുടെ ശുശ്രൂഷയിൽ, നമ്മുടെ പ്രിയപ്പെട്ട സന്തോഷച്ചന്റെ നേതൃത്വത്തിൽ ആയിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട എല്ലാ വൈദികരും, പ്രിയപ്പെട്ട സിസ്റ്റേഴ്സും, പ്രിയപ്പെട്ട കുടുംബാംഗങ്ങളും ആയ നിങ്ങളേവരേയും, നമ്മുടെ കർത്താവ് തന്റെ സമാധാനത്താൽ നിറയ്ക്കട്ടേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ലോകം മുഴുവൻ കൊറോണ വൈറസിന്റെ പിടിയിലായിരിക്കുന്ന ഈ നാളുകളിൽ നിങ്ങളെ പ്രാർത്ഥനയിൽ ഓർക്കുന്നു. സഭ വാത്സല്യത്തോടെ നിങ്ങളെ സ്മരിക്കുന്നു, എന്നത് അറിയിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ലോകമെമ്പാടുമുള്ള സഭാമക്കളോടു സഭയുടെ വാത്സല്യവും സ്നേഹവും ഞാൻ അറിയിക്കുന്നു. നമ്മൾ പ്രത്യേകമായ ഒരു സാമൂഹികാവസ്ഥയിൽ കഴിയുകയാണല്ലോ. എല്ലാവരേയും ഓർത്ത് നിങ്ങൾ പ്രാർത്ഥിക്കണമേ. ജർമ്മനിയിലായിരിക്കുന്ന നിങ്ങളെ പ്രത്യേകം ഈ സമയം ഓർക്കുന്നു. ആരോഗ്യത്തിന്റെ സംരക്ഷണത്തെക്കുറിച്ച് ജാഗ്രതയുള്ളവരും, ബോധവാന്മാരും ബോധവതികളുമായി ഇടപെടണം. ജീവൻ സംരക്ഷിക്കുന്നത്, ജീവൻ പരിപോഷിപ്പിക്കുന്നത്, നമ്മുടെ അശ്രദ്ധകൊണ്ട് നമ്മുടെ ജീവന് തടസ്സം വരുന്നത് ഗൗരവമായി നമ്മൾ കാണണം. മനസ്സിന്റെ സമാധാനം കാത്ത് സൂക്ഷിക്കുവാൻ ദൈവബന്ധം അനിവാര്യമാണല്ലോ. ക്ലേശങ്ങളുടെ മധ്യേയും വിട്ടുമാറാതിരിക്കുന്ന ദൈവം, ഏക ദൈവം, നമുക്ക് ബന്ധമുള്ള, സ്നേഹമുള്ള, അടുപ്പമുള്ള ദൈവം, ആ ദൈവത്തെ നമുക്ക് കാണിച്ചു തന്ന പുത്രനായ യേശുക്രിസ്തു, "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്ന് പഠിപ്പിച്ച ദൈവത്തിന്റെ ഏകജാതൻ, അവന്റെ കരം പിടിച്ച് നമുക്ക് മുന്നോട്ടുപോകാം. പ്രിയപ്പെട്ട നിങ്ങൾ എല്ലാവരോടും നമ്മുടെ സഭയുടെ സ്നേഹവും വാത്സല്യവും അറിയിക്കുന്നു. സഭയിലെ അഭിവന്ദ്യരായ മറ്റ് 13 പിതാക്കന്മാരോട് ചേർന്ന് നിങ്ങളോട് സഭയുടെ സ്നേഹവും, സഭയുടെ പ്രാർത്ഥനയും അറിയിക്കുന്നു. പ്രിയപ്പെട്ട സന്തോഷച്ചനോടും നമ്മുടെ ശുശ്രൂഷയിലായിരിക്കുന്ന

പ്രിയപ്പെട്ട നമ്മുടെ എല്ലാ വൈദിക സഹോദരങ്ങളോടും നമ്മുടെ സഭയിൽ നിന്ന് ആ പ്രദേശത്ത് ശുശ്രൂഷചെയ്യുന്ന മറ്റ് പ്രിയപ്പെട്ട വൈദീക സഹോദരങ്ങളോടും, സിസ്‌സ്റ്റേഴ്സിനോടും എല്ലാ കുടുംബങ്ങളോടും എല്ലാ സ്നേഹിതരോടും അവിടെയുള്ള നമ്മുടെ അതാത് ഇടവകകളോടും രൂപതാധ്യക്ഷന്മാരോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ള ബന്ധവും പ്രാർത്ഥനയും ഞാനേറെ സ്നേഹത്തോടെ അറിയിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരോട് ചേർന്ന് നിങ്ങളേയും നിങ്ങളുടെ കുടുംബാംഗങ്ങളേയും നിങ്ങളുടെ കൂട്ടായ്മകളേയും നിങ്ങളുടെ സമൂഹത്തേയും ആശീർവദിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരി. റൂഹായാം ദൈവത്തിന്റെ സംസർഗവും ആവാസവും എന്നും എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടേ. ആമ്മീൻ.

---

## അയർലന്റിലെ
## വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

അയർലന്റിലെ പ്രിയപ്പെട്ട സഭാമക്കളേ, പ്രിയപ്പെട്ട എബ്രഹാം അച്ചാ, നമ്മുടെ കർത്താവിന്റെ വാത്സല്യവും സമാധാനവും നിങ്ങളേവരേയും ഞാൻ സന്തോഷത്തോടെ അറിയിക്കട്ടേ. കൊറോണ വൈറസിന്റെ വളരെ വലിയ ദുരന്തമനുഭവിക്കുന്ന വർത്തമാനകാലത്ത്, ക്ലേശമനുഭവിക്കുന്ന അനേകരോട് ചേർന്ന് പ്രത്യേകമായി ഈ സമയം പ്രാർത്ഥിക്കുന്നു. അവർക്ക് വേണ്ടി ദൈവസന്നിധിയിൽ കരങ്ങളുയർത്തി അപേക്ഷിക്കുന്നു. ഈ സന്ദർഭത്തിൽ അയർലന്റിലുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളായ നിങ്ങളെ പ്രത്യേകം ഓർക്കുന്നു. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളെ കരുണയുള്ള കർത്താവിന്റെ മുൻപിൽ കാണിക്കയായി സമർപ്പിക്കുന്നു. രോഗത്തിനും ക്ലേശത്തിനും പ്രതിസന്ധികൾക്കും മഹാവിപത്തുകൾക്കും ഉപരിയായി ദൈവത്തിന്റെ മഹാകരുണ ശക്തിയുള്ളതാണ് എന്ന് നമുക്കനുഭവിച്ചറിയാം. ചെങ്കടൽ മറികടക്കാനാവാത്ത പ്രതിരോധമായി ഇസ്രായേൽ മക്കളുടെ മുൻപിൽ നിൽക്കുമ്പോൾ, ഇനിയെന്ത് എന്ന് ചോദ്യം ഉയരുമ്പോൾ, അതുവരെ ലോകം കണ്ടിട്ടില്ലാത്തത് പോലെ ദൈവത്തിന്റെ മഹാ

കരുണ കടലിന്റെ മേൽ വ്യാപരിക്കുന്നതും ഇസ്രയേൽ മക്കൾ ചെങ്കടൽ കടന്ന്, കാനാൻ ദേശത്തേക്ക് പ്രവേശിക്കുന്നതും വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി തന്റെ പുത്രനെ നല്കുവാൻ മഹാകരുണ കാട്ടിയതിനേക്കാൾ സ്വർഗ്ഗം എന്ത് അടയാളമാണ് നമ്മുക്ക് നല്കേണ്ടത്? ഈ ദിവസങ്ങളുടെ അസ്വസ്തതകളുടെ മുൻപിൽ പരിഭ്രാന്തികൂടാതെ, എന്നാൽ ജാഗ്രതയോടും ഉത്തരവാദിത്വബോധത്തോടും കൂടി നമ്മുക്ക് ദൈവകരുണയെ പ്രാർത്ഥിച്ച് ജീവിക്കാം. പ്രിയപ്പെട്ട എബ്രഹാം അച്ചൻ, പ്രിയപ്പെട്ട നമ്മുടെ സഭാമക്കളായ നിങ്ങൾ ഓരോരുത്തരും പ്രത്യേകിച്ച് പരി. അമ്മയുടെ മധ്യസ്ഥതയിൽ ധൈര്യമായി ബലം പ്രാപിച്ച് മുന്നോട്ട് പോവുക. നമ്മുടെ കർത്താവ് നിങ്ങളേ അനുഗ്രഹിക്കട്ടെ. നമ്മുടെ സഭയിലെ മറ്റു 13 പിതാക്കന്മാരോടുച്ചേർന്ന് ഞാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നിങ്ങളെ ആശീർവദിക്കുന്നു. പിതാവും പുത്രനും പരി. റൂഹായുമായ ത്രിയേക ദൈവം നിങ്ങളുടെ കുടുംബങ്ങളേയും നിങ്ങളോരുരുത്തരേയും നിങ്ങളുടെ എല്ലാ നിയോഗങ്ങളേയും പരിപാലിച്ച് അനുഗ്രഹിക്കുമാറാകട്ടെ. ആമ്മീൻ.

---

## സിംഗപ്പൂരിലെ വിശ്വാസസമൂഹത്തിന് നല്കിയ സന്ദേശം

സിംഗപ്പൂരിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളായ പ്രിയപ്പെട്ടവരേ, പ്രിയപ്പെട്ട സാം അച്ചൻ, കൊറോണ വൈറസിന്റെ വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന വർത്തമാനകാലത്ത് നിങ്ങളെല്ലാവരോടും നമ്മുടെ കർത്താവിന്റെ സ്നേഹവും കരുണയും അറിയിക്കുന്നതിന് ഈ അവസരം ഞാൻ വിനയോഗിക്കുകയാണ്. കഷ്ടങ്ങളുടെ മദ്ധ്യേ, ദുരിതങ്ങളുടെ മദ്ധ്യേ, ആർക്കാണ് ഏറ്റവും കൂടുതൽ ബലമുള്ളത് എന്ന് പരിശോധിക്കുന്ന ഒരു സന്ദർഭത്തിൽ, ദൈവത്തിന്റെ വലിയ കരുണയെക്കുറിച്ച് ഓർക്കുന്നതിന് വിളിക്കപ്പെട്ടവരാകുന്നു നാം. ദൈവത്തിന്റെ ഏകജാതനെ നമുക്കായ് നൽകുവാൻതക്കവിധം മഹാകാരുണ്യവും വാത്സല്യവും കാണിക്കുന്ന ദൈവത്തിന്റെ പദ്ധതിയെ അറിയിച്ചിട്ടുള്ള നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുസാന്നിധ്യം നിങ്ങളെല്ലാവരേയും ഭരിക്ക

ട്ടെ. ആരോഗ്യവിഷയത്തിൽ ജാഗ്രത പുലർത്തണം. ബോധപൂർവ്വം ഇടപെടണം. ഈ വൈറസ് വ്യാപിക്കുന്നതിന് നമ്മിലാരും ഒരു കാരണവശാലും ഇടം കൊടുക്കരുത്. സൂക്ഷിക്കേണ്ടുന്നവയെല്ലാം സൂക്ഷിച്ച് ചെയ്യുവാൻ നമുക്ക് കഴിയണം. മനസ്സിന് ശാന്തത ലഭിക്കുന്നത് ദൈവത്തോടുച്ചേർന്ന് നിൽക്കുമ്പോളാണല്ലോ. കർത്താവിനോട് ചേർന്ന് നിന്ന് ശക്തി സംഭരിക്കുക. നമ്മുടെ സഭാപ്രാർത്ഥനയിൽ നിങ്ങളെ ചേർത്ത് വയ്ക്കുന്നു. നിങ്ങളുടെ ഈ ക്ലേശങ്ങളുടെ ദിനങ്ങളിൽ നിങ്ങളുടെ കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. നമ്മളേറ്റം അടുത്ത കാലത്ത് ആരംഭിച്ച ഓഷ്യനയിലെ ഒരു കൂട്ടായ്മയാണല്ലോ സിംഗപൂരിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാസമൂഹം. ബഹുമാനപ്പെട്ട സാം അച്ചന്റെ നേതൃത്വത്തിൽ ഇപ്രകാരം ഒരു കൂട്ടായ്മ അവിടെ വളർന്നുവലുതാകുന്നതിൽ ഞാൻ പ്രത്യേകമായി സന്തോഷിക്കുന്നു. നിങ്ങളുടെ എല്ലാ കുടുംബങ്ങളേയും ഇത്തരുണത്തിൽ കർത്താവിന്റെ കരുണയുടെ മുൻപാകെ എടുത്തുവയ്ക്കുന്നു. ഇന്നത്തെ വി.കുർബാനയിൽ തിരുവോസ്തിയോടുച്ചേർത്ത് പരി.അൾത്താരയിൽ സമർപ്പിച്ചിരുന്നു. നിങ്ങളേവരേയും സർവ്വശക്തൻ അനുഗ്രഹിക്കട്ടേ. നമ്മുടെ പരി.സുന്നഹദോസിലെ മറ്റു 13 പിതാക്കന്മാരോട് ചേർന്ന് നിങ്ങളെ ആശീർവദിക്കുന്നു. നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. സ്വർഗ്ഗത്തിന്റെ കരുണ മാറിപ്പോകാതെ നിങ്ങളുടെമേൽ സമൃദ്ധമായി ലഭിക്കുന്നതിനാഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരി. റൂഹായുടെ സംസർഗവും ആവാസവും നിങ്ങളോരോരുത്തരുടെമേലും നിങ്ങളുടെ കുടുംബങ്ങളുടെമേലും നിങ്ങളുടെ ജോലി, താമസം, ആരോഗ്യം, നിങ്ങളുടെ എല്ലാ നിയോഗങ്ങൾ എന്നിവയുടെമേലും എന്നും എക്കാലവും ഉണ്ടായിരിക്കട്ടേ. ആമ്മീൻ.

## സ്വിറ്റ്സർലന്റിലെ വിശ്വാസസമൂഹത്തിന് നൽകിയ സന്ദേശം

സ്വിറ്റ്സർലന്റിലെ പ്രിയപ്പെട്ട സഭാമക്കളേ, "യുഗാന്ത്യം വരെ ഞാൻ നിങ്ങളുടെ കൂടെയിരിക്കും, ഞാൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല" എന്ന നമ്മുടെ കർത്താവിന്റെ സത്യമായ വാഗ്ദാനം നിങ്ങളോരോരുത്തരുടേയും ഹൃദയങ്ങളെ ഭരിക്കട്ടേ എന്ന് ആശംസിക്കുന്നു, അതിനായി ഞാൻ പ്രാർത്ഥിക്കുന്നു. ലോകം മുഴുവനും, പ്രത്യേകിച്ച് സ്വിറ്റ്സർലന്റിൽ നിങ്ങൾ വസിക്കുന്ന പ്രദേശത്ത് കൊറോണ വൈറസിന്റെ വലിയ ആഘാതം സൃഷ്ടിച്ചിരിക്കുന്ന ഭയപ്പെടുത്തുന്ന രംഗങ്ങളും വാർത്തകളും; അത് കർത്താവിന്റെ കരുണയുടെ മുൻപാകെ വയ്ക്കുന്നു. അവിടെ താമസിക്കുന്ന നിങ്ങളെ പ്രാർത്ഥനയിൽ ഞങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നു, വി. കുർബാനയിൽ ഓർക്കുന്നു, എന്നത് വലിയ സന്തോഷത്തോടെയും വാത്സല്യത്തോടെയും അറിയിക്കട്ടേ. ചെറുതെങ്കിലും സജീവമായി കൊണ്ടിരിക്കുന്ന വലിയ കൂട്ടായ്മയായി നമ്മുടെ സഭാസമൂഹം അവിടെ വളരുന്നു. പ്രിയപ്പെട്ട ചാവടിമുരുപ്പേലച്ചന്റെ നേതൃത്വത്തിൽ, അച്ചൻ നല്കുന്ന ശുശ്രൂഷ, മറ്റ് സഹോദര വൈദീകർ, ആ രാജ്യത്ത് ഉള്ളവർ നല്കുന്ന നിങ്ങളോടുള്ള വലിയ സ്നേഹവും ബന്ധവും ഈ സമയത്ത് ഓർക്കുന്നു. നിങ്ങളുടെ കുടുംബങ്ങളെ കർത്താവ് തന്റെ കരുണയിൽ സംരക്ഷിക്കട്ടേ. ആരോഗ്യത്തിന്റെ വിഷയത്തിൽ സർക്കാരുകൾ നല്കുന്ന നിർദ്ദേശങ്ങൾ, അത് പാലിക്കപ്പെടണം. നമ്മുടെ അനാസ്ഥ കൊണ്ട് മറ്റൊരാളുടെ ആരോഗ്യത്തിന് തടസ്സമായത് സംഭവിച്ചുകൂടാ. നമ്മുടേയും മറ്റുള്ളവരുടേയും ജീവൻ വിലപ്പെട്ടതാണ്. അതിനാൽ ജാഗ്രതയുള്ളവരായി നിങ്ങൾ ഇടപെടണം. കേരളത്തിലും സാഹചര്യങ്ങളിൽ വലിയ വ്യത്യാസമുണ്ടാകുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. നമ്മുടെ ദേശത്തിനുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണമേ. അനാസ്ഥ കൊണ്ട് സംഭവിക്കുന്ന ദൂരവ്യാപകമായ വലിയ ഫലങ്ങൾ ഓരോ രാജ്യത്ത് നിന്നും പുറത്ത് വരുന്നത് ഏറെ ശ്രദ്ധയോടെയാണല്ലോ കാണുകയും കേൾക്കുകയും ചെയ്യുക. പ്രിയപ്പെട്ട സഭാമക്കളേ നിങ്ങളുടെ കുഞ്ഞുങ്ങളിൽ, യുവതിയുവാക്കളിൽ, നമ്മുടെ സഭാ കൂട്ടായ്മയിൽ, നിങ്ങളുടെ കൂടെയുള്ള മറ്റ് സ്നേഹിതരിൽ, സ്വിറ്റ്സർലന്റ് എന്ന ദേശത്ത് വലിയ

സമാധാനം, ദൈവത്തിന്റെ വലിയ ഇടപെടൽ ഉണ്ടാകുന്നതിനായ് ഞങ്ങൾ എല്ലാവരും പ്രാർത്ഥിക്കുന്നു. നമ്മുടെ സഭയിലെ പരി. സുന്നഹദോസിലെ മറ്റ് '13' വന്ദ്യപിതാക്കന്മാരോട് ചേർന്ന് നിങ്ങളെല്ലാവരേയും ആശീർവദിക്കുന്നു. പ്രിയപ്പെട്ട ബിജു അച്ചനോടും, പ്രിയപ്പെട്ട സഹോദര വൈദികരോടും, നിങ്ങളോടുമുള്ള സഭയുടെ വലിയ കൂട്ടായ്മ ഞാൻ അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനാം പുത്രന്റെ കൃപയും പരി. ആത്മാവിന്റെ സംസർഗ്ഗവും ആവാസവും നിങ്ങളെല്ലാവരോടും കൂടി, നിങ്ങളുടെ കുഞ്ഞങ്ങളോടും എല്ലാ നിയോഗങ്ങളോടും കൂടി, ക്ലേശകരമായ ഈ കാലത്തും എല്ലാകാലത്തും ഉണ്ടായിരിക്കട്ടേ. ആമ്മീൻ.

---

## യു.കെ.യിലെ വിശ്വാസസമൂഹത്തിന് നൽകിയ സന്ദേശം

യു.കെ.യിലെ പ്രിയപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളേ, പ്രിയപ്പെട്ട വൈദികരേ, ലോകം മുഴുവൻ കൊറോണ വൈറസിന്റെ മുൻപിൽ ആകാംഷയോടെ, അസ്വസ്തതയോടെ ചിലവഴിക്കുന്ന പശ്ചാത്തലത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്നേഹവും, പ്രാർത്ഥനയും കൂട്ടായ്മയും അറിയിക്കുന്നതിന് ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം നിങ്ങളെ ഭരിക്കട്ടെ. ആ സമാധാനത്തിലെക്കാണല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുക.

എന്റെ യേശു എനിക്ക് നല്ലവൻ

അവനെന്നുമെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻപ്രയാസങ്ങളിൽ

മനമേ അവൻ മതിയായവൻ

നമ്മുടെ കർത്താവ് സുഖത്തിലും ദുഃഖത്തിലും സന്തോഷത്തിലും കൂടെയിരിക്കുന്നവനായ എമ്മാനുവേൽ, നിങ്ങളുടെ കൂടെയിരുന്നു നിങ്ങൾക്ക് സമാധാനം നൽകുമാറാകട്ടെ. കൊറോണ വൈറസിന്റെ ഭീതി ജനിപ്പിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ കർത്താവിന്റെ, യേശുക്രിസ്തുവിന്റെ സജീവമായ വാഗ്ദാനം നമ്മുക്ക് ഓർക്കാം. "യുഗാന്ത്യംവരെ ഞാൻ നിങ്ങളോട് കൂടെയിരിക്കും. ആശ്വാസദായകനെ ഞാൻ നിങ്ങൾക്ക് തരും. ഞാനായിരിക്കുന്നിടത്ത് നിങ്ങൾ എന്നോടൊപ്പം ആയിരിക്കും". കർത്താവ് നൽകി

യിട്ടുള്ള വലിയ വാഗ്ദാനമാണ് ഇത്. മഹാമാരിയുടെ മുൻപിൽ ക്ഷയിച്ച് പോകുന്നതല്ലാ രക്ഷകനായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം, അവിടുത്തെ രക്ഷാകര പ്രവൃത്തികൾ. മരണവും വേദനയും ദുരിതവും രോഗവും ജീവിതത്തിന്റെ മറ്റ് ക്ലേശങ്ങളും നമ്മെ അലട്ടിയേക്കാം. എന്നാൽ നമ്മെ ദൈവബന്ധത്തിൽ നിന്ന് തുടച്ച് നീക്കുന്നതിന് ഒന്നും, ഒരിക്കലും തടസ്സമാകാൻ പാടില്ല. പൗലോസ് അപ്പസ്തോലൻ ഓർമ്മപ്പെടുത്തുന്നത് പോലെ "കർത്താവായ യേശുക്രിസ്തുവുമായുള്ള എന്റെ ബന്ധത്തിൽ നിന്ന് വേർപ്പെടുത്തുവാൻ ഒന്നിനും കഴിയുന്നതല്ല, രോഗത്തിനും മരണത്തിനുപോലും". എന്റെ നാശങ്ങൾക്കും എന്റെ ക്ലേശങ്ങൾക്കും ഉപരിയായി എന്റെ ദൈവത്തിന്റെ കരുണ എന്നെ വലയം ചെയ്തിരിക്കുന്നു എന്ന് നമ്മുക്ക് ലോകത്തോട് പറയാൻ കഴിയുന്ന പ്രത്യാശയുടെ ദിനങ്ങൾക്കായി നമ്മുക്ക് പ്രാർത്ഥിക്കാം. നിങ്ങൾ കൊറോണവൈറസിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് അസ്വസ്തതയിലും ക്ലേശത്തിലും ആയിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. സഭയൊന്നായി നിങ്ങളോടൊപ്പം, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നമ്മുടെ അവിടുത്തെ സഭാ കൂട്ടായ്മയിൽ പ്രത്യേകമായി ശുശ്രൂഷ നല്കുന്ന എല്ലാവരേയും ഞാൻ സ്നേഹത്തോട് കൂടി ഓർക്കുന്നു. പ്രിയപ്പെട്ട തോമസ് മടക്കുമൂട്ടിൽ അച്ചന്റെ നേതൃത്വത്തിൽ പ്രിയപ്പെട്ട രഞ്ജിത്തച്ചൻ, ജോൺ അലക്സച്ചൻ, നെരിയാട്ടിലച്ചൻ, പ്രിയപ്പെട്ട മനയിൽ ജോൺസണച്ചൻ ഇവരെല്ലാം ചേർന്ന് നമ്മുടെ കൂട്ടായ്മകൾക്ക് നല്കുന്ന പൗരോഹിത്യത്തിന്റെ വലിയ നേതൃത്വവും അഭിഷേകവും ഇത്തരുണത്തിൽ ഞാൻ സന്തോഷത്തോടുകൂടി ഓർക്കുന്നു. പൗരോഹിത്യത്തിന്റെ അഭിഷേകത്തെയും സഭയുടെ കൂട്ടായ്മയേയും ദൈവത്തിന്റെ പദ്ധതിയിൽ നിന്ന് മാറി കാണുന്ന പ്രവണതകൾക്ക്, ദൈവത്തിന്റെ പദ്ധതിയിൽ നിന്ന് മാറ്റി നിർത്തുന്ന രീതിയ്ക്ക് കാലഘട്ടത്തിൽ ഏറെ ആളുകൾ പ്രോത്സാഹനം നല്കുന്ന കാഴ്ച നാം കാണുന്നുണ്ട്. അത് വിപരീതമായ ഫലങ്ങൾ നമ്മുടെ കൂട്ടായ്മകൾക്ക് നൽകുന്നുണ്ടല്ലോ. ദൈവത്തിന്റെ കൃപാവരം തിരുസഭയിലൂടെയാണ് ഒഴുകുന്നത്. രാജകീയ പൗരോഹിത്യം, കുടുംബങ്ങൾ, ശുശ്രൂഷ പൗരോഹിത്യം കർത്താവ് തന്റെ പുരോഹിതർക്ക് കൊടുത്തിരിക്കുന്ന കുർബാന കേന്ദ്രീകൃതമായ ശുശ്രൂഷ, നിയോഗം, അഭിഷേകം - അതിന്റെ ശുശ്രൂഷയിൽ നമ്മുക്ക് മുന്നേറാം. പ്രിയപ്പെട്ട അച്ചൻമാരെല്ലാവരോടും നേതൃത്വം

നല്കുന്ന തോമസ് മടുക്കമുട്ടിൽ അച്ചനോടും നമ്മുടെ ഒരോ കൂട്ടായ്മയ്ക്കും നേതൃത്വം നല്കുന്ന നമ്മുടെ സഭാമക്കളായ നിങ്ങളേവരോടും നമ്മുടെ കൂട്ടായ്മയിലുള്ള എല്ലാ കുടുംബങ്ങളോടും യുവതീയുവാക്കളോടും മുതിർന്ന മാതാപിതാക്കളോടും കുഞ്ഞുങ്ങളോടും ഞാൻ നമ്മുടെ സഭയുടെ സ്നേഹവും വാത്സല്യവും അറിയിക്കുന്നു. എന്നോട് ചേർന്ന് നമ്മുടെ പരി. സുന്നഹദോസിലെ മറ്റു 13 പിതാക്കന്മാരും നിങ്ങളോടുള്ള സ്നേഹവും ദൈവസന്നിധിയിൽ നിങ്ങളോടുള്ള പ്രാർത്ഥനയും അറിയിക്കുന്നു. അവരെല്ലാവരേയും ചേർത്ത് നിറുത്തി നമ്മുടെ കുടുംബങ്ങളെ, നിങ്ങളുടെ നിയോഗങ്ങളെ, ഈ നാളുകളിലെ നിങ്ങളുടെ മനസ്സിന്റെ ഭാരങ്ങളെയെല്ലാം കർത്താവിന്റെ മഹാകരുണയുടെ മുൻപിൽ വയ്ക്കുന്നു. മഹാമാരിയെക്കാൾ ശക്തിയുള്ളത് ദൈവത്തിന്റെ മഹാകരുണയാണ് എന്ന് നമുക്ക് ഓർക്കാം. അവിടുന്ന് നിങ്ങളുടെ കുടുംബങ്ങളെ ഭരിക്കട്ടെ. എല്ലാവരേയും പരി. ആത്മാവ്, ആശ്വാസ ദായകനായ നമ്മുടെ ദൈവം, ബലം നല്കി സ്ഥിരീകരിക്കട്ടേ. പിതാക്കന്മാരോട് ചേർന്ന് നിങ്ങളെ ആശീർവദിക്കുന്നു. പിതാവും പുത്രനും പരി.റൂഹായുമായ ത്രിയേക ദൈവം നിങ്ങളോരോരുത്തരേയും നിങ്ങളുടെ കുടുബേങ്ങളേയും, കൂട്ടായ്മകളേയും പുരോഹിതന്മാരേയും, അവിടെയുള്ള എല്ലാ ശുശ്രൂഷകളേയും അനുഗ്രഹിച്ച് ആശീർവദിച്ച് അവിടുത്തെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുമാറാകട്ടെ. ആമ്മീൻ

---

## അമേരിക്കയിലെയും കാനഡയിലെയും വിശ്വാസസമൂഹത്തിന് നൽകിയ സന്ദേശം

അമേരിക്കൻ-കാനഡാ ഭദ്രാസനത്തിലെ പ്രിയപ്പെട്ട സഭാമക്കളോട്, ബഹു. വൈദീകരോട് എത്രയും അഭിവന്ദ്യനായ മാർ സ്തഫാനോസ് പിതാവിനോട്, സഭയുടെ പ്രാർത്ഥനയും സ്നേഹവും കൂട്ടായ്മയും ഇത്തരുണത്തിൽ അറിയിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

To you all our beloved children of the Malankara Syrian Catholic Church , my dear children , my dear MCYM youth members ,my dear families, and my dear parents, as the world witnesses the tragic event of ‘Corona Virus’. We are challenged once again to affirm our

deep faith in Jesus Christ, our master and saviour. It gives us the hope that everything is possible with Him as we all believe, He is the author of life, He is the giver of life. The world today is challenged, is confronted with lot of questions regarding life, health, and the challenges, the consequences of corona virus which keep the people in deep anxiety and pain. Not only with in the heart but also the work place and in the civic society as well. I join you all in pray to the Lord for a speedy remedy from this fatal situation. As I understand, the people of America and Canada, a lot of people have anxiety and real life challenges due to the health, due to the economic crisis and stability of job and even further possibility of  loosing job as well. May the Holy Spirit continue to strengthen you my dear people as He is the one who is the comforter which heaven has sent for us. My dear Stephanose Pithave and my dear brother priests,  I am with you in your apostolic and priestly ministries. As you bring in comfort and consolation and spiritual Zealous to our people really indeed of that. To all of my dear families, my dear  children and my dear youth may the risen Lord be with you who promises that He will not abandon us to the end of ages. He is with us throughout and He has well prepaid a place for us in His own kingdom. Together with our bishops, our dear 13 bishops I joyfully impart the apostolic blessing to you all. The Father and the Son and the Holy Spirit, mighty God be with you, strengthen you and sustain you in this situation and all the days to come. Amen. To Him be praise, glory, forever. Amen.

---

## കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ UAE - ലെ വിശ്വാസസമൂഹത്തിന് നൽകിയ സന്ദേശം

UAE ലെ പ്രിയപ്പെട്ട മാത്യു കണ്ടത്തിലച്ചൻ, എബ്രഹാം തൈപ്പറമ്പിലച്ചൻ പ്രിയപ്പെട്ട എന്റെ സഹോദരന്മാരേ, സഹോദരിമാരേ, പ്രിയപ്പെട്ടയുവജനങ്ങളേകുഞ്ഞുമക്കളേ, നിങ്ങൾക്ക് എല്ലാവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വന്ദ്യനാമത്തിൽ സ്നേഹവും സമാധാനവും ഞാനറിയിക്കുന്നു. ലോകം മുഴുവൻ കൊറോണ വൈറസിന്റെ വ്യാപനത്തെച്ചൊല്ലി വളരെ ഭീതിജനകമായ ഒരു

സാഹചര്യത്തിലേക്ക് നീങ്ങുമ്പോൾ നമ്മുടെ കൊച്ചു കേരളത്തിൽ നിന്ന് ലോകത്തിന്റെ പലഭാഗങ്ങളിൽ ജീവിക്കുന്ന നമ്മുടെ എല്ലാ സഭാ മക്കളേയും വൈദികരേയും പ്രത്യേകമായി ഞാനോർക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് ഇപ്പോൾ UAE-ൽ ആയിരിക്കുന്ന പ്രിയപ്പെട്ട സഭാമക്കളോടാണ് ഞാൻ സംസാരിക്കുന്നത്. നിങ്ങൾ എല്ലാവരും തന്നെ നാട്ടിലുള്ള കുടുംബങ്ങളെ നമ്മുടെ ഇടവകകളെ സ്നേഹിക്കുകയും കരുതുകയും ചെയ്ത് ജീവിതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ വിദേശത്ത് UAEൽ ജോലി ചെയ്യുന്നവരാണ്. നിങ്ങളുടെ സഭാസ്നേഹത്തേയും നിങ്ങളുടെ ബന്ധത്തേയും ഞാനോർക്കുന്നു. നിങ്ങളുടെ എല്ലാ സഹകരണത്തേയും സഹായത്തേയും സഭ ഏറെ സന്തോഷത്തോടെ നന്ദിയോടെ ഓർക്കുന്നു. കൊറോണ വൈറസ് സൃഷ്ടിച്ചിരിക്കുന്ന ഒരു വലിയ സാമൂഹികമായ ഭയപ്പെടുത്തുന്ന ഒരന്തരീക്ഷം, ലോകം മുഴുവൻ ഇത് വ്യാപിക്കുന്നതിന്റെ കാഴ്ചകളും വാർത്തകളുമെല്ലാം നാം കാണുകയും കേൾക്കുകയും ചെയ്ത്ക്കൊണ്ടിരിക്കുകയാണ്. കർത്താവിൽ ആശ്രയിക്കുന്നതിനും നാം ആശ്രയിക്കുന്ന കർത്താവ് വലിയവനാണ് എന്ന് ബോധ്യപ്പെട്ട് ജീവിക്കുന്നതിനും ഇതൊരവസരമാണ്. "മനുഷ്യനിൽ പ്രത്യാശ വയ്ക്കുന്നതിനേക്കാൾ ദൈവത്തിൽ പ്രത്യാശ അർപ്പിക്കുന്നതാണ് ഉചിതം" എന്ന വചനം കൂടി നാം ചേർത്ത് വായിക്കുക. UAE-ലെ വിശുദ്ധ കുർബാന; ഇപ്പോൾ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് മുടങ്ങിയിരിക്കുന്നു. കുടുംബപ്രാർത്ഥനകൾക്ക്, കുടുംബയോഗങ്ങൾക്ക് മുടക്കമുണ്ട്. എന്നാൽ കുടുംബം എന്ന ദൈവസ്ഥാപിത സംവിധാനത്തിൽ, അടിസ്ഥാന പള്ളിയുടെ രൂപമായി കുടുംബം ഉയർന്ന് നിൽക്കുന്നതിനുകൂടി വേണ്ടിയുള്ള ഒരവസരമായി നമുക്കിതിനെ രൂപപ്പെടുത്തണം. നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥന സജീവമാകുന്നതിന് ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്താം. ഈ രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ദൈവാലയങ്ങളിൽ പൊതുവായ വിശുദ്ധ കുർബാനയും ശുശ്രൂഷകളും ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. എന്നാൽ ബഹു. വൈദീകർ വിശുദ്ധ കുർബാനയർപ്പിച്ച് നമുക്കുവേണ്ടി പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവല്ലൊ. ആത്മീയമായി നമ്മുടെ കുടുംബങ്ങളിൽ ഇരുന്നുകൊണ്ട് വിശുദ്ധ കുർബാനയിൽ സംബന്ധിക്കാം. Live ആയി

ലഭിക്കുന്ന ആത്മീയ ശുശ്രൂഷകൾ നിങ്ങളെ ബലപ്പെടുത്തട്ടെ. വിശുദ്ധ കുർബാന അപ്രകാരം ലഭിക്കുന്നത് നിങ്ങളുടെ കുടുംബങ്ങൾക്ക് അനുഗ്രഹമായിരിക്കട്ടെ. നമ്മുടെ കുടുംബങ്ങളിലെ പ്രാർത്ഥന കളെക്കുറിച്ച് ഞാൻ ഓർമ്മപ്പെടുത്തിയത് ഗൗരവമായി നിങ്ങൾ സ്വീകരിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്ന് ദൈവത്തെ, നമ്മുടെ ഉടയവനെ, നമ്മുടെ സൃഷ്ടാവും പരിപാലകനും, വിധികർത്താവും സംരക്ഷകനും ആയി ദൈവത്തെ ഏറ്റ് പറഞ്ഞ്, "നാഥാ ഞങ്ങളുടെ മേൽകരുണയായിരിക്കേണമേ" എന്ന് പ്രാർത്ഥിക്കുന്നതിനുള്ള വലിയ ഒരു സന്ദർഭമാണ്. മനുഷ്യന്റെ അറിവും ധനവും, മനുഷ്യനുണ്ടാക്കുന്ന പേരും, ഒന്നുമല്ല എന്ന് നാം എത്രയോ തവണ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത് പോലൊരു മഹാമാരി ലോകത്തെ മുഴുവൻ തന്റെ കൈപ്പിടിയിലൊതുക്കുവാൻ ശ്രമിച്ച്കൊണ്ടിരിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഒരു യാഥാർ ത്ഥ്യവും, മനുഷ്യന്റെ കരങ്ങൾക്കും കരവേലകൾക്കും, മനുഷ്യന്റെ ബുദ്ധിക്കും അതീതമായി ദൈവത്തിന്റെ സംരക്ഷണ വലയം ഉണ്ട്. "നീ എന്റേതാണ്, നിന്റെ അമ്മയുടെ ഉദരത്തിൽ നീ രൂപം കൊള്ളു ന്നതിന് മുൻപ് ഞാൻ നിന്നെ അറിഞ്ഞു ഞാൻ നിന്നെ പേര് ചൊല്ലി വിളിച്ചു. എന്റെ കൈവെള്ളയിൽ നിന്നെ ഞാൻ കാത്തു സംരക്ഷി ക്കും. യുഗാന്ത്യം വരെ ഞാൻ നിന്റെ കൂടെയിരിക്കും, ഞാൻ നിന്നെ ഒരുനാളും ഉപേക്ഷിച്ച് കളയുകയില്ല." "എന്നോടുകൂടി നീ പറുദീസ യിൽ ആയിരിക്കുമെന്ന്" സൂചനപരമായി കർത്താവ് വലതുഭാഗത്തെ കള്ളന് നല്കുന്ന ഒരു വാഗ്ദാനമുണ്ടല്ലോ. തന്നിൽ വിശ്വസിക്കുന്നവർക്കും, തന്റെ ജീവിതത്തിൽ പങ്കാളികളാകുന്നവർക്കും, കർത്താവായ യേശുക്രിസ്തു നൽകിയിട്ടുള്ള വലിയ വാഗ്ദാനമുണ്ട്. "ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും." ദൈവ പിതാവിന്റെ ഭവനത്തിൽ കൂടെയിരിക്കുവാൻ നമുക്ക് വരം നൽകി യിരിക്കുന്ന കർത്താവ് ഒരു രോഗത്തിന്റെ പശ്ചാത്തലത്തിൽ നമ്മേ വിട്ടു കളയുവാൻ മനസ്സുള്ളവൻ അല്ല. "അതേ മരണത്തോളം കുരിശു മരണത്തോളം നമുക്ക് വേണ്ടി തന്നെത്തന്നെ താഴ്ത്തിയ ഒരു ദൈവത്തിന്റെ, കരവലയത്തിൽ നാം ആയിരിക്കുന്നു. പ്രിയപ്പെട്ട മക്കളേ, സാമൂഹികമായ ജോലിസംബന്ധമായ, സാമ്പത്തികമായ പ്രയാസങ്ങളിലൂടെ ഒക്കെ നിങ്ങളും കടന്ന് പോകുന്നു. പല വിഷയ

ങ്ങളിൽ നിങ്ങൾ അസ്വസ്ഥരാണ്. അതെല്ലാം മനസ്സിലാക്കിക്കൊണ്ട് നിങ്ങളുടെ പിതാവെന്നനിലയിൽ, എനിക്ക് പ്രിയപ്പെട്ട മക്കളായ നിങ്ങളോട് പറയാനുള്ളത്, നാം ആരിലാണ് പ്രത്യാശ അർപ്പിച്ചി രിക്കുന്നതെന്ന് സൂക്ഷമമായി പഠിക്കുവിൻ, പ്രാർത്ഥിക്കുവിൻ. ആ ദൈവം ഒരുനാളും നിന്നെ വിട്ടുകളയില്ല. നിന്റെ കുടുംബത്തേയും നിന്റെ കൂട്ടത്തേയും അറിയുന്ന ദൈവം നിന്റെ തലമുടിയിഴപോലും എണ്ണിത്തിട്ടപ്പെടുത്തിയവനാണെന്ന് ഓർക്കുക. വയലിലെ പൂക്കളേയും ആകാശത്തിലെ പറവകളേയും സംരക്ഷിക്കുവാൻ നമ്മുടെ ദൈവ ത്തിനു കഴിയുമെങ്കിൽ 'കൊറോണ' എന്ന രോഗത്തിനപ്പുറത്ത് ജീവനും നിത്യജീവനും നല്കുവാൻ പ്രാപ്തിയുള്ള നമ്മുടെ ദൈവം നമ്മെ സംരക്ഷിക്കും. നാം ജാഗരൂകരായിരിക്കണം ആരോഗ്യസംര ക്ഷണത്തെക്കുറിച്ച് ബോധവാന്മാരും ബോധവതികളും ആയിരി ക്കണം. അനാവശ്യ യാത്രകൊണ്ടും അനാവശ്യ സമ്പർക്കം കൊണ്ടും ഈ രോഗത്തിന്റെ വ്യാപനം നടക്കുന്നതിന് ഇടയാവരുത്. അധികാ രികൾ നല്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയപ്പെടണം. മതമൗലിക വ്യാധികൾ പ്രചരിപ്പിക്കുന്ന ആശയങ്ങളിൽ നാം തളർന്ന് പോകരുത്. വിശുദ്ധ കുർബാന വിശ്വാസ സമൂഹവുമായി ചേർന്ന് നടത്തുന്നത് ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്നത് അതിന്റെ അജപാലനപരമായ ക്രമീകരണത്തിൽ നമ്മുടെ നന്മയ്ക്കുവേണ്ടി കൂടിയാണ് എന്ന് നാം ഓർക്കുക. നടപടികളോട് സഹകരിച്ചുകൊണ്ട്, ഉള്ളിൽ വസിക്കുന്ന ദൈവത്തെ കുടെ നിറുത്തി മുന്നോട്ട് പോകാം. UAE-ൽ പ്രിയപ്പെട്ട സഭാ മക്കളായ നിങ്ങളോട്, നേതൃത്വം നല്കുന്ന പ്രിയപ്പെട്ട മാത്യു കണ്ടത്തിലച്ചനോട്, സഭയുടെ ശുശ്രൂഷകൾക്ക് ഇടവും വലവും ചേർന്ന് നില്ക്കുന്ന പ്രിയപ്പെട്ട സഭാ കൂട്ടായ്മയിലെ മക്കളായ നിങ്ങ ളോട്, നിങ്ങളോരോരുത്തരോട്, പ്രിയപ്പെട്ട തൈപ്പറമ്പിലനച്ചനോട്, നിങ്ങളേവരോടുമുള്ള എന്റെ സ്നേഹവും, എന്റെ കൂട്ടായ്മയും അറിയിക്കുന്നു.സഭ നിങ്ങളോടൊപ്പം പ്രാർത്ഥിക്കുന്നു. നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ പിതാവെന്ന നിലയിൽ വിശുദ്ധ കുർബാനയിൽ നിങ്ങളെ സമർപ്പിക്കുന്നു. നാളത്തെ വിശുദ്ധ കുർബാനയിൽ നിങ്ങളെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുന്നതാണ്. ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിച്ച് UAE-ലുള്ള നമ്മുടെ സഭാമക്കളെ മുഴുവൻ ഞാൻ പിതാ

വിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശിർവദിക്കുന്നു. ആശിർവാദത്തിന്റെ ദൈവം, സമാധാനത്തിന്റെ ദൈവം, നിങ്ങളെ എല്ലായ്പ്പോഴും കാത്ത് പരിപാലിക്കുമാറാകട്ടെ. അവിടുത്തെ തിരുനാമത്തിന് എന്നും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

---

## Online MBOC- 'Biblia 2020'

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിനഡൽ കമ്മിഷൻ ഫോർ കാറ്റകിസത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും മധ്യവേനൽ അവധിക്കാലത്ത് നടത്തിവരുന്നഎം.ബി.ഒ.സി. ഈ വർഷം സാധ്യമല്ലാതായി തീർന്ന സാഹചര്യത്തിൽ ഓൺലൈൻ വഴിയായി നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ആമുഖ സന്ദേശം നൽകി. സൺഡേസ്കൂൾ കുഞ്ഞുങ്ങൾക്ക് ദൈവവചനം പഠിക്കുന്നതിനും ജീവിക്കുന്നതിനും ഉതകുന്ന പാഠ്യക്രമീകരണമാണ് നൽകിയത്. തിരുവനന്തപുരം, മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, തിരുവല്ല, മൂവാറ്റുപുഴ, ബത്തേരി, പുത്തൂർ, കട്കി-പൂനെ, യു.എസ്.എ. എന്നീ ഭദ്രാസനങ്ങളിലും ഭദ്രാസനേതര പ്രദേശങ്ങളായ യു.കെ., ഖത്തർ എന്നിവിടങ്ങളിലും ഓൺലൈൻ എം.ബി.ഒ.സി. നടപ്പിലാക്കി. സിനഡൽ കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ അനുവാദത്തോടെ സിനഡൽ കമ്മീഷന്റെ സെക്രട്ടറി റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിലിന്റെ നേതൃത്വത്തിൽ സിനഡൽ കമ്മിഷന്റെ അംഗങ്ങളാണ് ഈ പാഠ്യപദ്ധതി ക്രമീകരിച്ചത്.

THE SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL TVM 01/2020

11/03/2020

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

മേജർ ആർച്ച് ബിഷപ്പ് ഹൗസിൽ നിന്നും ആശംസകൾ!

കൊറോണ വൈറസ് ബാധിതരുടെ എണ്ണം കേരളത്തിൽ ഓരോ ദിവസവും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം മേജർ അതിരൂപതയിലെ അജപാലന പ്രദേശങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ബഹു. വൈദികരും ബന്ധപ്പെട്ടവരും അടിയന്തിര ശ്രദ്ധ നല്കേണ്ടതാണ്. താഴെപ്പറയുന്ന കാര്യങ്ങൾ ഈ പശ്ചാത്തലത്തിലും ഇവിടെ നിന്നും അടുത്ത ഒരു അറിയിപ്പുണ്ടാകുന്നതുവരെയും മാത്രമാണ് ബാധകമായിരിക്കുക.

1. കൊറോണവൈറസ് എന്ന പകർച്ചവ്യാധിക്ക് പരിഹാരമായി ദൈവകരുണ വിളിച്ചപേക്ഷിക്കുക.
2. 51-ാംസങ്കീർത്തനം, കരുണയുടെ ജപമാല, പരി. ദൈവമാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഇവകൂടെക്കൂടെ നടത്തുവാൻ വിശ്വാസികളെ ഓർമ്മപ്പെടുത്തണം.
3. കൊറോണ വൈറസ് ഉണ്ടാക്കുന്ന പ്രതിസന്ധിയെക്കുറിച്ച് ബോധവാനാകുക, എന്നാൽ അനാവശ്യമായ ഭയം പകർത്താതിരിക്കുക.
4. സംസ്ഥാന ഗവൺമെന്റും പ്രാദേശിക ഭരണസംവിധാനങ്ങളും കൈക്കൊള്ളുന്ന രോഗപ്രതിരോധ സംവിധാനങ്ങളോടും ചികിത്സാ നടപടികളോടും പൂർണ്ണമായി സഹകരിക്കുവാൻ വിശ്വാസികളെ നിരന്തരം പ്രേരിപ്പിക്കണം.

5. മേജർ അതിരൂപതയുടെ കീഴിലുള്ള സ്ഥാപനങ്ങൾ ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. വിനോദയാത്രകൾ, യാത്രയയപ്പു സമ്മേളനങ്ങൾ, മറ്റുവാർഷിക പരിപാടികൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

6. വലിയ നോമ്പു കാലത്ത്കൺവൻഷനുകൾ/വാർഡ് കൺവൻ ഷനുകൾ ഈ വർഷം ഒഴിവാക്കുന്നത് ഉചിതമാണ്. വൈദിക ജില്ലകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിശുദ്ധകുരിശിന്റെ വഴി ഒഴിവാക്കേണ്ടതാണ്.

7. മാർച്ച് 31 വരെ സൺഡേസ്കൂളിനു അവധിയായിരിക്കുന്ന താണ്. പരീക്ഷ നടത്തേണ്ടതാണ്.

8. വി.കുർബാന മുടക്കേണ്ടതില്ല. വിശുദ്ധ കുർബാന വിശ്വാസികൾക്ക് കൊടുക്കുന്നത് സംബന്ധിച്ച് യുക്തമായതീരുമാനം ബഹു. വൈദികർക്ക് എടുക്കാവുന്നതാണ്. വിശുദ്ധ കുർബാനയോടുള്ള ഭക്തിയും ആരോഗ്യപരമായ ജാഗ്രതയും നിലനിർത്തിവേണം തീരുമാനമെടുക്കാൻ.

9. രോഗലക്ഷണങ്ങൾ ഉള്ളവർ അസുഖം മാറുന്നതുവരെ ദൈവാ ലയത്തിൽ വരാതെ ഭവനത്തിൽ പ്രാർത്ഥിച്ചാൽമതി. വിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബാന സ്വീകരണവും രോഗവിമുക്തിക്കു ശേഷം മതി.

10. അടുത്ത ഒരറിയിപ്പുവരെ പ്രാർത്ഥനായോഗങ്ങൾ ഒഴിവാക്കേ ണ്ടതാണ്.

11. സമാധാനം നൽകുമ്പോൾ കൈസ്തുതി നൽകേണ്ടതില്ല. പകരം കൈകൂപ്പി തലവണങ്ങേണ്ടതാണ്.

12. വിശുദ്ധകുർബാനയുടെ അവസാനം നടത്താറുള്ള കൈമുത്ത് നടത്തേണ്ടതില്ല.

13. ഹാശാആഴ്ചയിലെ ശുശ്രൂഷകൾക്ക് പ്രത്യേക നിർദ്ദേശമുണ്ടെ ങ്കിൽ ഏപ്രിൽ 5ന് (ഓശാന) മുൻപ് ഏവരേയും അറിയിക്കുന്നതാണ്.

14. ഇടവകകളിൽ താമസിക്കുന്ന ബഹുമാനപ്പെട്ട വൈദികർ ഇടവകകളിൽ തന്നെ ഉണ്ടായിരിക്കുന്നത് ഇടവകാംഗങ്ങൾക്ക് പ്രചോദനമാകും. അത്യാവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കുക തന്നെ വേണം.

15. വിശുദ്ധകുർബാനയുടെ മുമ്പിൽ ബഹു. വൈദികരുടെ ആത്മാർത്ഥമായ പ്രാർത്ഥന ഈ പ്രതിസന്ധിയിൽ ഏറെ പ്രയോജനപ്പെടും. അതിനായി സമയം ക്രമീകരിക്കുമല്ലോ.

16. ദൈവാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രാർത്ഥനക്ക് ഈ പശ്ചാത്തലത്തിൽ കുറവ് വരുമെങ്കിലും ഭവനങ്ങളിൽ പ്രാർത്ഥന ഏറെ ഉറപ്പാക്കുവാൻ ബഹുമാനപ്പെട്ട വൈദികർ കുടുംബങ്ങളെ ഉദ്ബോധിപ്പിക്കണം. ഭവനങ്ങളിൽ കുറഞ്ഞു പോകുന്ന പ്രാർത്ഥനാനുഭവത്തിന് ഇത് പരിഹാരമാകും. വ്യക്തിപരമായ പ്രാർത്ഥനകളേയുംകൂടുതൽ പ്രോത്സാഹിപ്പിക്കുക.

17. കൊറോണ വൈറസ് പകരുന്ന പശ്ചാത്തലത്തിൽ ലോകത്തിനു മുഴുവനു വേണ്ടിയും, പ്രത്യേകിച്ച് നമ്മുടെ മാതൃരാജ്യത്തിനു വേണ്ടിയും മാർച്ച്18-ാം തീയതി ബുധനാഴ്ച (പകുതി നോമ്പ്) നമ്മുടെ മേജർ അതിരൂപത മുഴുവൻ ഉപവസിച്ച് പ്രാർത്ഥിക്കണം.

18. Holy Week വരെയുള്ള എന്റെ എല്ലാ പൊതുപരിപാടികളും റദ്ദാക്കിയിരിക്കുന്ന വിവരം ഏവരേയും അറിയിക്കുന്നു. നമ്മുടെ ദേശവും ലോകം മുഴുവനും ഈ പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ദൈവപരിപാലനയിൽ വിശ്വാസമുള്ള നമ്മൾ, ദൈവത്തോട് ഏറെ പ്രാർത്ഥിക്കണം. അവിടുത്തേക്ക് അസാദ്ധ്യമായി ഒന്നുമില്ലല്ലോ! എന്റെ എളിയ പ്രാർത്ഥനകളിൽ ബഹു. അച്ചനേയും നമ്മുടെ ഇടവകാംഗങ്ങളേയും ഞാനോർക്കുന്നു. എനിക്കു വേണ്ടിയും ബഹു. അച്ചൻ പ്രാർത്ഥിക്കണേ.

വലിയ നോമ്പിന്റെ എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്

സ്നേഹത്തോടെ,

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്

**THE SYRO-MALANKARA CATHOLIC CHURCH**

# MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL TVM 07/2020 07- 06 – 2020

പ്രിയ ബഹു. വൈദികരെ, സമർപ്പിതരെ, വിശ്വാസികളെ!

പരിശുദ്ധാത്മാവിന്റെ കൃപാദാനങ്ങൾ നിങ്ങൾ ഏവർക്കും ഈ കാലയളവിൽ പ്രത്യേകമായി ലഭിക്കട്ടെ!

കോവിഡ് – 19ന്റെ പശ്ചാത്തലത്തിൽ കർശനമായ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ആരാധന നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതിയോടെ, കേരള സർക്കാർ ചില ഇളവുകൾ നൽകിയതിന്റെ പശ്ചാത്തലത്തിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ കേരളത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങളെ പൊതുവായി അറിയിക്കുന്നു.

- കോവിഡ് – 19 ന്റെ വ്യാപനം തടയുന്നതിന് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഏവരും കൃത്യമായ ജാഗ്രത പുലർത്തേണ്ടതാണ്.
- കൊറോണാവൈറസിനെ പ്രതിരോധിക്കുന്നതിനും സമൂഹ വ്യാപനം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി കേരള സർക്കാർ നിർദ്ദേശിച്ചിട്ടുള്ള, എല്ലാ മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും ഏവരും കൃത്യമായി പാലിക്കേണ്ടതാണ്.
- ദൈവാലയത്തിൽ ഒരേ സമയം ആരാധനയിൽ സംബന്ധിക്കുന്നതിന് ഗവൺമെന്റ് വച്ചിട്ടുള്ള സാമൂഹിക അകലം കൃത്യമായി ഏവരും പാലിക്കണം. പരമാവധി 100 പേർ എന്നത് ശാരീരിക അകല നിയമം കൃത്യമായി പാലിച്ചുവേണം ക്രമീകരിക്കുവാൻ. പരമാവധി 100 പേർ എന്നത് നിർദ്ദേശമായും (Suggestion) ആറ് feet എന്നത് നിയമമായും (Rule) പാലിക്കപ്പെടണം.

- ഓരോവി. കുർബ്ബാനയ്ക്ക് ശേഷവും ദൈവാലയങ്ങൾ വൃത്തിയാക്കേണ്ടതാണ്.
- Sanitizer, Mask എന്നത് നിർബന്ധമാണ്. രോഗബാധിതർ ദൈവാലയ ശുശ്രൂഷയിൽ നിന്ന്വിട്ട് നിൽക്കണം.
- ദൈവാലയത്തിൽ ആരാധനക്ക് വരുന്നവരുടെ പേരുവിവരം ഫോൺ നമ്പർ ഉൾപ്പെടെ ഒരു പുതിയറജിസ്റ്റർ ബുക്കിൽ ചേർത്ത് പള്ളിയിൽ സൂക്ഷിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ ആളുകളെഅതിനായി കമ്മറ്റി ചുമതലപ്പെടുത്തേണ്ടതാണ്.
- പരിചയമില്ലാത്തവരെ ഈ ഘട്ടത്തിൽ, ദൈവാലയ ശുശ്രൂഷകളിൽ സംബന്ധിപ്പിക്കരുത്. ആരാധന ഇടവകാംഗങ്ങൾക്ക് മാത്രമായി ഇപ്പോൾ നിജപ്പെടുത്തുക.
- ഈ ഘട്ടത്തിൽ വി. കുർബ്ബാന ഒരുമണിക്കൂറിൽ അവസാനിപ്പിക്കുക. 10 മിനിറ്റ് വചന പ്രഘോഷണത്തിന് എടുക്കാവുന്നതാണ്. പ്രഭാത പ്രാർത്ഥന വിശ്വാസികൾ ഭവനത്തിൽ നടത്തിയിട്ട് വരേണ്ടതാണ്.
- മതബോധന ക്ലാസുകൾ സഭാകേന്ദ്രത്തിൽ നിന്ന് അറിയിപ്പ് ഉണ്ടാകുന്നതു വരെ നിർത്തിവച്ചിരിക്കുകയാണ്. Online ക്ലാസുകൾ നടത്താവുന്നതാണ്.
- ഈ ഘട്ടത്തിലെ ഗവൺമെന്റിന്റെ നിയമപ്രകാരം, 65വയസിനു മുകളിലുള്ളവരും 10 വയസിനു താഴെയുള്ളവരും വി. കുർബ്ബാനക്ക് ദൈവാലയത്തിൽ വരരുത്. രോഗികളായവർ ദൈവാലയത്തിൽ വരരുത്. ദൈവാലയ ശുചീകരണത്തിനുള്ള ഉപകരണങ്ങൾ ആവശ്യമായതത്രയും ഇടവക ചിലവിൽ ദൈവാലയത്തിൽ വാങ്ങി സൂക്ഷിക്കേണ്ടതും ആവശ്യമുള്ളപ്പോൾ ഉപയോഗിക്കേണ്ടതുമാണ്.
- ഞായറാഴ്ചകളിലെവി. കുർബ്ബാനക്ക് വരാൻ എല്ലാവരുംകൂടി തിരക്കുകൂട്ടരുത്. മറ്റു ദിവസങ്ങളിലെ വി. കുർബാനയിൽ വിവിധ ഗ്രൂപ്പുകളായി (ഇടവക തീരുമാന പ്രകാരം) സംബന്ധിക്കേണ്ടതാണ്. ആവശ്യമെങ്കിൽ, ഇടവകയിൽ ഒന്നിൽ കൂടുതൽ വി. കുർബ്ബാന ക്രമീകരിക്കേണ്ടതാണ്.
- എല്ലാ ദിവസവുമുള്ള വി. കുർബ്ബാനകളിൽ ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പുകളായി സംബന്ധിക്കുന്നതുവഴി ഇടവക

മുഴുവൻ സജീവമാകുന്നതിനുള്ള പ്രായോഗിക അജപാലന ക്രമീകരണം നടത്തുക.

- ഗായകസംഘംഅടുത്ത ഒരറിയിപ്പ്‌വരെ ദൈവാലയത്തിൽ ആവശ്യമില്ല.
- സഭാകേന്ദ്രത്തിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നതുവരെ തിരുന്നാളാഘോഷം (Public Celebration) ഉണ്ടായിരിക്കുന്നതല്ല.
- വിവാഹത്തിനും, ശവസംസ്കാരത്തിനും അതാത് ഘട്ടത്തിൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടണം.
- ദൈവാലയത്തിലും ആരാധനയിലും ഗവൺമെന്റും സഭയും മുൻപോട്ട് വച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ദൈവാലയങ്ങളിലെ ആരാധനാ ശുശ്രൂഷകൾ താൽക്കാലികമായി മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ നിർത്തിവയ്ക്കുന്നതാണ്.
- ദൈവാലയത്തിൽ ശുശ്രൂഷ തുടങ്ങാം എന്ന അനുവാദത്തിന്റെ പേരിൽ, തിടുക്കംകൂട്ടാതെ, ഒരുക്കത്തോടെയും ഇടവകാംഗങ്ങൾക്ക് ആവശ്യമായമാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും വേണം ശുശ്രൂഷകൾ ആരംഭിക്കുവാൻ. നമ്മുടെ മേജർ അതിഭദ്രാസനത്തിൽ ജൂൺ 8, 9 തീയതികളിൽ ശുചീകരണത്തിനും ബോധവൽക്കരണത്തിനുമുള്ള ദിനങ്ങളായിമാറ്റിവയ്ക്കുന്നു. പുതിയ മാനദണ്ഡങ്ങളനുസരിച്ചുള്ള ദൈവാലയത്തിലെ വി. കുർബ്ബാന ജൂൺ 10 ന് തുടങ്ങുന്നതാണ്.
- ആരാധനയ്ക്ക് വരുന്നവർ ഈ കാലയളവിൽ ഭവനങ്ങളിൽ നിന്ന് പ്രാർത്ഥനാ പുസ്തകങ്ങൾ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്.
- എല്ലാ ആരാധനയിലും കൊറോണാ വൈറസിന്റെ വ്യാപനം ലോകത്തിൽ കുറയുന്നതിനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ദൈവാലയത്തിൽ വരുവാൻ സാധിക്കാത്ത കുട്ടികളെയും 65 വയസിനു മുകളിലുള്ള സഹോദരങ്ങളെയും പ്രത്യേകം ഓർത്ത് ദൈവാലയത്തിൽ പ്രാർത്ഥിക്കണം.

- ഞായറാഴ്ച്ച വി. കുർബ്ബാനയിൽ നിർബന്ധമായി പങ്കെടുക്കണമെന്നുള്ള സഭാനിബന്ധനയിൽ (Obligation)ഞാൻ ഇളവുനൽകുന്നു. കൊവിഡ് – 19ന്റെ പ്രത്യേക പശ്ചാത്തലത്തിൽ പകരം ആ ആഴ്ച്ചയിലെ ഏതെങ്കിലും ദിവസത്തെ വി. കുർബ്ബാനയിൽ സംബന്ധിച്ചാൽ മതിയാവുന്നതാണ്. ഇനിയൊരു അറിയിപ്പ് നൽകുന്നതുവരെയും ഈ ക്രമീകരണം പാലിച്ചാൽ മതിയാവുന്നതാണ്.
- ഒരു കാരണവശാലും നമ്മുടെ ഇടവകവഴി സമൂഹവ്യാപനം ഉണ്ടാകാതിരിക്കാൻ വേണ്ട ജാഗ്രത ഓരോ ഇടവകയും പുലർത്തേണ്ടതാണ്.
- ഇടവകാംഗങ്ങളെ മുഴുവൻ ഈ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

കോവിഡ് –19 ന്റെമഹാക്ലേശത്തിൽ നിന്ന് നമ്മെ ഏവരേയും ലോകം മുഴുവനെയും കാത്തുപരിപാലിക്കുവാൻ പരി. ദൈവമാതാവ് നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ!

സ്നേഹത്തോടെ,

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**

മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്–കാതോലിക്കോസ്&
തിരുവനന്തപുരം മേജർ ആർച്ച് ബിഷപ്പ്.

N.B: *ഈ സർക്കുലർ നമ്മടെ മേജർ അതിഭദ്രസനത്തിലെ ദൈവാലയങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും അറിയിക്കേണ്ടതാണ്.*

## മലങ്കര ബോയ്സ് ഹോം

മേജർ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കാരമൂട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മലങ്കര ബോയ്സ് ഹോം ഈ വർഷം മുതൽ പിരപ്പൻകോട് സെന്റ് ജോൺസ് മെഡിക്കൽ വില്ലേജിനോട് ചേർന്ന് പ്രവർത്തിക്കുന്നതായിരിക്കും. ഇതിനായുള്ള പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി 2020 മാർച്ച് 7-ന് നിർവ്വഹിച്ചു. ദളിത് വിഭാഗത്തിൽപ്പെട്ട 4-ാം ക്ലാസ് ജയിച്ച സമർത്ഥരായ ആൺകുട്ടികളെയും സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ ആൺകുട്ടികളെയും മലങ്കര ബോയ്സ് ഹോമിലേയ്ക്ക് അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വെരി. റവ. ഫാ. ജോസ് കിഴക്കേടത്തിനെ സമീപി ക്കാവുന്നതാണ്.

# പുതിയ പ്രിൻസിപ്പൽമാർ

## സർവോദയ വിദ്യാലയം, നാലാഞ്ചിറ

നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ സർവോദയ വിദ്യാലയത്തിന്റെ പുതിയ പ്രിൻസിപ്പലായി പ്രൊഫ. ഡോ. ജയിംസ് ടി. ജോസഫിനെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു. 2020 മെയ് 30ന് ഈ ചുമതല അദ്ദേഹം ഏറ്റെടുത്തു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ

മാർ ഗ്രിഗോറിയോസ് കോളേജിലെ പുതിയ പ്രിൻസിപ്പലായി പ്രൊഫ. ഡോ. ജോൺ പി. സി.യെ കോളേജിന്റെ രക്ഷാധികാരിയും മാനേജരുമായ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയ മിച്ചു. 2020 മെയ് 28 അദ്ദേഹം ഈ ചുമതലയേറ്റെടുത്തു. മാർ ഗ്രിഗോ റിയോസ് കോളേജിന്റെ ഡയറക്ട്ർ റവ. ഡോ. കോശി പുന്നമൂട്ടിലും സ്റ്റാഫംഗങ്ങളും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## ദൈവാലയ കൂദാശ - കൊപ്പം

കിളിമാനൂർ വൈദികജില്ലയിലെ കൊപ്പം ഇൻഫന്റ് ജീസസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്ക് വേണ്ടി പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2020 മാർച്ച് 7 വൈകുന്നേരം 4-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി നിർവ്വഹിച്ചു. ഈ ഇടവകയുടെ മുൻ വികാരിയായ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി സഹകാർമ്മികത്വം വഹിച്ചു. 2020 മാർച്ച് 8 രാവിലെ 9-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി കൂദാശ ചെയ്യപ്പെട്ട ദൈവാലയത്തിൽ വി.കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.  ഇടവക വികാരി റവ. ഫാ. ജോസഫ് മലയാറ്റിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## കൊറോണ കാലത്ത് കുടുംബങ്ങൾക്കുള്ള സഹായപദ്ധതി

കൊറോണ വ്യാപന പശ്ചാത്തലത്തിൽ ലോക് ഡൗൺ പ്രഖ്യാപിച്ചതിനാൽ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള സഹായ പദ്ധതിയ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി തുടക്കം കുറിച്ചു. മേജർ അതിഭദ്രാസനത്തിലെ 217 ഇടവകയിലെയും ഏറ്റവും അർഹരായ ഓരോ കുടുംബത്തിന് 2020 മെയ് മുതൽ 2021 ഏപ്രിൽ വരെ മാസം 1000/- രൂപ വീതം നൽകുന്ന സഹായപദ്ധതിയാണിത്. സമാനതകളില്ലാത്ത പ്രയാസത്തിന്റെ ഈ കാലഘട്ടത്തിൽ ഏറെ സാമ്പത്തിക ബാദ്ധ്യതയുള്ള ഈ സഹായ പദ്ധതിയ്ക്ക് രൂപം നൽകുകയും അനേക സൻമനസുകളുടെ സഹായത്തോടെ ഇത് നടപ്പിലാക്കുകയും ചെയ്യുന്ന അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയ്ക്ക് മേജർ അതിഭദ്രാസനം ഒന്നാകെ അഭിനന്ദനവും പ്രാർത്ഥനയും അറിയിക്കുന്നു.

## ഭക്ഷ്യസുരക്ഷയ്ക്കായി തരിശുഭൂമി കൃഷി ചെയ്യണം

മേജർ അതിഭദ്രാസനത്തിലെ എല്ലാ ഇടകവളോടും സ്ഥാപനങ്ങളോടും ചേർന്നുള്ള ഭൂമിയിൽ സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹനവും നിർദ്ദേശങ്ങളുമനുസരിച്ച് ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കൃഷി ചെയ്യുന്നതിന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി ഏവരെയും

ആഹ്വാനം ചെയ്തു. ഇതിന് മാതൃകയും നേതൃത്വവും നൽകി കൊണ്ട് മേജർ ആർച്ച ബിഷപ്പ് ഹൗസിലെ കൃഷി ഭൂമിയിൽ ഭക്ഷ്യ വസ്തുക്കളുടെയും വിളകളുടെയും നടീലിനും സംരക്ഷണത്തി നുമായി ലോക് ഡൗൺ ഘട്ടത്തിലെ എല്ലാ ദിവസവും നിശ്ചിത സമയം അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി സമയം ചിലവിടുന്നു. നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിലെ വിവിധ സ്ഥാപന ങ്ങളോട് ചേർന്ന് തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിന് നേതൃത്വം നൽകിയ ബഹു. വൈദികരെ അത്യഭിവന്ദ്യ കാതോലിക്കാ ബാവ തിരുമേനി പ്രത്യേകം അഭിനന്ദിച്ചു.

## കമ്മ്യൂണിറ്റി കിച്ചനിലേക്ക് സഹായം

തിരുവനന്തപുരം നഗരസഭ ക്രമീകരിച്ചിരിക്കുന്ന 28 കമ്മ്യൂണിറ്റി കിച്ചനിലേക്കുള്ള മേജർ അതിഭദ്രാസനത്തിന്റെ സഹായവും നഗരത്തിലെ യാചക പുനരധിവാസത്തിനായി ഒരുലക്ഷം രൂപയും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ബഹു. മേയർ ശ്രീ. ശ്രീകുമാറിന് കൈമാറി.

## വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 100-ാം ജന്മദിനത്തിൽ സഹായം നൽകി.

തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ പുനര ധിവസിപ്പിച്ചിരിക്കുന്ന തിരുവനന്തപുരം നഗരത്തിലെ 230 യാച കർക്ക് അട്ടക്കുളങ്ങര സ്കുളിലും, കുന്നത്തുകുഴിയിലും സ്നേഹ വിരുന്ന് നൽകി. എല്ലാ അന്തേവാസികൾക്കും ബഡ്ഷീറ്റുകൾ വിത രണം ചെയ്തു.

## Information

Rev. Fr. Joseph Pulimoottil is re-instated to the priestly ministry (Ref. CCEO c.398) with effect from 12th April 2020.

Rev. Fr. Mathew Karoor is ascribed to the Major Archieparchy of Trivandrum (Ref. CCEO c.359) with effect from 28th May 2020.

Chancellor

# ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ സ്ഥാപിച്ചു

പട്ടം സെന്റ് മേരീസ് പ്രസ്സിൽ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിനോടൊപ്പം ഒരു ഡിജിറ്റൽ പ്രിന്റിംഗ് സെക്ഷൻകൂടി സ്ഥാപിതമായി. ഇതിന്റെ കൂദാശ കർമ്മവും ഉദ്ഘാടനവും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി 2020 മെയ് 13 രാവിലെ 11.00ന് നിർവ്വഹിച്ചു. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഉപഭോക്താക്കൾക്ക് സേവനം നൽകുന്നതിന് സെന്റ് മേരീസ് പ്രസ്സ് സജ്ജമായതിലുള്ള സന്തോഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടന സന്ദേശത്തിൽ പ്രകടിപ്പിച്ചു. മികച്ച നിലവാരത്തിലുള്ള മൾട്ടികളർ ഡിജിറ്റൽ പ്രിന്റിംഗിനുള്ള സൗകര്യമാണ് ഇതോടെ ഉണ്ടായിരിക്കുന്നത്. ക്രമീകരണങ്ങൾക്ക് ഡയറക്ടർ റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ നേതൃത്വം നൽകി.

# വിശ്വാസപരിശീലന കാര്യാലയം

## 'ബിബ്ലീയ' ഹോം ബേയ്സ്ഡ് എം.ബി.ഒ.സി. പ്രോഗ്രാം

നമ്മുടെ ഇടവകകളിൽ എല്ലാ വർഷവും നടത്തി വരുന്ന എം.ബി.ഒ.സി. ഈ വർഷം ഓൺലൈൻ വഴിയായി എല്ലാ സണ്ടേസ്കൂൾ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് അവരവരുടെ ഭവനങ്ങളിൽ വച്ച് തന്നെ 2020 ഏപ്രിൽ 27 മുതൽ മെയ് 1 വരെ നടത്തപ്പെട്ടു. നമ്മുടെ ഇടവക ദൈവാലയങ്ങളിൽ എപ്രകാരമാണോ മുൻ വർഷങ്ങളിൽ ഇവ നടന്നിരുന്നത് അതിനു സമാനമായ സിലബസ് ആണ് ഈ വർഷവും നൽകിയിരുന്നത്. ഈ പ്രോഗ്രാമിന്റെ ലക്ഷ്യം നമ്മുടെ കുഞ്ഞുങ്ങളെ തിരുവചനത്തിലൂടെ യേശുവിനെ കൂടുതലായി അറിയുവാനും സ്നേഹിക്കുവാനും പ്രാപ്തമാക്കുക എന്നുള്ളതായിരുന്നു. ഹോം ബേയ്സ്ഡ് എം.ബി.ഒ.സി പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് നമുക്ക് പ്രചോദനം നൽകിയ സഭയുടെ തലവനും പിതാവും നമ്മുടെ മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയ്ക്കും വിശ്വാസ പരിശീലന സിനഡൽ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവിനും, സിനഡൽ കമ്മീഷന്റെ സെക്രട്ടറി റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിനും, ജില്ലാ വികാരിയച്ചന്മാർക്കും സണ്ടേസ്കൂൾ ജില്ലാ ഡയറക്ടേഴ്സിനും, മേജർ അതിഭദ്രാസനം അതിരൂപതാ

ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, ജില്ലാ സെക്രട്ടറിമാർക്കും, ബഹുമാനപ്പെട്ട സിസ്റ്റർ ആനിമേറ്റേഴ്സിനും ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും വെരി. റവ. ഫാ. വിൻസന്റ് ചരുവിള, റവ. ഫാ. ഗീവർഗ്ഗീസ് ഏഴിയത്ത്, റവ. ഫാ. എബ്രഹാം മുരുപ്പേൽ, വൈദിക വിദ്യാർത്ഥികൾ എന്നിവർക്കും ലേഔട്ട് നിർവ്വഹിച്ച ലിനു വി. ഡേവിഡിനും പ്രിയപ്പെട്ട എല്ലാ സണ്ടേസ്കൂൾ കുഞ്ഞുങ്ങൾക്കും അവർക്ക് നേതൃത്വം കൊടുത്ത പ്രിയ മാതാപിതാക്കൾക്കും മേജർ അതിഭദ്രാസന മതബോധന കാര്യാലയത്തിന്റെ പേരിൽ നന്ദിയർപ്പിക്കുന്നു.

**ഓരോ ദിവസത്തേയും പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ചിരുന്നവ ചുവടെ ചേർക്കുന്നു:**

1. ബൈബിൾ പ്രതിഷ്ഠ നടത്തുക, 2. വചന ആൽബം തയ്യാറാക്കുക, 3. ബൈബിൾ സംഭവങ്ങൾ വരയ്ക്കുക, 4. കളറിംഗ് ചെയ്യുക, 5. പാട്ട്, ആക്ഷൻസോംഗ് പഠിക്കുക, 6. നന്മപ്രവൃത്തി ചെയ്യുക, 7. കരുണക്കൊന്ത ചൊല്ലി മഹാമാരിയിൽ നിന്ന് ലോകത്തെ രക്ഷിക്കുവാൻ പ്രാർത്ഥിക്കുക, 8. കുടുംബാംഗങ്ങൾ തമ്മിൽ ചർച്ച നടത്തുക, 9. അതാത് ദിവസത്തെ റിപ്പോർട്ട് തയ്യാറാക്കുക, 10. പ്രോജക്ട് ചെയ്യുക.

## മേജർ അതിഭദ്രാസന ഫിനാൻസ് ഓഫീസിൽ നിന്നുള്ള അറിയിപ്പ്

ഇടവകകളുടെ സൗകര്യാർത്ഥം താഴെപ്പറയുന്ന തീയതികളിൽ വൈദികജില്ലാ കേന്ദ്രങ്ങളിൽ എത്തി (രാവിലെ 9.30മുതൽ ഉച്ചകഴിഞ്ഞ് 3.30വരെ) കണക്കുകൾ സ്വീകരിക്കുന്നതാണ്.

ജൂലൈ 17 വെള്ളി – അടൂർ വൈദികജില്ല (അടൂർ)
ജൂലൈ 20 തിങ്കൾ – കൊട്ടാരക്കര വൈദികജില്ല (കിഴക്കേത്തെരുവ്)
ജൂലൈ 23 വ്യാഴം – പുനലൂർ വൈദികജില്ല (പുനലൂർ)
ജൂലൈ 24 വെള്ളി – അഞ്ചൽ വൈദികജില്ല (അഞ്ചൽ)
ജൂലൈ 27 തിങ്കൾ – ആയൂർ വൈദികജില്ല (ആയൂർ)
ജൂലൈ 29 വ്യാഴം – കിളിമാനൂർ വൈദികജില്ല (പിരപ്പൻകോട്)

(തിരുവനന്തപുരം, കഴക്കൂട്ടം, നെടുമങ്ങാട് വൈദികജില്ലകൾ ബാക്കിയുള്ള ദിവസങ്ങളിൽ സൗകര്യപ്രദമായി അരമന ഓഫീസിൽ കണക്കുകൾ എത്തിക്കാവുന്നതാണ്.)

ഫാ. തോമസ് കയ്യാലയ്ക്കൽ
ഫിനാൻസ് ഓഫീസർ

# മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി

## Covid - 19 വിവിധ പ്രവർത്തനങ്ങൾ

ഡയറക്ടർ റവ.ഫാ തോമസ് മുകളുംപുറത്തിന്റെ നേതൃത്വത്തിൽ എം.എസ്സ്.എസ്സ്.എസ്സ് സ്റ്റാഫ് അംഗങ്ങൾ സാനിറ്റൈസർ ഉണ്ടാക്കി വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്തു. മാസ്ക് തയ്ച്ചു കുടുംബശ്രീയിൽ നൽകി. ലോക്ഡൗൺ സമയത്ത് കല്ലയം കോളനിയിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തു. തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രൊക്യുറേറ്റർ റവ.ഫാ. തോമസ് കയ്യാലയ്ക്കൽ, കല്ലയം വാർഡ് കൗൺസിലർ ശ്രീമതി വസന്ത, ഫാ. തോമസ് മുകളുംപുറത്ത് എന്നിവർ നേതൃത്വം നൽകി. 750/- രൂപ വില വരുന്ന 50 കിറ്റാണ് വിതരണം ചെയ്തത്.

## സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതി

സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതിയിലെ ബധിരാന്ധത ബാധിച്ച കുട്ടികളുടെ ഭവനങ്ങളിൽ കന്യാകുമാരി, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തു. 200 ഭവനങ്ങൾക്ക് 2500/- രൂപ വില വരുന്ന കിറ്റാണ് നൽകിയത്.

## Covid - 19 ബോധവൽക്കരണ ക്ലാസുകൾ

എം.എസ്സ്.എസ്സ്.എസ്സ് ലും വിവിധ സ്ഥലങ്ങളിലും Covid -19 ബോധവൽക്കരണ ക്ലാസുകൾ നടത്തി.

## DDU - GKY പദ്ധതി

ലോക് ഡൗൺ കാലഘട്ടങ്ങൾ DDU-GKY പദ്ധതിയിലെ കുട്ടികൾക്കുള്ള Online ക്ലാസുകൾ നടത്തി.

## ഇടയനാളാഗമം
### മാർച്ച് - ഏപ്രിൽ - മെയ്
### (പ്രധാന പരിപാടികൾ)

**മാർച്ച് 2020**

**മാർച്ച് 1**

ഉച്ചയ്ക്ക് 2.30 ന് മഞ്ചാടിമുക്ക് സെന്റ് ഇഗ്നാത്തിയോസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ദിവംഗതനായ മോൺ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്ക്കോപ്പായുടെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

**മാർച്ച് 2–5**

പട്ടം കാതോലിക്കേറ്റ് സെന്ററിൽ പരി. എപ്പിസ്കോപ്പൽ സുന്നഹദോസിന് അധ്യക്ഷം വഹിച്ചു.

**മാർച്ച് 6**

രാവിലെ 10.00–ന് മാർ അപ്രേം നഗറിൽ നിര്യാതനായ തേരിവിളയിൽ ശ്രീ. ജോസഫിന്റെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**മാർച്ച് 7**

രാവിലെ 6.30 ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് വന്ദ്യ എബ്രഹാം കരിമ്പിനാംമണ്ണിൽ അച്ചന്റെ റമ്പാൻ പട്ട ശുശ്രൂഷ്യ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

രാവിലെ 10.30 ന് മാവേലിക്കര അമലഗിരി ബിഷപ്പ്സ് ഹൗസിൽ 90–ാം പുനരൈക്യ വാർഷികാഘോഷ പരിപാടികളുടെ ആലോചനാ യോഗത്തിൽ അധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

വൈകുന്നേരം 4.30 ന് കൊപ്പം ഇൻഫന്റ് ജീസസ് ഇടകയ്ക്ക് വേണ്ടി പുതുതായി പണി കഴിപ്പിച്ച ദൈവാലയത്തിന്റെ കൂദാശയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**മാർച്ച് 8**

രാവിലെ 9.30 ന് കൊപ്പം ദൈവാലയത്തിൽ വി.കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

**മാർച്ച് 27**

രാവിലെ 10.00–ന് നാലാഞ്ചിറ ബഥനി മഠം പ്രൊവിൻഷ്യൽ ചാപ്പലിൽ നിര്യാതയായ സി. മക്രീന എസ്. ഐ. സി. യുടെ ശവസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

## ഏപ്രിൽ 2020

### ഏപ്രിൽ 5

രാവിലെ 8.00-ന് തിരുസന്നിധി അരമനചാപ്പലിൽ ഓശാനാ പെരുന്നാളിന്റെ ശുശ്രൂഷകൾക്കും വി. കുർബാനയ്ക്കും കാർമ്മികത്വം വഹിച്ച് വചന സന്ദേശം നൽകി.

### ഏപ്രിൽ 9

രാവിലെ 9.00-ന് പെസഹാതിരുന്നാളിന്റെ വി. കുർബാന തിരുസന്നിധി അരമനചാപ്പലിൽ അർപ്പിച്ച് വചന സന്ദേശം നൽകി.

### ഏപ്രിൽ 10

രാവിലെ 11.00-ന് തിരുസന്നിധി അരമനചാപ്പലിൽ ദുഃഖവെള്ളി ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

### ഏപ്രിൽ 11

രാത്രി 8.00-ന് തിരുസന്നിധി അരമനചാപ്പലിൽ ഉയിർപ്പ് തിരുന്നാളിന്റെ ശുശ്രൂഷകൾക്കും വി. കുർബാനയ്ക്കും കാർമ്മികത്വം വഹിച്ച് ലോകമെമ്പാടുമുള്ള മലങ്കര മക്കൾക്കായി പ്രത്യേക ആശീർവാദവും സന്ദേശവും നൽകി.

### ഏപ്രിൽ 29

രാവിലെ 10.00-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ നിർദ്ധനരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്തു.

## മെയ് 2020

### മെയ് 6

രാവിലെ 11.00–ന് തിരുവനന്തപുരം നഗരസഭയുടെയും സ്വസ്തി ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന 'ഡൗൺ ടു എർത്ത്' പരിപാടിയുടെ ഭാഗമായുള്ള മാതൃക കൃഷിത്തോട്ടം കുറവൻകോണത്ത് ഉത്ഘാടനം ചെയ്തു.

### മെയ് 7

രാവിലെ 11.00–ന് വഴുതക്കാട്, നിര്യാതനായ ശ്രീ.ജോൺ സെൽവന്റെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

### മെയ് 13

രാവിലെ 11.00 ന് പട്ടം സെന്റ് മേരീസ് പ്രസ്സിൽ പുതുതായി വാങ്ങിയ മൾട്ടികളർ ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ ആശീർവദിച്ചു.

### മെയ് 18

രാവിലെ 9.30 ന് മണ്ണന്തല സെന്റ് ജോൺപോൾ രണ്ടാമൻ മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് ഭാഗ്യസ്മരണാർഹനായ വി.ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിലെ 230 യാചകർക്ക് അട്ടക്കുളങ്ങര സ്കുളിലും, കുന്നത്തുകുഴിയിലും സ്നേഹവിരുന്ന് നൽകി. ഭക്ഷണപൊതികളും, എല്ലാവർക്കും ബഡ്ഷീറ്റുകളും വിതരണം ചെയ്തു.

### മെയ് 20

രാവിലെ 11.30 ന് നാലാഞ്ചിറ ബഥനി പ്രൊവിൻഷ്യൽ ആശ്രമത്തിൽ നിര്യാതനായ റവ.ഫാ.അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

### മെയ് 21

രാവിലെ 6.30–ന് പട്ടം അരമന ചാപ്പലിൽ സ്വർഗ്ഗാരോഹണ തിരുന്നാളിനോടനുബന്ധിച്ച് വി.കുർബാനയർപ്പിക്കുകയും, ദിവ്യ

ബലി മധ്യേ മേജർ അതിഭദ്രാസനത്തിനുവേണ്ടി റീജൻസി പരിശീലനകാലം പൂർത്തിയാക്കിയ ബ്രദർ ജോൺസൺ പുത്തൻവിള, ബ്രദർ ടോം തേക്കുംവിള എന്നിവർക്ക് വൈദീക വസ്ത്രം നൽകുകയും ചെയ്തു.

**മെയ് 22**

രാവിലെ 10.30-ന് നാലാഞ്ചിറയിൽ, നിര്യാതനായ ശ്രീ.പി.കെ. ഐസക്കിന്റെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

വൈകുന്നേരം 6.00 ന് വളഞ്ഞവട്ടത്ത്, നിര്യാതയായ പുതുക്കേരിൽ ശ്രീമതി. മറിയാമ്മ വർഗ്ഗീസിന്റെ ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

**മെയ് 23**

രാവിലെ 10.00-ന് ക്ലിഫ് ഹൗസിൽ, ആദരണീയനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് 75-ാം ജന്മദിനത്തോടനുബന്ധിച്ച് അശംസകൾ അർപ്പിച്ചു.

വൈകുന്നേരം 8.00 ന് പട്ടം തിരുസന്നിധിയിൽ റവ.സി. മനോജ്ഞ എസ്.ഐ.സി, റവ.സി.ചെറുപുഷ്പ എസ്.എം.സി, റവ.സി.ഇമേൽഡ എം.എസ്.സി, ബ്രദർ ജോൺസൺ പുത്തൻവിള എന്നിവരുടെ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

**മെയ് 27**

രാവിലെ 11.00-ന് പട്ടം തിരുസന്നിധിയിൽ "കോവിഡ്- 19 സ്നേഹപൂർവ്വം" എന്ന പദ്ധതിയുടെ ഭാരവാഹികളുമായി ചർച്ച നടത്തി.

**മെയ് 28**

രാവിലെ 11.00-ന് നാലാഞ്ചിറ, മാർ ഗ്രിഗോറിയോസ് ലോ കോളേജിൽ പുതിയ പ്രിൻസിപ്പാളായി നിയമിതനായ ഡോ. ജോൺ പി.സി.യെ അനുമോദിച്ചു.

വൈകുന്നേരം 6.00-ന് കവടിയാറിൽ മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ വസതിയിലെത്തി മകൻ അനൂപിന് വിവാഹാശംസകൾ നേർന്നു.

**മെയ് 30**

രാവിലെ 11.00-ന് നാലാഞ്ചിറ, സർവ്വോദയ വിദ്യാലയത്തിൽ പുതിയ പ്രിൻസിപ്പാളായി നിയമിതനായ ഡോ.ജെയിംസ് റ്റി.ജോസഫിനെ അനുമോദിച്ചു.

തുടർന്ന് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് പാറശ്ശാല അരമനയിൽ എത്തി ആശംസകൾ അർപ്പിക്കുകയും സ്നേഹ വിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് കാട്ടക്കടയിൽ വന്ദ്യ ഫിലിപ്പ് ഉഴന്നെല്ലൂർ കോറെപ്പിസ്ക്കോപ്പായെ സന്ദർശിച്ചു.

**മെയ് 31**

രാവിലെ 9.00-ന് പട്ടം കത്തീഡ്രലിൽ പെന്തിക്കോസ്തി തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

ഉച്ചക്കഴിഞ്ഞ് 3.30ന് ന്യൂസ് 24 ലൈവ് ചാനലിൽ കൊറോണ വ്യാപന പശ്ചാത്തലത്തിൽ ആരാധനാലയങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തു.

വൈകുന്നേരം 7.00ന് ചാക്കയിൽ ആദരണീയനായ തിരുവനന്തപുരം മേയർ ശ്രീകുമാറിന്റെ വസതിയിൽ എത്തി മകൻ സമറിന് വിവാഹാശംസകൾ നേർന്നു.

# ആദരാഞ്ജലികൾ

## സി. മക്രീന SIC



മിശിഹാനുകരണ സന്യാസിനി സമൂഹം തിരുവനന്തപുരം പ്രോവിൻസ് അംഗവും ഭാഗ്യസ്മരണാർഹനായ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർഗ്രീഗോറിയോസ് തിരുമേനിയുടെ സഹോദരിയുമായ സിസ്റ്റർ മക്രീന (84) 2020 മാർച്ച് 27-ന് നിര്യാതയായി. ശവസംസ്കാരം മാർച്ച് 28-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ കാർമ്മികത്വത്തിൽ നാലാഞ്ചിറ മഠത്തിൽ നടന്നു. നാലാഞ്ചിറ, പുനലൂർ, കുളപ്പട തുടങ്ങിയ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. റവ. ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ സഹോദരനാണ്.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

---

## ശ്രീ. സി. റ്റി. യോഹന്നാൻ ചരിവുകാലായിൽ (86)



മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന റവ. ഫാ. മാത്യു ചരിവുകാലായിലിന്റെ വത്സല പിതാവ് ശ്രീ. സി. റ്റി. യോഹന്നാൻ 2020 മാർച്ച് 16-ന് നിര്യാതനായി. അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ശവസംസ്കാരം മാർച്ച് 17-ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ളാക്കൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## റവ. ഫാ. അഗസ്റ്റിൻ കൈലാത്ത് OIC



മിശിഹാനുകരണ സന്യാസ സമൂഹം തിരുവനന്തപുരം നവജീവൻ പ്രോവിൻസ് അംഗമായ റവ. ഫാ. അഗസ്റ്റിൻ കൈലാത്ത് (89) 2020 മെയ് 18-ന് നിര്യാതയായി. ചെങ്ങന്നൂർ കൈലാത്ത് കുടുംബാംഗമാണ്. ബഥനി ആശ്രമത്തിന്റെ ജനറൽ കൗൺസിലർ, പ്രൊവിൻഷ്യൽ കൗൺസിലർ എന്നീ ശുശ്രൂഷകളും നാലാഞ്ചിറ, പരുത്തിക്കുഴി, കുളപ്പട, കലയപുരം, കുമ്പഴ, വെട്ടിയ, കറ്റാനം, കുണ്ടറ എന്നീ ഇടവകളിൽ വികാരിയായും പൂന ബഥനി ആശ്രമ സുപ്പീരിയർ ആയും റെക്ടറായും സേവനം അനുഷ്ടിച്ചിട്ടുണ്ട്. ശവസംസ്കാരം മെയ് 20-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ കാർമ്മികത്വത്തിൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ നടന്നു. തട്ടത്തുമല താബോർ ആരാധന സന്യാസ സമൂഹത്തിലെ മദർ മേരി വെറോണിക്ക സഹോദരിയാണ്.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാജ്ഞലികൾ!**

## ജന്മദിനാശംസകൾ

### ജൂൺ 2020

08 – റവ. ഫാ. അനുജോസ് കുന്നിൽ

15 – റവ. ഫാ. ജെയ്സൺ താഴതിൽ

19 – റവ. ഫാ. ആന്റണി വയലിക്കരോട്ട്

22 – റവ. ഫാ. ജോസ് വാലുപറമ്പിൽ

22 – റൈറ്റ്. റവ. മോൺ. ജോൺസൺ കൈമലയിൽ കോർ എപ്പിസ്കോപ്പാ

25 – റവ. ഫാ. മാത്യു ചാർത്താക്കുഴി

25 – റവ. ഫാ. ജോർജ്ജ് താന്നിമൂട്ടിൽ

27 – റൈറ്റ്. റവ. തോമസ് കുമ്പുക്കാട്ട് കോർ എപ്പിസ്കോപ്പാ

29 – വെരി. റവ. ഫാ. ജോസ് കിഴക്കേടത്ത്

## പ്രാർത്ഥനയിൽ ഓർക്കാം

### ജൂൺ 2020

01 – റവ. ഫാ. ലൂക്കോസ് മണ്ണിക്കരോട്ട്

02 – റവ. ഫാ. ജേക്കബ് കിളന്നമണ്ണിൽ

02 – റവ. ഫാ. ഫിലിപ്പോസ് മേടയിൽ

06 – റവ. ഫാ. തോമസ് അയിരുക്കുഴി

06 – റവ. ഫാ. ജേക്കബ് ഞായല്ലൂർ

25 – റവ. ഫാ. ജോഷ്വാ പീടികയിൽ കോർ എപ്പിസ്കോപ്പാ

26 – റവ. ഫാ. ജേക്കബ് മുളപ്പംപള്ളിൽ

# സ്മരണീയ ദിനങ്ങൾ

## ജൂൺ 2020

| | | |
|---|---|---|
| 1 | തിങ്കൾ | വി. ജസ്റ്റിൻ |
| 3 | ബുധൻ | മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി. കുർബാന അർപ്പിച്ചതിന്റെ ഓർമ്മ. |
| 4 | വ്യാഴം | **അഭിവന്ദ്യ ഗിവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ഓർമ്മ (2019)** |
| 5 | വെള്ളി | സ്വർണ്ണവെള്ളിയാഴ്ച<br>വി. ബോനിഫസ് |
| 7 | **ഞായർ** | **പെന്തിക്കൊസ്തിക്കുശേഷം ഒന്നാം ഞായർ** |
| 8 | തിങ്കൾ | വി. മറിയം ത്രേസ്യാ |
| 11 | വ്യാഴം | മാർ ബർത്തുൽമായി ശ്ലീഹായും, മാർ ബർണബാസും<br>**അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ നാമഹേതുകത്തിരുന്നാൾ**<br>**മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം (1932)**<br>**തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും (1932), തിരുവല്ല ഭദ്രാസനത്തിന്റെയും സ്ഥാപനം (1932)** |
| 13 | ശനി | പാദുവായിലെ വി. അന്തോണിയോസ് |
| 14 | **ഞായർ** | **പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായർ**<br>ഏലീശാ നിബിയ |
| 15 | തിങ്കൾ | **വി. ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം സ്ഥാപിച്ചതിന്റെ ഓർമ്മ** |
| 16 | ചൊവ്വ | **ശ്ലീഹാ നോമ്പാരംഭം** |
| 18 | വ്യാഴം | **മാർ അപ്രേം മല്പാൻ** |
| 19 | വെള്ളി | **മാർ യൂദാ തദ്ദായി ശ്ലീഹാ**<br>തിരുഹൃദയത്തിരുന്നാൾ (ലത്തീൻക്രമം) |
| 21 | **ഞായർ** | **പെന്തിക്കൊസ്തിക്കുശേഷം മൂന്നാം ഞായർ**<br>വി. അലോഷ്യസ് ഗോൺസാഗ |

| | | |
|---|---|---|
| 24 | ബുധൻ | **യോഹന്നാൻ മാംദാനായുടെ ജനനം.** |
| | | **ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ** |
| 27 | ശനി | **അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ്** |
| | | **തിരുമേനിയുടെ ഓർമ്മ (1956)** |
| 28 | **ഞായർ** | **പെന്തിക്കൊസ്തിക്കുശേഷം നാലാം ഞായർ** |
| | | മാർ ഐറേനിയോസ് |
| | | **അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ്** |
| | | **തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |
| **29** | **തിങ്കൾ** | **മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ** |
| | | **ശ്ലീഹാ നോമ്പുവീടൽ** |
| | | **വികാരിക്കുർബാന** |
| | | **സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപന ദിനം (1989)** |
| | | **അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും** |
| | | **(1998) ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും** |
| | | **മെത്രാഭിഷേക വാർഷികം (1998)** |
| | | **അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ** |
| | | **നാമഹേതുക തിരുന്നാൾ** |
| 30 | ചൊവ്വ | **പന്ത്രണ്ടു ശ്ലീഹൻമാർ** |



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത
ഇൻഫന്റ് ജീസസ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കൊപ്പം
(7 – 03 – 2020)



മലങ്കര സോഷ്യ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കല്ലയം കോളനിയിലും
ബധിരാന്ധത ബാധിച്ച കുട്ടികളുടെ ഭവനങ്ങൾക്കും ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നു.
(30 – 04 – 2020, കല്ലയം, 04 – 05 – 2020)



**പൗരോഹിത്യത്തിന്റെ 35–ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന അത്യഭിവന്ദ്യ ബാവാതിരുമേനിക്ക് മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ!** (11–06–2020)


Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116